29
ജൂലൈ 2024
തിങ്കൾ
1446 മുഹറം 23
1199 കർക്കിടകം 14

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

പേജ് 10
അബുദാബി

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

ഷൂട്ടിങിൽ വീണ്ടും പ്രതീക്ഷ
08





# മനം നിറച്ച് മനു; ഇന്ത്യ തുടങ്ങി

## മനു ഭാകറിന്റെ വെങ്കല നേട്ടത്തോടെ പാരീസിൽ ഇന്ത്യ മെഡൽ കുതിപ്പ് തുടങ്ങി

പാരീസ് ഒളിംപിക്സിൽ വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ വെങ്കലം നേടിയ ഇന്ത്യയുട മനു ഭാകർ മെഡലുമായി

പാരീസിൽനിന്ന്
**കമാൽ വരദൂർ**

മൂന്ന് വർഷം മുമ്പ് ടോക്കിയോ ഒളിംപിക്സിൽ ഇന്ത്യ മെഡൽ പട്ടികയിൽ സ്ഥാനം നേടിയത് രണ്ടാം ദിവസമായിരുന്നു. പാരീസിലും രണ്ടാം നാളിൽ തന്നെ ഇന്ത്യ ഓസ്ട്രേലിയയും ചൈനയും കുതിക്കുന്ന മെഡൽ യാത്രയിൽ ഒപ്പം ചേർന്നു. ടോക്കിയോവിൽ മീരാഭായി ചാനു ഭാരോദ്വഹന റിംഗിൽ നിന്നായിരുന്നു വെള്ളിയുമായി വന്നതെങ്കിൽ പാരീസിൽ ഷൂട്ടിംഗ് റേഞ്ചിൽ നിന്നും മനു ഭാകറുടെ വെങ്കലമായിരുന്നു ഇന്ത്യൻ നേട്ടം. ടോക്കിയോവിൽ മൽസരിച്ചിട്ടും മെഡൽ ലഭിക്കാതിരുന്ന 22കാരി ഇന്നലെ ആ നിരാശയെല്ലാം അകറ്റി വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിലാണ് 221.7 എന്ന സ്കോറിൽ മൂന്നാം സ്ഥാനം നേടിയത്. ദക്ഷിണ കൊറിയൻ ഷൂട്ടർമാർ ആധിപത്യം സ്ഥാപിച്ച ഫൈനലിൽ ജിൻ യേ ഓ ഗെയിംസ് റെക്കോർഡുമായി സ്വർണം സ്വന്തമാക്കി. 243.2 ആയിരുന്നു കൊറിയക്കാരിയുടെ സ്കോർ എങ്കിൽ നാട്ടുകാരി കിം യെജി 241.3 സ്കോറിൽ വെള്ളി നേടി. ഒളിംപിക്സ് മൽസരങ്ങളുടെ ആദ്യനാളിൽ നടന്ന യോഗ്യതാ മൽസരങ്ങളിൽ തന്നെ മികച്ച പ്രകടനം നടത്തിയ ഹരിയാനയിലെ താജർ സ്വദേശിനി ഫൈനലിൽ തുടക്കം മുതൽ തന്നെ അച്ചടക്കമുള്ള പ്രകടനമാണ് നടത്തിയത്. ഒരു വേള മനു വെള്ളി സ്വന്തമാക്കുമെന്നും തോന്നി.

## ശിഹാബ് തങ്ങൾ അനുസ്മരണം; അസ്ഹറുദ്ദീൻ പങ്കെടുക്കും



മലപ്പുറം: പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വേർപാടിന് പതിനഞ്ച് വർഷം പൂർത്തിയാകുന്ന ആഗസ്ത് ഒന്നിന് സംസ്ഥാന മുസ്‌ലിംലീഗ് കമ്മിറ്റി മലപ്പുറത്ത് സംഘടിപ്പിക്കുന്ന ശിഹാബ് തങ്ങൾ അനുസ്മരണ സമ്മേളനത്തിലും ശിഹാബ് തങ്ങൾ പഠന ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 'ശിഹാബ് തങ്ങളുടെ ദർശനം' ദേശീയ സെമിനാറിലും മുഖ്യാതിഥിയായി ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റനും മുൻ പാർലമെന്റ് അംഗവുമായ മുഹമ്മദ് അസ്ഹറുദ്ദീൻ പങ്കെടുക്കും. രമേശ്ചെന്നിത്തല, പ്രമുഖ മാധ്യമപ്രവർത്തകൻ ഗൗരിദാസൻ നായർ അതിഥികളാകും.

## അർജുന് വേണ്ടിയുള്ള തിരച്ചിലിൽ

# അനിശ്ചിതത്വം



- പതിമൂന്നാം ദിനവും നിരാശ; മാൽപെ സംഘം പിൻവാങ്ങി
- തൃശൂരിൽ നിന്ന് ആഗ്രോ ഡ്രഡ്ജിങ് യന്ത്രം എത്തിക്കാൻ ശ്രമം

ബെംഗളൂരു/അങ്കോല: ഷിരൂരിലെ മണ്ണിടിച്ചിൽ ദുരന്തത്തിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തിരച്ചിൽ തുടരുന്നതിൽ അനിശ്ചിതത്വം. പതിമൂന്നാം ദിനവും തിരച്ചിൽ നിരാശയിൽ കലാശിച്ചതോടെ ദൗത്യം തൽക്കാലത്തേക്ക് നിർത്തി. അതേസമയം തൃശൂരിൽ നിന്ന് ആഗ്രോ ഡ്രഡ്ജിങ് മെഷീൻ എത്തിച്ച് തിരച്ചിൽ തുടരാനാകുമോ എന്ന പരിശോധനയിലാണ് കർണാടക. ഇതിനായി ജില്ലാ ഭരണകൂടം തൃശൂരിലെ കാർഷിക സർവ്വകലാശാലാ അധികൃതരുമായി ബന്ധപ്പെട്ടു.

ഗംഗാവലി നദിയിൽ നടന്ന തിരച്ചിൽ ഇന്നലെ ഉച്ചയോടെ തൽക്കാലത്തേക്ക് അവസാനിപ്പിച്ചിരുന്നു. കാര്യമായ പുരോഗതി ഇല്ലാത്തതും നദിയിലെ കുത്തൊഴുക്ക് കാരണം രക്ഷാ പ്രവർത്തനം ദുഷ്കരമായതും കണക്കിലെടുത്തായിരുന്നു പിന്മാറ്റം. ഈശ്വർ മാൽപ്പെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നലെയും നദിയിൽ ഇറങ്ങി പരിശോധന നടത്തിയെങ്കിലും ഫലം ഉണ്ടായില്ല. ചെളിയും കല്ലും നിറഞ്ഞതിനാൽ നദിയുടെ അടിത്തട്ടിൽ പരിശോധന തുടരാൻ കഴിയാത്ത സാഹചര്യമാണെന്ന് അറിയിച്ച സംഘം ഉച്ചയോടെ പിൻവാങ്ങി. ബോട്ടുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ കരയിലെത്തിച്ചു. ഇതിനു പിന്നാലെ തിരച്ചിൽ തൽക്കാലത്തേക്ക് നിർത്തിയതായി കാർവാർ എം.എൽ.എ സതീഷ് കൃഷ്ണ സെയിൽ വ്യക്തമാക്കിയത് അർജുന് വേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുന്നവരിൽ നിരാശ പടർത്തി.

ഇതിനിടെ സാധ്യമായ എല്ലാ സാങ്കേതിക സംവിധാനങ്ങളും ഉപയോഗിച്ച് തിരച്ചിൽ തുടരണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കർണാടക മുഖ്യമന്ത്രി സിദ്ധാരാമയ്യക്ക് കത്തയച്ചു. പിന്നീട് വൈകീട്ടോടെയാണ് കേരള മുഖ്യമന്ത്രിയുമായി കർണാടക മുഖ്യമന്ത്രി ഫോണിൽ ബന്ധപ്പെട്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രഡ്ജിങ് ഉപകരണങ്ങൾ എത്തിച്ച് തിരച്ചിൽ തുടരാനാകുമോ എന്ന് പരിശോധിക്കുമെന്നും വ്യക്തമാക്കിയത്.

ഹിറ്റാച്ചി ബോട്ടിൽ ബന്ധിച്ചതാണ് ആഗ്രോ ഡ്രഡ്ജ് ക്രാഫ്റ്റ് മെഷീൻ. കോൾപാടങ്ങളിൽ ചണ്ടിയും ചെളിയും നീക്കുന്നതിനായി ഉപയോഗിക്കുന്ന മെഷീൻ നിലവിൽ മണ്ണുത്തി കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലാണ്. 24 മണിക്കൂറിനകം ഡ്രഡ്ജിങ് മെഷീൻ എത്തിക്കാൻ കേരളം സന്നദ്ധത അറിയിച്ചെങ്കിലും പരിശോധിച്ച ശേഷം മതിയെന്ന് കർണാടക അറിയിക്കുകയായിരുന്നു. നദിയിലെ കുത്തൊഴുക്കാണ് വെല്ലുവിളി. കുത്തൊഴുക്കുള്ള നദിയിൽ ബാർജ് ഉറപ്പിച്ചു നിർത്താനാവുമോ എന്ന് ആദ്യം പരിശോധിക്കണം. ഇതിനായി മെഷീൻ ഓപ്പറേറ്റർമാർ ആദ്യം ഷിരൂരിലെത്തും. 18 മുതൽ 24 അടിവരെ താഴ്ചയുള്ള സ്ഥലങ്ങളിൽ ആങ്കർ ചെയ്യാൻ പറ്റുമെന്നതാണ് ഉപകരണത്തിന്റെ പ്രത്യേക.

## ഗൾഫ് ചന്ദ്രിക ഓൺലൈൻ ഡയരക്ടർ ബോർഡ് അംഗങ്ങളെ പ്രഖ്യാപിച്ചു

അബുദാബി: അബുദാബിയിൽ നിന്ന് പ്രവർത്തനം ആരംഭിച്ച ഗൾഫ് ചന്ദ്രികയുടെ (യുഎഇ) ഡയരക്ടർ ബോർഡ് ചെയർമാനായി പുത്തൂർ റഹ്മാനെയും ജനറൽ കൺവീനറായി ഷുക്കൂറലി കല്ലുങ്ങലിനെയും അഡ്വൈസറി ബോർഡ് ചെയർമാനായി ശംസുദ്ദീൻ ബിൻ മുഹ്‌യദ്ദീനെയും മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചു. പി.കെ അബ്ദുല്ല ഹാജി, അബ്ദുല്ല ഫാറൂഖി, പൊയിൽ അബ്ദുല്ല, സി. കെ മജീദ്, ഡോ.ഹുസൈൻ, എം. പി.എം റഷീദ്, റിയാസ് ചേലേരി, മുഹമ്മദ് തട്ടാന്റെവിട അബ്ദുല്ല, യഹ്‌യ തളങ്കര അഡ്വൈസറി ബോർഡ് അംഗങ്ങളാണ്. ഡയരക്ടർ ബോർഡിലെ മറ്റു അംഗങ്ങൾ: അൻവർ നഹ (വൈസ് ചെയർമാൻ), നിസാർ തളങ്കര (കൺവീനർ,) ഡോ.അൻവർ അമീൻ (ദുബൈ), ഹാഷിം നൂഞ്ഞേരി (ഷാർജ), മുബാറക് കോക്കൂർ (ഫുജൈറ), അബൂബക്കർ ഹാജി(ഉമ്മുൽ ഖുവൈൻ), ഫൈസൽ കരിം (അജ്മാൻ), റസാഖ് ചെനക്കൽ (റാസൽ ഖൈമ), ശിഹാബ് തങ്ങൾ (അൽഐൻ), സി.എച്ച്. യൂസുഫ്(അബുദാബി).

ഗൾഫ് ചന്ദ്രികയ്ക്ക് കുറഞ്ഞ ദിവസങ്ങൾക്കകം നിരവധി വായനക്കാരെയും പ്രേക്ഷകരെയും ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ഗൾഫ് വാർത്തകൾക്കൊപ്പം മറ്റു വിശേഷങ്ങൾക്കും പ്രാമുഖ്യം നൽകിക്കൊണ്ടാണ് ഡിജിറ്റൽ ഗൾഫ് ചന്ദ്രിക പ്രയാണം തുടരുന്നത്. ഇ-പത്രം അടക്കം എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും വാർത്തകളും പ്രത്യേക ബുള്ളറ്റിനുകളും ഇപ്പോൾ ലഭ്യമാണ്.



കഴിഞ്ഞ ദിവസം ബ്രസീലിലെ ഫോർട്ടലേസയിൽ സമാപിച്ച ജി20 ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രിതല യോഗത്തിൽ പങ്കെടുത്ത് യുഎഇ ഹ്യൂമൻ റിസോഴ്സസ് ആന്റ് എമിറേറ്റൈസേഷൻ മന്ത്രാലയത്തിലെ കമ്മ്യൂണിക്കേഷൻക്&ഇന്റർനാഷണൽ റിലേഷൻസ് അസി.അണ്ടർ സെക്രട്ടറി ഷൈമ അൽ അവദി സംസാരിക്കുന്നു. അന്താരാഷ്ട്ര തൊഴിൽ വിപണി പ്രവണതകളെ കുറിച്ച് ചർച്ച ചെയ്യാനായിരുന്നു യോഗം

## 49 തദ്ദേശ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്

തിരുവനന്തപുരം: സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിൽ നാളെ ഉപതിരഞ്ഞെടുപ്പ്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് പോളിങ്. ഇപ്രാവശ്യം വോട്ടു ചെയ്യുന്നവരുടെ ഇടതു കൈയ്യിലെ ചൂണ്ടുവിരലിന് പകരം നടുവിരലിലാണ് മായാത്ത മഷി പുരട്ടുക. ഏപ്രിലിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തിട്ടുള്ള വോട്ടർമാരുടെ ചൂണ്ടുവിരലിൽ പുരട്ടിയ മഷിയടയാളം പൂർണമായും മാഞ്ഞ് പോയിട്ടില്ലാത്തതു കൊണ്ടാണീ മാറ്റം. വയനാട് ഒഴികെയുള്ള 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. ആകെ 169 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. അതിൽ 76 പേർ സ്ത്രീകളാണ്. വോട്ടെടുപ്പിന് 211 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. പ്രശ്നബാധിത ബൂത്തുകളിൽ പ്രത്യേക പൊലീസ് സുരക്ഷ ഏർപ്പെടുത്തും. വോട്ടെണ്ണൽ 31 ന് രാവിലെ 10ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും.

## മാധ്യമങ്ങളെ കാണുന്നതിനിടെ മൂക്കിൽനിന്ന് രക്തം; കുമാരസ്വാമി ആശുപത്രിയിൽ

ബെംഗളൂരു: ജെ.ഡി.എസ് നേതാവും കേന്ദ്ര മന്ത്രിയുമായ എച്ച്.ഡി കുമാരസ്വാമിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബി. ജെ.പി – ജെ.ഡി.എസ് സംയുക്ത പദയാത്രയെക്കുറിച്ച് സംസാരിക്കാൻ ബെംഗളൂരു ഗോൾഡ് ഫിഞ്ച് ഹോട്ടലിനു മുന്നിൽ മാധ്യമങ്ങളെ കാണുന്നതിനിടെ മൂക്കിൽ നിന്ന് രക്തം വന്നതിനെതുടർന്ന് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

## തിരുവനന്തപുരത്ത് യുവതിക്കുനേരെ എയർഗൺ ആക്രമണം

- ആക്രമിച്ചത് മുഖംമൂടി ധരിച്ചെത്തിയ സ്ത്രീ
- എത്തിയത് വ്യാജ നമ്പർ പതിച്ച കാറിൽ
- സി.സി ടി.വി ദൃശ്യങ്ങൾ പൊലീസിന് ലഭിച്ചു

തിരുവനന്തപുരം: വഞ്ചിയൂരിൽ എയർഗൺ ഉപയോഗിച്ചുള്ള ആക്രമണത്തിൽ യുവതിക്ക് പരിക്ക്. തിരുവനന്തപുരം വഞ്ചിയൂർ ചെമ്പകശേരി സ്വദേശി ഷിനിക്കാണ് പരിക്കേറ്റത്. അക്രമി മുഖംമൂടി ധരിച്ചിരുന്നതിനാൽ തിരിച്ചറിഞ്ഞില്ലെന്നും സ്ത്രീയാണെന്ന് വ്യക്തമായെന്നും ഷിനി പൊലീസിനോട് പറഞ്ഞു.

എൻ.ആർ.എച്ച്.എം ജീവനക്കാരിയാണ് ഷിനി. വലുതു കൈക്ക് പരിക്കേറ്റ ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വഞ്ചിയൂർ പോസ്റ്റ് ഓഫീസിന് മുന്നിലെ ഷിനിയുടെ വീട്ടിലാണ് ആക്രമണം ഉണ്ടായത്. ആമസോണിൽ നിന്നുള്ള കൊറിയർ നൽകാനെന്ന പേരിലാണ് മുഖംമൂടി ധരിച്ച് അക്രമി എത്തിയത്. ഷിനിയുടെ പിതാവ് പാഴ്സൽ വാങ്ങാൻ ശ്രമിച്ചെങ്കിലും നൽകിയില്ല. ഷിനി ഇറങ്ങി വന്നപ്പോൾ കൈയ്യിൽ കരുതിയ തോക്ക് ഉപയോഗിച്ച് വെടിയുതിർക്കുകയായിരുന്നു. തൊട്ടു പിന്നാലെ പ്രതി രക്ഷപ്പെട്ടു. ഇന്നലെ രാവിലെ എട്ടരയോടെയാണ് സംഭവം. കോളിംഗ് ബെല്ലു കേട്ട് ഷിനിയുടെ ഭർത്താവിന്റെ അച്ഛനാണ് വാതിൽ തുറന്ന് പുറത്തെത്തിയത്. രജിസ്ട്രേഡ് കൊറിയർ ഉണ്ടെന്നും ഷിനി തന്നെ ഒപ്പിട്ട് വാങ്ങണമെന്നും ആവശ്യപ്പെട്ടു. പേനയെടുക്കാൻ അച്ഛൻ വീട്ടിനകത്ത് കയറിയതിനിടെ പുറത്തേക്ക് വന്ന ഷിനിയുടെ പേര് ചോദിച്ച് ഉറപ്പാക്കിയാണ് വെടിയുതിർത്തത്. അക്രമിക്കായി പൊലീസ് അന്വേഷണം ഊർജിതമാക്കി. അക്രമി സഞ്ചരിച്ച കാറിന്റെ സി.സി ടി.വി ദൃശ്യങ്ങൾ പൊ ലീസ് ശേഖരിച്ചിട്ടുണ്ട്. വ്യാജ നമ്പർ പതിച്ച സിൽവർ നിറ ത്തിലുള്ള സെലേറിയോ കാ റിലാണ് അക്രമി എത്തിയത്.

## നിപയിൽ ആശ്വാസം രോഗപ്പകർച്ചയുടെ സൂചനകളില്ല

### നിപ നിയന്ത്രണങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇളവ്

മലപ്പുറം: നാളിതുവരെ നിപ രോഗപ്പകർച്ചയുടെ സൂചനകളില്ലെങ്കിലും ജാഗ്രത കൈവെടിയരുതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇപ്പോൾ ചെറിയ ലക്ഷണങ്ങളുമായി ആശുപത്രിയിൽ ചികിത്സയിലുള്ളത് സമ്പർക്കപ്പട്ടികയിലുള്ള ഒരാൾ മാത്രമാണ്. ഐസിയുവിൽ ആരും തന്നെ ചികിത്സയിലില്ല. 472 പേരാണ് നിലവിൽ സമ്പർക്ക പട്ടികയിലുള്ളത്. ഇതുവരെ ആകെ 856 പേർക്ക് മാനസിക ആരോഗ്യ സേവനങ്ങൾ നൽകി. മലപ്പുറം കലക്ടറേറ്റിൽ വൈകുന്നേരം ചേർന്ന നിപ അവലോകന യോഗത്തിൽ മന്ത്രി വീണാ ജോർജ് ഓൺലൈനായി പങ്കെടുത്തു. നിപ നിയന്ത്രണങ്ങളിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇളവ് വരുത്താൻ മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചു. ജില്ലാ ഭരണകൂടം ഇത് സംബന്ധിച്ച് ഉത്തരവ് പുറത്തിറക്കും. ഐസൊലേഷനിലുള്ളവർ കൃത്യമായി ക്വാറന്റൈൻ മാർഗനിർദേശങ്ങൾ പാലിക്കണം. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരും. മാസ്ക്, സാമൂഹിക അകലം എന്നിവ തുടരണം.


## ഉറവിട നശീകരണത്തിന് ജീവനക്കാരെ നിയമിക്കുന്നു

മലപ്പുറം: ജില്ലയിൽ പ്രാണിജന്യരോഗ നിയന്ത്രണത്തിന്റെ ഭാഗമായി ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലയിലെ വിവിധ പ്രദേശങ്ങളിലേക്ക് ജീവനക്കാരെ നിയമിക്കുന്നു. മൂന്ന് മാസത്തേക്ക് മാത്രമായി ദിവസവേതനാടിസ്ഥാനത്തിലാണ് നിയമനം. എട്ടാം ക്ലാസ് ആണ് യോഗ്യത. പ്രായം 40 കവിയരുത്. ഉറവിട നശീകരണ പ്രവർത്തനങ്ങളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകും. താൽപര്യമുള്ളവർക്കായി ആഗസ്റ്റ് ഒന്നിന് രാവിലെ 10 മണിക്ക് മലപ്പുറം സിവിൽ സ്റ്റേഷനിൽ ഉള്ള ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) കൂടിക്കാഴ്ച നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0483 2736241.

## ഡൽഹിയിലെ കോച്ചിങ് സെന്റർ ദുരന്തം

# മരിച്ചവരിൽ മലയാളി വിദ്യാർത്ഥിയും

- രണ്ടുപേർ അറസ്റ്റിൽ
- പ്രതിഷേധവുമായി സഹപാഠികൾ



നവീൻ ഡെൽവിൻ    ശ്രേയ യാദവ്    താനിയ സോണി

ന്യൂഡൽഹി: ഡൽഹിയിൽ സിവിൽ സർവീസ് കോച്ചിങ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റിൽ വെള്ളക്കെട്ടിൽ കുടുങ്ങി മരിച്ച മൂന്ന് വിദ്യാർത്ഥികളിൽ എറണാകുളം സ്വദേശിയും. എറണാകുളം സ്വദേശി നവീൻ ഡെൽവിൻ(28) ആണ് മരിച്ചത്. തെലങ്കാനാ സ്വദേശി താനിയ സോണി(25), ഉത്തർപ്രദേശ് സ്വദേശി ശ്രേയ യാദവ്(25) എന്നിവരാണ് മരിച്ച രണ്ടുപേർ. തിരുവനന്തപുരം സ്വദേശികളായ റിട്ട.ഡിവൈഎസ്പി ഡാൽവിൻ സുരേഷിന്റെയും കാലടി സംസ്കൃത സർവകലാശാല അധ്യാപിക ഡോ.ടി. എസ് ലാൻസ് ലറ്റിന്റെയും രണ്ടു മക്കളിൽ മൂത്തയാളാണ് നെവീൻ ഡാൽവിൻ.

അതേസമയം മൂവരുടേയും മരണത്തിനിടയാക്കിയ ദുരന്തത്തിൽ കലാശിച്ചത് മുനിസിപ്പൽ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര അനാസ്ഥയാണെന്നാരോപിച്ച് സഹപാഠികൾ പ്രതിഷേധവുമായി രംഗത്തെത്തി. മുനിസിപ്പൽ ഓഫീസിലേക്ക് മാർച്ച് നടത്താനുള്ള ശ്രമം തടഞ്ഞ പൊലീസ് വിദ്യാർത്ഥികളെ കസ്റ്റഡിയിൽ എടുത്തു. ശനിയാഴ്ച രാത്രിയാണ് ഓൾഡ് രജീന്ദർ നഗറിൽ പ്രവർത്തിക്കുന്ന റാവുസ് ഐ.എ.എസ് സ്റ്റഡി സർക്കിളിന്റെ ബഹുനില കെട്ടിടത്തിന്റെ ബേസ്മെന്റിൽ കനത്ത മഴയെതുടർന്ന് വെള്ളം കയറിയത്. ബേസ്മെന്റിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറിയിൽ ഈ സമയത്ത് നാൽപതോളം വിദ്യാർത്ഥികളുണ്ടായിരുന്നു. കുത്തിയൊലിച്ചെത്തിയ വെള്ളം പൊടുന്നനെയാണ് ബേസ്മെന്റിനെ മുക്കിക്കളഞ്ഞത്. നിരവധി വിദ്യാർത്ഥികൾ മുകളിലെ നിലകളിലേക്ക് ഓടിക്കയറി. മറ്റുചിലർ ബേസ്മെന്റിൽ കുടുങ്ങി. വിവരമറിഞ്ഞെത്തിയ അഗ്നിശമന സേനയും ദുരന്ത നിവാരണ സേനയും 14ഓളം വിദ്യാർത്ഥികളെ രക്ഷപ്പെടുത്തി. എന്നാൽ മൂന്നുപേർ വെള്ളക്കെട്ടിൽ കുടുങ്ങി മരണത്തിന് കീഴടങ്ങുകയായിരുന്നു. താനിയ സോണി, ശ്രേയ യാദവ് എന്നിവരുടെ മൃതദേഹമാണ് ആദ്യം കണ്ടെത്തിയത്. രാത്രി വൈകി ഒരു മണിയോടെയാണ് നവീന്റെ മൃതദേഹം പുറത്തെടുത്തത്. റാം മനോഹർ ലോഹ്യ ആശുപത്രിയിലെ മോർച്ചറിയിലേക്ക് മാറ്റിയ മൃതദേഹം കാണാൻ ബന്ധുക്കളെ അനുവദിക്കാതിരുന്നതും സംഘർഷത്തിന് വഴിയൊരുക്കി. സംഭവത്തിൽ കെട്ടിട ഉടമയും കോച്ചിങ് സെന്റർ കോ-ഓഡിനേറ്ററും അടക്കം രണ്ടുപേരെ പൊലീസ് അറസ്റ്റു ചെയ്തു. 24 മണിക്കൂറിനകം ചീഫ് സെക്രട്ടറി നരേഷ് കുമാറിനോട് റിപ്പോർട്ട് നൽകാൻ നിർദേശിച്ചതായി റവന്യൂ മന്ത്രി അതിഷി പറഞ്ഞു.

## കടലാക്രമണത്തിൽ മത്സ്യബന്ധന തോണി തകർന്നു വൻ നാശനഷ്ടം

പരപ്പനങ്ങാടി: കടലാക്രമണത്തിൽ മത്സ്യബന്ധന തോണി കടൽഭിത്തിയിലിടിച്ചു തകർന്നു. ലക്ഷങ്ങളുടെ നാശനഷ്ടമുണ്ടായി. താനൂരിലെ കോയഹസന്റെ പുരക്കൽ സൈതലവിയുടെ ഷിനാൻ തോണിയാണ് പരപ്പനങ്ങാടി ആവീൽ ബീച്ചിൽ തകർന്നത്. നാട്ടുകാർ തോണിയിലുണ്ടായിരുന്നവരെ രക്ഷപ്പെടുത്തി. തോണിയിലുണ്ടായിരുന്ന മൂന്ന് കെട്ട് വലയും മറ്റു മത്സ്യബന്ധന ഉപകരണങ്ങളും കടലിൽ പോയി. തോണിക്കും എഞ്ചിനും വലക്കും മറ്റുമായി നാല് ലക്ഷം രൂപ നഷ്ടം കണക്കാക്കുന്നതായി തോണിയുടമ പറഞ്ഞു. പരുക്കേറ്റ കോയസ്സന്റെ പുരക്കൽ സെയ്തലവി (58), അങ്ങാടിക്കടവത്ത് മുഹമ്മദബാവ(54), ചേക്കാമാടത്ത് ബഷീർ (51) എന്നിവരെ തിരൂർ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.



പരപ്പനങ്ങാടി ആവീൽ ബീച്ചിലെ കടലാക്രമണത്തിൽ തകർന്ന മത്സ്യബന്ധന തോണി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 29 തിങ്കൾ
ഗൾഫ് ചന്ദ്രിക

## പാലക്കാട് സ്വദേശി അബുദാബിയിൽ മരിച്ചു

അബുദാബി: ഒരുമാസം മുമ്പ് നാട്ടിൽ നിന്നെത്തിയ പാലക്കാട് സ്വദേശി അബുദാബിയിൽ മരിച്ചു. പാലക്കാട് ചന്ദ്രനഗറിലെ ബഷീർ റഹ്മാനാണ്(67) അബുദാബിയിലെ സ്വകാര്യ ആശുപത്രിയിൽ മരിച്ചത്. മകൻ ഹബീബ് റഹ്മാനൊപ്പം താമസിക്കാനായി ജൂൺ 28നാണ് അബുദാബിയിലെത്തിയത്. നാലു ദിവസം മുമ്പ് പക്ഷാഘാതം അനുഭവപ്പെട്ട ബഷീറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ഞായറാഴ്ച മരണപ്പെടുകയായിരുന്നു. ഭാര്യ ഹലീമ കൂടെയുണ്ട്. മകൾ: ശബ്ന. നടപടി ക്രമങ്ങൾ പൂർത്തിയാക്കി മയ്യിത്ത് നാട്ടിലേക്ക് കൊണ്ടുപോകുമെന്ന് ബന്ധുക്കൾ അറിയിച്ചു.



ബഷീർ റഹ്മാൻ

### കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.79 ₹ |
| 1 ഒമാനി റിയാൽ | 217.79 ₹ |
| 1 സൗദി റിയാൽ | 22.32 ₹ |
| 1 ഖത്തർ റിയാൽ | 22.99 ₹ |
| 1 കുവൈത്ത് ദിനാർ | 274.48 ₹ |
| 1 ബഹ്റൈൻ ദിനാർ | 222.79 ₹ |

### സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 289.00 |
| 22 കാരറ്റ് | 267.50 |
| 21 കാരറ്റ് | 259.00 |
| 18 കാരറ്റ് | 222.00 |






സുരാജ് വെഞ്ഞാറമൂടും ആസിഫലിയും തങ്ങളുടെ പുതിയ ചിത്രമായ അഡിയോസ് അമിഗോയുടെ ഗൾഫ് റിലീസുമായി ബന്ധപ്പെട്ട് ദുബൈയിൽ മാധ്യമ പ്രവർത്തകരോടെ സംസാരിക്കുന്നു

## വിവാദമുണ്ടാക്കി സിനിമ വിജയിപ്പിക്കാൻ താൽപര്യമില്ല: ആസിഫലി

ദുബൈ: വിവാദമുണ്ടാക്കി സ്വന്തം സിനിമ പ്രമോട്ട് ചെയ്യുന്ന ശീലം തനിക്കില്ലെന്നും അത്തരത്തിലുള്ള ഒരു വ്യക്തിയല്ല താനെന്നും നടൻ ആസിഫ് അലി വ്യക്തമാക്കി. സംഗീതസംവിധായകൻ രമേശ് നാരായണനുമായുണ്ടായ അന്നത്തെ സംഭവത്തിൽ തന്റെ അറിവിനും ബുദ്ധിക്കും അപ്പോൾ തോന്നിയ രീതിയിലാണ് പെരുമാറിയതും പ്രതികരിച്ചതും. അത് വിവാദത്തിനൊന്നും സാധ്യതയില്ലാത്തതാണ്. അതങ്ങനെ സംഭവിച്ചു പോയതാണ്. ഞാൻ ചെയ്തത് എന്റെ ശരിയാണ്. കാണുന്നവർക്ക് അവരവരുടെ കാഴ്ചപ്പാടിലൂടെ വിലയിരുത്താം.

ആ സംഭവത്തിന് കൃത്യമായ പര്യവസാനമുണ്ടായിരിക്കുന്നു. അതൊന്നും ഉയർത്തിക്കാട്ടി സിനിമ പ്രമോട്ട് ചെയ്യേണ്ട ആവശ്യമില്ലെന്നും ആസിഫലി പറഞ്ഞു. ഒരുദിവസം രാവിലെ എണീറ്റപ്പോഴും അതൊരു വലിയ സംഭവമായി മാറിയ കാര്യം അറിയുന്നത്. അതോടെ എന്റെ സിനിമക്ക് കൂടുതൽ കയറുമെന്ന് വിശ്വസിക്കുന്നില്ല. പക്ഷെ ഈ വിഷയത്തിൽ പ്രേക്ഷകർ തന്ന പിന്തുണ എന്നെ വല്ലാതെ സന്തോഷിപ്പിച്ചു. മുമ്പ് റോഷാക്ക് എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്തിറങ്ങിയപ്പോൾ മുഖംമൂടിയിട്ടിരുന്ന എന്റെ കണ്ണുകൾ കണ്ട് പ്രേക്ഷകർ തിരിച്ചറിഞ്ഞു. എന്റെ കണ്ണിലൂടെ മലയാള പ്രേക്ഷകർ തന്നെ തിരിച്ചറിഞ്ഞുവെന്നത് ജീവിതത്തിൽ വലിയ അംഗീകാരമായി കാണുന്നു.

ആ സിനിമയിൽ എന്റെ മുഖം പൂർണമായും എവിടെയും കാണിക്കുന്നില്ല. ഇപ്പോൾ എനിക്കൊരു വിഷമമുണ്ടായി എന്ന തോന്നലിൽ എന്നെ ആശ്വസിപ്പിക്കാൻ ആളുകൾ കാണിച്ച സന്മനസിനെ ഏറെ വിലമതിക്കുന്നുവെന്നും ആസിഫ് അലി പറഞ്ഞു. ഈ സംഭവത്തിന് ശേഷം ദുബൈയിൽ ഒരു ബോട്ടിനും നാട്ടിൽ ഒരു ഓട്ടോറിക്ഷയ്ക്കും കുഞ്ഞിനും തന്റെ പേരിട്ട കാര്യവും ആസിഫ് അലി ചൂണ്ടിക്കാട്ടി. തന്റെ പുതിയ ചിത്രമായ അഡിയോസ് അമിഗോയുടെ ഗൾഫ് റിലീസുമായി ബന്ധപ്പെട്ട് ദുബൈയിൽ നടത്തിയ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരാജ് വെഞ്ഞാറുമൂടുമായി ഏറെ കാലമായി നല്ല സൗഹൃദമുണ്ടെങ്കിലും ആദ്യമായാണ് ഒന്നിച്ചഭിനയിക്കുന്നതെന്നും ആസിഫലി പറഞ്ഞു. അഡിയോസ് അമിഗോയിലെ കഥാപാത്രത്തിലൂടെ പഴയ തമാശക്കാരനായ തന്റെ തിരിച്ചുവരവ് പ്രേക്ഷകർക്ക് കാണാമെന്ന് സുരാജ് വെഞ്ഞാറമൂട് പറഞ്ഞു. ഇതൊരു വിനോദ ചിത്രമാണെന്നും എല്ലാവരെയും ഒരു പോലെ സന്തോഷിപ്പിഎല്ലാത്തരം പ്രേക്ഷകരെയും ഒരു പോലെ ഇഷ്ടപ്പെടുത്തുന്ന വിനോദചിത്രമാണ് അഡിയോസ് അമിഗോയെന്ന് സംവിധായകൻ നഹാസ് നാസർ, തിരക്കഥാകൃത്ത് തങ്കം എന്നിവർ പറഞ്ഞു. ആഗസ്റ്റ് 2ന് കേരളത്തോടൊപ്പം ഗൾഫിലും അഡിയോസ് അമിഗോ റിലീസ് ചെയ്യും.

## യുഎഇയിൽ ജനിക്കുന്ന കുഞ്ഞുങ്ങളെ സ്ക്രീനിങ്ങിന് വിധേയമാക്കണമെന്ന് മന്ത്രാലയം

അബുദാബി: യുഎഇയിൽ ജനിക്കുന്ന കുഞ്ഞുങ്ങളുടെ മെഡിക്കൽ പരിശോധന ശക്തമാക്കണമെന്ന് മന്ത്രാലയം. നടപടി ക്രമങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട് ആരോഗ്യ പ്രതിരോധ മന്ത്രാലയം ദേശീയ നവജാതശിശു സ്ക്രീനിംഗ് മാർഗനിർദേശങ്ങൾ പുറത്തിറക്കി. ആവശ്യമായ ലബോറട്ടറി, ക്ലിനിക്കൽ ടെസ്റ്റുകളുടെ ലിസ്റ്റുകൾ ശേഖരിക്കുന്നതിലൂടെ ആദ്യകാല ആരോഗ്യ പ്രശ്നങ്ങൾ തടയാൻ ഈ മാർഗ നിർദേശങ്ങൾ സഹായിക്കു



മെന്നും മന്ത്രാലയം അറിയിച്ചു. ബ്ലഡ് സ്പോർട് ടെസ്റ്റുകൾ, ജനിതക രോഗങ്ങളുടെ നിർണയം, കേൾവി വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ എന്നിവയക്കുള്ള സ്ക്രീനിംഗ് നടപടി ക്രമങ്ങളും ഇവയിൽ ഉൾപ്പെടുന്നു. സ്ക്രീനിംഗ് മാർഗ നിർദേശങ്ങൾ വഴി ജനിതക രോഗത്തെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും നേരത്തെ തന്നെ ചികിത്സ ലഭ്യമാക്കാനും സാധിക്കും. നവജാതശിശുക്കൾക്ക് നേരത്തെയുള്ള സ്ക്രീനിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയും ചെയ്യുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

# കുവൈത്തിൽ പുതിയ ടൂറിസം വികസന പദ്ധതികൾ

**റഷീദ് പയന്തോങ്ങ്**
കുവൈത്ത് സിറ്റി



ടൂറിസം മേഖലയുടെ ദ്രുത ഗതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാൻ ടൂറിസം പ്രോജക്ട് കമ്പനിക്ക് മന്ത്രിമാരുടെ കൗൺസിൽ നിർദേശം നൽകി. വിനോദ മേഖലയിൽ നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ കൗൺസിൽ ചൂണ്ടിക്കാട്ടി. 2024 ൽ പൂർത്തീയാവുന്നതും പ്രവൃത്തികൾ പുരോഗമിക്കുന്നതുമായ വിവിധ പദ്ധതികളെ കുറിച്ച് വിവരിക്കുന്ന ടൂറിസം പ്രോജക്ട് കമ്പനിയുടെ ദൃശ്യാവതരണം നടന്നു. വാട്ടർ ഫ്രണ്ടിന്റെ പൂർത്തീകരണം, മസീല ബീച്ചിന്റെ പ്രവർത്തനക്ഷമത,വികസനം തുടങ്ങി നിരവധി പ്രധാന പദ്ധതികൾ ദൃശ്യവതരണ അവലോകനത്തിൽ പ്രദർശിപ്പിച്ചു. അൽഷാബ് മറൈൻ ക്ലബ്ബ്, റാസ് അൽ അർദ് ക്ലബ്ബിന്റെ ഉദ്ഘാടനവും ഖൈറാൻ പാർക്കിന്റെ നവീകരണവും നടക്കും. കുവൈത്തിന്റെ വിനോദ സഞ്ചാര അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ സമർപ്പിത സേവനം കാഴ്ച്ച വെക്കുന്ന ടൂറിസം പ്രോജക്ട് കമ്പനി ജീവനക്കാരെയും, മാനേജ്മെന്റിനെയും മിനിസ്റ്ററി കൗൺസിൽ അഭിനന്ദിച്ചു. രാജ്യത്തിന്റെ വിനോദ സഞ്ചാര രംഗത്തെ കൂടുതൽ ആകർഷണീയമാക്കാനും സഞ്ചാരികൾക്കും പൊതു സമൂഹത്തിനും മെച്ചപ്പെട്ട വിനോദ സൗകര്യമൊരുക്കാനും കുവൈത്ത് ടൂറിസം ലക്ഷ്യമിടുന്നു.

# ദുബൈ എമിറേറ്റ്സ് മാളിലേക്ക് നേരിട്ട് പ്രവേശിക്കാൻ പാലം

ദുബൈ: ദുബൈ മാൾ ഓഫ് എമിറേറ്റ്സിന് ചുറ്റും ആർടിഎ നിരവധി വികസന പദ്ധതികൾ ആവിഷ്കരിക്കുന്നു. റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി, മാജിദ് അൽ ഫുത്തൈം ഗ്രൂപ്പുമായി ഏകോപിപ്പിച്ച്, മാൾ ഓഫ് എമിറേറ്റ്സിന്റെയും ചുറ്റുമുള്ള തെരുവുകളുടെയും ഇന്റർസെക്ഷനുകളുടെയും പ്രവേശന കവാടങ്ങൾ വികസിപ്പിക്കുന്നതിന് കരാർ നൽകി. ഏകദേശം 165 മില്യൺ ദിർഹം ചെലവ് വരുന്ന പദ്ധതിയിൽ കാൽനട, സൈക്ലിംഗ് പാതകളുടെ മെച്ചപ്പെടുത്തലും ഉൾപ്പെടുന്നു. മാൾ ഓഫ് എമിറേറ്റിലേക്ക് നേരിട്ട് പ്രവേശനം നൽകുന്ന ശൈഖ് സായിദ് റോഡിൽ 300 മീറ്റർ പാലം ഒറ്റവരിയായി നിർമിക്കുന്നതാണ് പദ്ധതിയെന്ന് ആർടിഎ എക്സിക്യൂട്ടീവ് ഡയറക്ടേഴ്സ് ബോർഡ് ചെയർമാനും ഡയറക്ടർ ജനറലുമായ മത്തർ അൽ തായർ പറഞ്ഞു.



അബുദാബിയിൽ നിന്നും ജബൽ അലിയിൽ നിന്നും വരുന്ന വാഹന യാത്രക്കാർക്കുള്ള പാർക്കിംഗ് സ്ഥലങ്ങൾ, കൂടാതെ ഉമ്മു സുഖീം കവലയിലെ നിലവിലെ റാമ്പ്, ഉമ്മു സുഖീം സ്ട്രീറ്റിൽ നിന്ന് മാളിന്റെ പാർക്കിംഗ് സ്ഥലങ്ങളിലേക്ക് നയിക്കുന്ന നിലവിലുള്ള പാലത്തിലേക്ക് വാഹനങ്ങളുടെ ഗതാഗതം സുഗമമാക്കുന്നതിന് ഇന്റർസെക്ഷൻ മെച്ചപ്പെടുത്തി തെക്കോട്ട് വീതി കൂട്ടും. മാളിന് ചുറ്റും 2.5 കിലോമീറ്റർ ദൈർഘ്യമുള്ള ഉപരിതല റോഡുകൾ മെച്ചപ്പെടുത്തുക, മൂന്ന് സിഗ്നൽ കവലകൾ വികസിപ്പിക്കുക, മാൾ ഓഫ് എമിറേറ്റ്സ് മെട്രോ സ്റ്റേഷനിലെ ബസ് സ്റ്റേഷൻ പരിഷ്കരിക്കുക, കെമ്പിൻസ്കി ഹോട്ടലിന് അടുത്തുള്ള തെരുവ് വൺവേയിൽ നിന്ന് ടുവേയിലേക്ക് മാറ്റുക, കാൽനടയാത്രക്കാർക്കും സൈക്ലിംഗ് പാതകൾ മെച്ചപ്പെടുത്തൽ, നടപ്പാത, ലൈറ്റിംഗ്, ട്രാഫിക് സിഗ്നലുകൾ, മഴവെള്ള ഡ്രെയിനേജ് സംവിധാനം, ലാൻഡ്സ്കേപ്പിംഗ് ജോലികൾ എന്നിവയും ഉൾക്കൊള്ളുന്നു. അബുദാബിയിൽ നിന്നും ജബൽ അലിയിൽ നിന്നും മാൾ ഓഫ് എമിറേറ്റ്സിലേക്കുള്ള ട്രാഫിക്കിന്റെ യാത്രാ സമയം 10 മിനിറ്റിൽ നിന്ന് ഒരു മിനിറ്റായി കുറയും. ഉമ്മു സുഖീമിൽ നിന്ന് വരുന്നവർക്ക് യാത്രാ സമയം 15 മിനിറ്റിൽ നിന്ന് എട്ടു മിനിറ്റ് ആയി കുറയും. അതുവഴി മാളിന് ചുറ്റുമുള്ള റോഡുകളിൽ ട്രാഫിക് കാര്യക്ഷമതയും സുരക്ഷയും വർദ്ധിപ്പിക്കുമെന്നും അൽ തായർ കൂട്ടിച്ചേർത്തു.

2005ൽ ആരംഭിച്ച മാൾ ഓഫ് എമിറേറ്റ്സ് പ്രതിവർഷം 40 ദശലക്ഷത്തിലധികം സന്ദർശകരെ സ്വീകരിക്കുന്നു. പ്രമുഖ ഫാഷൻ ബ്രാൻഡുകളുടെ 454 സ്റ്റോറുകൾ, 96 റെസ്റ്റോറന്റുകൾ, കഫേകൾ, കൂടാതെ സ്കൈ ദുബൈ, മിഡിൽ ഈസ്റ്റിലെ ഏറ്റവും വലിയ വോക്സ് സിനിമ തുടങ്ങിയ അതുല്യ വിനോദ വേദികൾ എന്നിവ ഈ മാളിൽ ഉണ്ട്. മാളിൽ പഞ്ചനക്ഷത്ര ഹോട്ടലുകളും ഉൾപ്പെടുന്നു: കെമ്പിൻസ്കി ഹോട്ടൽ മാൾ ഓഫ് ദി എമിറേറ്റ്സ്, ഷെറാട്ടൺ മാൾ ഓഫ് എമിറേറ്റ്സ് ഹോട്ടൽ, നോവോടെൽ സ്യൂട്ട്സ് മാൾ അവന്യൂ. കൂടാതെ, ഇത് കാൽനട പാലം വഴി മാൾ ഓഫ് എമിറേറ്റ്സ് മെട്രോ സ്റ്റേഷനുമായി നേരിട്ട് ബന്ധിപ്പിച്ചിരിക്കുന്നു.

## അബുദാബിയിൽ മൂന്ന് ഇടങ്ങളിൽകൂടി പുതിയ പെയ്ഡ് പാർക്കിങ്

അബുദാബി: അബുദാബിയിലെ ഖലീഫ കൊമേഴ്സ്യൽ ഡിസ്ട്രിക്ട്, ഖലീഫ സിറ്റിയിലെ ഇത്തിഹാദ് പ്ലാസ എന്നീ രണ്ടു മേഖലകളിൽ പണമടച്ചുള്ള പാർക്കിംഗ് ഏർപ്പെടുത്തുമെന്ന് അധികൃതർ അറിയിച്ചു. അനധികൃത പാർക്കിംഗ് കുറയ്ക്കുന്നതിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമാണ് പുതിയ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. എസ്ഡബ്ല്യു2, എസ്ഡബ്ല്യു 45, എസ്ഡബ്ല്യു 48 എന്നിവയാണ് മൂന്ന് പുതിയ പാർക്കിംഗ് സോണുകൾ. അൽ മിരീഫ് സ്ട്രീറ്റിൽ ഇത്തിഹാദ് എയർവേസിന്റെ ആസ്ഥാനത്തോട് ചേർന്നുള്ളതാണ് എസ്ഡബ്ല്യു 48. 694 വാഹനങ്ങൾക്ക് പാർക്കിംഗിന് ഇടമുണ്ട്. ഇതിൽ മൂന്നെണ്ണം ഭിന്നശേഷിക്കാരെ ഉദ്ദേശിച്ചുള്ളതാണ്. ഇത്തിഹാദ് പ്ലാസയ്ക്ക് സമീപമാണ് എസ്ഡബ്ല്യു 45. 1283 പാർക്കിംഗ് ഇവിടെ ലഭ്യമാണ്. ഇതിൽ 17 എണ്ണം ഭിന്നശേഷിക്കാർക്കായി നീക്കിവെച്ചിട്ടുണ്ട്. പണം നൽകേണ്ട പാർക്കിംഗ് സ്ഥലങ്ങളിൽ പുതിയ സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വെള്ളയും നീലയും നിറത്തോടു കൂടിയ പ്രീമിയം പാർക്കിംഗ് മണിക്കൂറിന് മൂന്ന് ദിർഹമാണ്. രാവിലെ 8 മുതൽ രാത്രി 12 മണി വരെ പരമാവധി നാല് മണിക്കൂറാണ് ഇവിടെ പാർക്ക് ചെയ്യാൻ അനുമതി.



## യുഎഇയിൽ ആദ്യമായി അംഗീകൃത ലോട്ടറിക്ക് ലൈസൻസ്

അബുദാബി: യുഎഇയിൽ ആദ്യമായി അംഗീകൃത ലോട്ടറി പ്രവർത്തിപ്പിക്കാനുള്ള ലൈസൻസ്, ഗെയിമിംഗ് അതോറിറ്റി അനുവദിച്ചു. ഗെയിം ഡവലപ്മെന്റ്, ലോട്ടറി ഓപ്പറേഷൻസ്, ഗെയിമിംഗ് എന്നിവയിൽ വൈദഗ്ധ്യമുള്ള വാണിജ്യ ഗെയിമിംഗ് ഓപ്പറേറ്ററായ ദി ഗെയിം എൽഎൽസിക്കാണ് ലോട്ടറി ലൈസൻസ് ലഭിച്ചത്. കളിക്കാരുടെ വൈവിധ്യമാർന്ന താൽപര്യങ്ങളും സാമ്പത്തിക മുൻഗണനകളും നിറവേറ്റുന്നതിനായി രൂപകൽപന ചെയ്തിരിക്കുന്ന ലോട്ടറി ഗെയിമുകളും മറ്റ് ഗെയിമുകളും ഇവർ വാഗ്ദാനം ചെയ്യുന്നു. ജനറൽ കൊമേഴ്സ്യൽ ഗെയിമിംഗ് റഗുലേറ്ററി അതോറിറ്റിയുടെ പ്രഖ്യാപനം രാജ്യത്തെ വാണിജ്യ ഗെയിമിംഗ് മേഖലയ്ക്ക് ഒരു പുതിയ നാഴികക്കല്ലായി മാറുന്നു.






ഇൻസ്പയർ 2024 ബ്രോഷർ വ്യവസായി കബീർ ടെലിക്കോൺ സുൽഫിക്കർ അഹ്മദ് മൈലക്കരക്ക് നൽകി പ്രകാശനം ചെയ്യുന്നു

## പ്രവാസി ശാക്തീകരണം ലക്ഷ്യമാക്കി 'ഇൻസ്പയർ 2024'

### ദുബൈ കെഎംഎംസി തിരൂരങ്ങാടി മണ്ഡലം കമ്മിറ്റിയാണ് പരിപാടി സംഘടിപ്പിക്കുന്നത്

ദുബൈ: പ്രവാസി ശാക്തീകരണം ലക്ഷ്യമാക്കി ദുബൈ കെഎംഎംസി തിരൂരങ്ങാടി മണ്ഡലം കമ്മിറ്റി 'ഇൻസ്പയർ 2024' പ്രചോദന സദസ് സംഘടിപ്പിക്കും. ആഗസ്റ്റ് 11ന് രാവിലെ 10 മണിക്ക് അബുഹൈൽ ദുബൈ കെഎംസിസി ഹാളിലാണ് പരിപാടി. പ്രമുഖ മോട്ടിവേറ്റർ ഡോ. സുലൈമാൻ മേൽപത്തൂർ നേതൃത്വം നൽകും. പരിപാടിയുടെ ബ്രോഷർ പ്രകാശനം യുഎഇ കെഎംസിസി ജനറൽ സെക്രട്ടറി പി.കെ അൻവർനഹയുടെ സാന്നിധ്യത്തിൽ വ്യവസായി കബീർ ടെലിക്കോൺ, സാം ഹോം പ്രോപ്പർട്ടീസ് ചെയർമാൻ സുൽഫിക്കർ അഹ്മദ് മൈലക്കരക്ക് നൽകി പ്രകാശനം ചെയ്തു.

ചടങ്ങിൽ വി.സി സൈതലവി, ജബ്ബാർ ക്ലാരി, സാദിഖ് തിരൂരങ്ങാടി, ഗഫൂർ കാലടി, മുജീബ് മറ്റത്ത്, വി.കെ ജലീൽ, റഹ്മത്തുല്ല പങ്കെടുത്തു. വർത്തമാനകാല വെല്ലുവിളികളും അവസരങ്ങളും അഭിമുഖീകരിക്കാൻ പ്രവാസി സമൂഹത്തെ പ്രചോദിപ്പിക്കുന്ന സംവേദനാത്മക സെഷനുകൾ അവതരിപ്പിച്ചായിരിക്കും പരിപാടി ഒരുക്കുക.

സമൂഹത്തിന്റെ ഉന്നതി, വ്യക്തിത്വ വളർച്ച, വിവിധ രംഗങ്ങളിലെ അവസരങ്ങൾ, പ്രൊഫഷണൽ മികവുകൾ എന്നിവ സംബന്ധിച്ചുള്ള ദിശാബോധം പരിപാടിയുടെ ലക്ഷ്യമാണ്.



പ്രവാസം മതിയാക്കി നാട്ടിലേക്ക് പോവുന്ന ഫുജൈറ കെഎംസിസി തൃശൂർ ജില്ലാ വൈസ് പ്രസിഡന്റ് പുതിയകത്ത് ബീരാന് കടപ്പുറം പഞ്ചായത്ത് കമ്മിറ്റി നൽകിയ യാത്രയയപ്പ്

## കെഎംസിസി യാത്രയയപ്പ് നൽകി

അബുദാബി: ദീർഘകാലത്തെ പ്രവാസജീവിതത്തിന് വിരാമം നൽകി നാട്ടിലേക്ക് പോവുന്ന യുഎഇ കെഎംസിസി കടപ്പുറം പഞ്ചായത്ത് കോർഡിനേഷൻ കമ്മിറ്റി ഭാരവാഹിയും ഫുജൈറ കെഎംസിസി തൃശൂർ ജില്ലാ വൈസ് പ്രസിഡന്റുമായ പുതിയകത്ത് ബീരാന് പഞ്ചായത്ത് കമ്മിറ്റി യാത്രയയപ്പ് നൽകി. അജ്മാൻ കെഎംസിസി ഗുരുവായൂർ മണ്ഡലം പ്രസിഡന്റ് കെ.എസ് അലി ഉദ്ഘാടനം ചെയ്തു. കോർഡിനേഷൻ കമ്മിറ്റി പ്രസിഡന്റ് കെ.എസ് നഹാസ് അധ്യക്ഷനായി. അബുദാബി കെഎംസിസി ഗുരുവായൂർ മണ്ഡലം പ്രസിഡന്റ് ഫൈസൽ കടവിൽ,ഭാരവാഹികളായ സൈദുമുഹമ്മദ്,സികെ ജലാൽ,വി.പി ഉസ്മാൻ, മുസ്തഫ വലിയകത്ത്, മുനീർ ബിൻ ഈസ, വി.എം മുനീർ,നിഷാക് കടവിൽ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി പി.വി ജലാലുദ്ദീൻ സ്വാഗതവും പുതിയകത്ത് ബീരാൻ നന്ദിയും പറഞ്ഞു.

## അബുദാബി ഗ്രാന്റ് ഫോണ്ടോ സൈക്ലിങ് നവംബർ 16ന്

അബുദാബി: അബുദാബി സ്പോർട്സ് കൗൺസിൽ സംഘടിപ്പിക്കുന്ന മൂന്നാമത് ബൈക്ക് അബുദാബി ഗ്രാൻ ഫോണ്ടോ 2024 നവംബർ 16ന് നടക്കും. ഇത്തവണ അബുദാബി മുതൽ അൽ ഐൻ വരെ 150 കിലോമീറ്റർ റൈഡ് ഉണ്ടാവും. 18 വയസ്സിന് മുകളിലുള്ള സൈക്ലിസ്റ്റുകൾക്ക് പങ്കെടുക്കാം.

**ഗൾഫ്/വിദേശ വാർത്തകൾ**



അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗത്തിനു കീഴിലുള്ള 'അക്ഷര ക്ലബ്ബ്' സംഘടിപ്പിച്ച സാഹിത്യ സദസ്സിൽ എഴുത്തുകാരനും കവിയുമായ മൊയ്തീൻ അംഗടിമുഗറിനെ ഇസ്‌ലാമിക് സെന്റർ ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല പറപ്പൂർ ആദരിക്കുന്നു

# അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം അക്ഷര സദസ് സംഘടിപ്പിച്ചു

അബുദാബി: ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന 'അക്ഷര ക്ലബ്ബ്' സാഹിത്യ സദസ് സംഘടിപ്പിച്ചു. ഒട്ടേറെ എഴുത്തുകാരുടെയും രചയിതാക്കളുടെയും സാന്നിധ്യത്തിൽ ഇസ്‌ലാമിക് സെന്ററിൽ നടന്ന കാവ്യ സദസ് ജനറൽ സെക്രട്ടറി ടി. ഹിദായത്തുല്ല പറപ്പൂർ ഉദ്ഘാടനം ചെയ്തു.

എഴുത്തിന്റെയും വായനയുടെയും പ്രചാരണവും പ്രായോഗികതയും ആ മേഖലയിലുള്ളവർക്ക്നൽകേണ്ട പ്രോത്സാഹനവും ഏറെ പ്രസക്തമാണെന്ന് ഹിദായത്തുല്ല പറഞ്ഞു. പ്രവാസി എഴുത്തുകാരനും കവിയും പുസ്തക രചയിതാവുമായ മൊയ്തീൻ അംഗടിമുഗറിനെ യോഗത്തിൽ ആദരിച്ചു.

സാഹിത്യ വിഭാഗത്തിന്റെ വാർഷിക പദ്ധതികൾ ജുബൈർ വെള്ളാടത്ത് അവതരിപ്പിച്ചു. ഓൺലൈൻ മത്സരത്തിൽ വിജയിച്ച അബ്ദുൽ മജീദ് സി,ഗഫൂർ പെരിന്തൽമണ്ണ എന്നിവർക്ക് ഉപഹാരം നൽകി. ഇസ്‌ലാമിക് സെന്റർ സാഹിത്യ വിഭാഗം സെക്രട്ടറി ജാഫർ കുറ്റിക്കോട് സ്വാഗതവും കൺവീനർ ഹക്കീം എടക്കഴിയൂർ നന്ദിയും പറഞ്ഞു.

**പശ്ചിമേഷ്യ പൊട്ടിത്തെറിയുടെ വക്കിൽ**

# അധിനിവേശ ജൂലാൻ കുന്നിൽ റോക്കറ്റാക്രമണം; 12 മരണം



അധിനിവേശ ജൂലാൻ കുന്നിലെ ഫുട്ബോൾ മൈതാനത്ത് റോക്കറ്റാക്രമണമുണ്ടായപ്പോൾ

ടെൽഅവീവ്: ലബനാനിൽനിന്നുള്ള റോക്കറ്റാക്രമണത്തിൽ ഇസ്രാഈൽ അധിനിവേശ ജൂലാൻ കുന്നിലെ ഫുട്ബോൾ മൈതാനത്ത് കുട്ടികൾ ഉൾപ്പെടെ 12 പേർ കൊല്ലപ്പെട്ടതോടെ പശ്ചിമേഷ്യ പൊട്ടിത്തെറിയുടെ വക്കിൽ. ആക്രമണത്തിനു പിന്നിൽ ഹിസ്ബുല്ലയാണെന്ന് ആരോപിച്ച് ഇസ്രാഈൽ ലബനാന്റെ ഉൾപ്രദേശങ്ങളിൽ വ്യോമാക്രമണം നടത്തിയത് സംഘർഷം ആളിക്കത്തിച്ചിട്ടുണ്ട്. ഫുട്ബോൾ മൈതാനത്തുണ്ടായ റോക്കറ്റാക്രമണത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് ലബനീസ് സായുധ ഗ്രൂപ്പായ ഹിസ്ബുല്ല വ്യക്തമാക്കി.

പക്ഷേ, വ്യക്തമായ ഇന്റലിജൻസ് റിപ്പോർട്ടാണ് തങ്ങൾക്ക് ലഭിച്ചിരിക്കുന്നതെന്നും നിരപരാധികളായ കുട്ടികളുടെ മരണത്തിനു പിന്നിൽ ഹിസ്ബുല്ലയാണെന്നും ഇസ്രാഈൽ സൈനിക വക്താവ് ഡാനിയൽ ഹഗാരി പറഞ്ഞു. ജൂലാൻ കുന്നിലെ മജ്ദൽ ഷംസിൽ ദ്രൂസ് ഗ്രാമത്തിലെ ഫുട്ബോൾ മൈതാനത്തുണ്ടായ സ്ഫോടനത്തിൽ 12 പേർ കൊല്ലപ്പെട്ടതിനു പുറമെ മുപ്പതോളം പേർക്ക് പരിക്കേറ്റിരുന്നു. മരിച്ചവരെല്ലാം പത്തിനും ഇരുപതിനുമിടക്ക് പ്രായമുള്ളവരാണെന്ന് റിപ്പോർട്ടുണ്ട്. ഇവരുടെ പേര് വിവരങ്ങൾ ഇസ്രാഈൽ പുറത്തുവിട്ടു. ന്യൂനപക്ഷമായ ദുറൂസ് വിഭാഗക്കാരാണ് ആക്രമണ ത്തിനിരയായത്. ആക്രമത്തെക്കുറിച്ച് അന്താരാഷ്ട്ര അന്വേഷണം വേണമെന്ന് ലബനീസ് വിദേശകാര്യ മന്ത്രി ആവശ്യപ്പെട്ടു. ഒക്ടോബർ എട്ടിന് ഗസ്സയിൽ ഇസ്രാഈൽ ആക്രമണം ആരംഭിച്ച ശേഷം ലബനീസ് അതിർത്തിയിൽ ഹിസ്ബുല്ലയും ഇസ്രാഈൽ സൈന്യവും തമ്മിൽ സംഘർഷം നിലനിൽക്കുന്നുണ്ട്.

ഗസ്സയിലെ ഫലസ്തീനികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഹിസ്ബുല്ല ഇസ്രാഈലിനുനേരെ പലവട്ടം റോക്കറ്റ്, ഡ്രോൺ ആക്രമണങ്ങൾ നടത്തിയിരുന്നു. ലബനാനിലെ ഇസ്രാഈൽ ആക്രമണത്തിൽ ഇതുവരെ 543 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. ഹിസ്ബുല്ല ആക്രമണത്തിൽ 21 ഇസ്രാഈലികളും കൊല്ലപ്പെട്ടു.

# ഗസ്സ: മരണം 39,324

- ഒഴിഞ്ഞുപോകാൻ വീണ്ടും ഇസ്രാഈൽ ഉത്തരവ്
- ഖാൻ യൂനിസിൽ ഇസ്രാഈൽ സൈനികർ കൊല്ലപ്പെട്ടു
- പിഞ്ചുകുഞ്ഞടക്കം 15 മരണം
- 24 മണിക്കൂറിനിടെ 66 മരണം



ഗസ്സയിൽ ഇസ്രാഈൽ ബോംബിട്ടു തകർത്ത കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾക്കിടയിൽ തിരച്ചിൽ നടത്തുന്നവർ

ഗസ്സ: ഫലസ്തീൻ അഭയാർത്ഥികൾ തിങ്ങിപ്പാർക്കുന്ന മധ്യമേഖലയും ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവിനു പിന്നാലെ ഗസ്സയിലെ രണ്ട് പ്രധാന തെക്കൻ നഗരങ്ങളിൽ സൈന്യവും ഫലസ്തീൻ പോരാളികളും തമ്മിൽ കനത്ത പോരാട്ടം. 24 മണിക്കൂറിനിടെ ഗസ്സയുടെ വിവിധ ഭാഗങ്ങളിലുണ്ടായ വ്യോമാക്രമണങ്ങളിൽ 66 പേർ കൊല്ലപ്പെടുകയും 241 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഇതോടെ ഒക്ടോബർ ഏഴിനു തുടങ്ങിയ ഇസ്രാഈൽ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 39,324 ആയി ഉയർന്നു.

ഇന്നലെ ഖാൻ യൂനിസിലുണ്ടായ രണ്ട് വ്യോമാക്രമണങ്ങളിൽ നാല് മാസം പ്രായമുള്ള പിഞ്ചുകുഞ്ഞടക്കം 15 പേർ കൊല്ലപ്പെട്ടു. അൽ മവാസിയിൽ തമ്പുകെട്ടി താമസിക്കുന്ന അഭയാർത്ഥികളെ ലക്ഷ്യമിട്ടായിരുന്നു ഒരു ആക്രമണം. ഖാൻ യൂനിസ് നഗരത്തിലെ ഒരു വീടിനു നേരെയുണ്ടായ രണ്ടാമത്തെ ആക്രമണത്തിൽ 10 പേർ കൊല്ലപ്പെട്ടു. ഞായറാഴ്ച രാവിലെ 18 മൃതദേഹങ്ങളാണ് നാസർ ആശുപത്രിയിൽ കൊണ്ടുവന്നത്.

നേരത്തെ സുരക്ഷിത മേഖലകളിലായി പ്രഖ്യാപിച്ചിരുന്ന നുസൈറത്ത്, ബുറൈജ് എന്നിവിടങ്ങളിൽനിന്ന് ഒഴിഞ്ഞുപോകണമെന്ന് ഇസ്രാഈലിന്റെ പുതിയ ഉത്തരവ്. ഇസ്രാഈൽ സൈനിക ഭാഗത്തും ഏറ്റുമുട്ടലിൽ വലിയ ആളപായം സംഭവിക്കുന്നതായി ഹമാസിന്റെ അൽ ഖുദ്സ് ബ്രിഗേഡ്സ് അറിയിച്ചു. ഖാൻ യൂനിസിൽ നിരവധി സൈനികർ കൊല്ലപ്പെട്ടതായും മൃതദേഹങ്ങൾ കൊണ്ടുപോകാൻ പ്രദേശത്ത് ഇസ്രാഈലിന്റെ യുദ്ധ ഹെലികോപ്ടർ ഇറങ്ങിയതായും ഹമാസ് പറയുന്നു.

അതേസമയം പരിക്കേറ്റവരെയും മാരക രോഗികളെയും വിദഗ്ധ ചികിത്സക്കായി ഗസ്സ വിട്ട് പുറത്തുപോകുന്നതിനെ ഇസ്രാഈൽ തടയുകയാണെന്ന് ഫലസ്തീനിയൻ സെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ് അറിയിച്ചു.

ഫലസ്തീനികളെ മരിക്കാൻ വിട്ട് ഇസ്രാഈൽ വധശിക്ഷ നടപ്പാക്കുകയാണെന്ന് സംഘടന കുറ്റപ്പെടുത്തി.



പ്രവാസത്തിന് വിരാമമിട്ട് നാടണയുന്ന കെഎംസിസി കോഴിക്കോട് ജില്ലാ സെക്രട്ടറി തുമ്പോളി അബ്ദുറഹ്മാന് ജില്ലാ കമ്മിറ്റിയുടെ ഉപഹാരം ബഹ്റൈൻ കെഎംസിസി പ്രസിഡന്റ് ഹബീബ് റഹ്മാൻ കൈമാറുന്നു

# ബഹ്റൈൻ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റി യാത്രയയപ്പ് സംഗമം

മനാമ: ബഹ്റൈൻ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തുമ്പോളി അബ്ദുറഹ്മാന് യാത്രയയപ്പ് നൽകി. ബഹ്റൈൻ കെഎംസിസി പ്രസിഡന്റ് ഹബീബ് റഹ്മാൻ, തുമ്പോളി അബ്ദുറഹ്മാന് ജില്ലാ കമ്മിറ്റിയുടെ ഉപഹാരം കൈമാറി. ജില്ലാ പ്രസിഡന്റ് ഷാജഹാൻ പരപ്പൻ പൊയിൽ അധ്യക്ഷനായി. കെഎംസിസി ഹൂറ ഏരിയ കമ്മിറ്റി വൈസ് പ്രസിഡന്റ് തിരുവള്ളൂർ പഞ്ചായത്ത് പ്രസിഡന്റ്,കുറ്റ്യാടി മണ്ഡലം വൈസ് പ്രസിഡന്റ്,ആക്റ്റിങ് പ്രസിഡന്റ്, വടകര സി.എച്ച് സെന്റർ ബഹ്റൈൻ ചാപ്റ്റർ ഭാരവാഹി എന്നീ നിലകളിൽ പ്രവർത്തിച്ച തുമ്പോളി അബ്ദുറഹ്മാൻ നിലവിൽ കെഎംസിസി കോഴിക്കോട് ജില്ലാ സെക്രട്ടറിയായും സംസ്ഥാന കൗൺസിൽ അംഗമായും പ്രവർത്തിച്ചുവരികയായിരുന്നു. എസ് വി ജലീൽ,കെഎംസിസി ബഹ്റൈൻ ആക്റ്റിങ് ജനറൽ സെക്രട്ടറി ഗഫൂർ കൈപ്പമംഗലം,ട്രഷറർ കെ.പി മുസ്തഫ, സംസ്ഥാന ഭാരവാഹികളായ അസ്‌ലം വടകര, എ.പി ഫൈസൽ, ഷാഫിപാറക്കട്ട, ഫൈസൽ കോട്ടപ്പള്ളി, ഫൈസൽ കണ്ടീത്താഴ,അഷ്റഫ് കാട്ടിൽ പീടിക, ജില്ലാ ഭാരവാഹികളായ, നസീം പേരാമ്പ്ര, ഷാഹിർ ഉള്ള്യേരി,അഷ്റഫ് തോടന്നൂർ, മൊയ്ദീൻ പേരാമ്പ്ര,മുനീർ ഒഞ്ചിയം ,റഷീദ് വാല്യക്കോട് പ്രസംഗിച്ചു. തുമ്പോളി അബ്ദുറഹ്മാൻ മറുപടി പ്രസംഗം നടത്തി. ജില്ലാ ജനറൽ സെക്രട്ടറി പി കെ ഇസ്ഹാഖ് സ്വാഗതവും സെക്രട്ടറി മുഹമ്മദ് സിനാൻ കൊടുവള്ളി നന്ദിയും പറഞ്ഞു.

കെഎംസിസി മനാമ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലയിൽ നിന്നുള്ള നൂറിലധികം സംസ്ഥാന കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു.

## ഖത്തറിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കും

ഖത്തർ: പൊതുജനങ്ങൾ പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം കുറയ്ക്കണമെന്ന് ഓർമ്മിപ്പിച്ച് ഖത്തർ പരിസ്ഥിതി കാലാവസ്ഥാ മന്ത്രാലയം. പ്ലാസ്റ്റിക്കിന്റെ ശരിയായ സംസ്കരണത്തെക്കുറിച്ചും പരിസ്ഥിതി സൗഹൃദ ബദലുകൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യവും മന്ത്രാലയം സമൂഹ മാധ്യമ പേജുകൾ വഴി അറിയിച്ചു. മൃഗങ്ങൾ പ്ലാസ്റ്റിക് ഭക്ഷിക്കുന്നത് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അവയുടെ ജീവൻ നഷ്ടമാകുന്നതിന് തന്നെ പ്ലാസ്റ്റിക് കാരണമാകുമെന്നും മന്ത്രാലയം എക്സിലൂടെ വ്യക്തമാക്കി. പ്ലാസ്റ്റിക് മാലിന്യങ്ങൾ കുമിഞ്ഞു കൂടുന്നത് വന്യജീവികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വന്യജീവികൾ പ്ലാസ്റ്റിക് ബാഗുകളും മറ്റും ഭക്ഷിക്കാൻ ഇടയാകുന്നതിനാൽ ജീവൻ നഷ്ടപ്പെടാനും ആരോഗ്യം അപകടത്തിലാകുന്നതിനും കാരണമാവുന്നുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

## കുട്ടികൾ മൈതാനം ആവശ്യപ്പെട്ടു മണിക്കൂറുകൾക്കുള്ളിൽ സ്വപ്നം സാക്ഷാത്കരിച്ചു വഹാബ് എം.പി



കളിക്കാനായി മൈതാനം ആവശ്യപ്പെട്ട് വീഡിയോ ചെയ്ത കുട്ടികൾ പി.വി.അബ്ദുൽ വഹാബ് എം.പിയുമൊത്ത് സെൽഫിയെടുക്കുന്നു.

നിലമ്പൂർ: ഒരു രസത്തിനാണ് നിലമ്പൂരിനടുത്ത് മൈലാടി സ്വദേശികളായ കുട്ടികൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ തങ്ങളുടെ ആവശ്യം ഉന്നയിച്ചത്. അവർക്ക് കളിക്കാനായി ഒരു സ്ഥിരം മൈതാനം വേണം. നിലവിൽ കളിക്കാൻ സ്ഥലമില്ല. മൈതാനം നൽകണമെന്ന് പി.വി അബ്ദുൽ വഹാബ് എം.പിയോടാണ് അഭ്യർഥന നടത്തിയത്.

മണിക്കൂറുകൾക്കുള്ളിൽ കുട്ടികൾ സാമൂഹ്യ മാധ്യമങ്ങളിൽ വൈറലായി. പി.വി അബ്ദുൽ വഹാബും കുട്ടികളുടെ വീഡിയോ കണ്ടു. തുടർന്ന് കുട്ടികളെ നേരിട്ട് വിളിച്ച എം.പി അവരുടെ അടുത്തെത്തി. മൈലാടിയിൽ തന്നെ അവർക്ക് കളിക്കുവാൻ സംവിധാനമൊരുക്കാമെന്ന് വാഗ്ദാനം ചെയ്തതോടെ രസത്തിന് ചെയ്ത വീഡിയോ സ്വപ്ന സാക്ഷാത്കാരമായി.

## സർക്കാറിന്റെ തൊഴിലാളി ദ്രോഹനിലപാടിനെതിരെ
# എസ്.ടി.യു കലക്ടറേറ്റ് മാർച്ച് 31ന്

മലപ്പുറം: സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നിലപാടിൽ പ്രതിഷേധിച്ച് എസ്.ടി.യു സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരം 31ന് സംസ്ഥാനത്തെ മുഴുവൻ കലക്ടറേറ്റുകളിലേക്കും നടക്കുന്ന മാർച്ചിന്റെ ഭാഗമായി മലപ്പുറം കലക്ടറേറ്റിലേക്ക് മാർച്ചും, ധർണ്ണയും നടത്താൻ നിർമ്മാണ തൊഴിലാളി യൂണിയൻ (എസ്.ടി.യു) യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറിമാരുടെ യോഗം തീരുമാനിച്ചു. ധർണ എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ് ഉദ്ഘാടനം ചെയ്യും. നിർമാണ മേഖലയിലെ തൊഴിലാളികൾ നേടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന്ന് ഇടപെടുക, പത്ത് വർഷത്തോളമായി സംസ്ഥാനത്ത് പുഴകളിൽ നിന്ന് മണൽ വാരുന്നതിന്ന് ഏർപ്പെടുത്തിയ നിരോധനം അവസാനിപ്പിക്കുക, ശക്തമായ സാമ്പത്തിക അടിത്തറയുണ്ടായിരുന്ന നിർമാണ തൊഴിലാളി ക്ഷേമ നിധി ബോർഡിനെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിക്കും. തൊഴിലാളികളുടെ പെൻഷൻ ഉൾപെടെയുള്ള ആനുകൂല്യ കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന സെക്രട്ടറി സി. അബ്ദുൽ നാസർ ഉദ്ഘാടനം ചെയ്തു. നിർമാണ തൊഴിലാളി യൂണിയൻ (എസ്.ടി.യു) ജില്ലാ പ്രസിഡന്റ് എം. ഉമ്മർ മാസ്റ്റർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി അടോട്ട് ചന്ദ്രൻ റിപ്പോർട്ട് അവതരിപ്പിച്ചു.

യൂണിയൻ ജില്ലാ വൈസ് പ്രസിഡന്റ് പി.കെ ആലി സ്വാഗതവും ട്രഷറർ സി. ചെറിയാപ്പു ഹാജി നന്ദിയും പറഞ്ഞു. യൂണിയൻ സംസ്ഥാന ഭാരവാഹികളായ വി. ബുഷ്റാബി, പി.കെ സാജിത, പി. കുഞ്ഞിമൊയ്തീൻ മാസ്റ്റർ, ജില്ലാ ഭാരവാഹികളായ കട്ടുപ്പാറ മുഹമ്മദാലി, നൊട്ടത്ത് മുഹമ്മദ്, പി.ടി കൃഷ്ണൻ, കെ.വി ഖാദർ, ഉമ്മർകോയ കൊണ്ടോട്ടി, എം. അബു പൊന്നാനി, കെ.വി.എം ജാഫർ, കെ.ടി കുഞ്ഞാലിക്കുട്ടി, പി.കെ ഉമ്മർ, സുനീർ ബാബു പാണ്ടിക്കാട്, എം.പി അസൈനാർ, ഒ.കെ അബൂബക്കർ, എം.കെ ഹുസൈൻ പ്രസംഗിച്ചു.

## വീടിന് തീപിടിച്ച് ഗൃഹോപകരണങ്ങൾ ഉൾപ്പെടെ കത്തിനശിച്ചു

എടക്കര: വഴിക്കടവ് കാരക്കോട് വീടിന് തീപിടിച്ച് ഗൃഹോപകരണങ്ങൾ ഉൾപ്പെടെ എല്ലാം കത്തിനശിച്ചു. അമ്പലക്കുന്നത്ത് മണലായി വീട്ടിൽ പ്രേമദാസൻ എന്നയാളുടെ തകരഷീറ്റുകൾ കൊണ്ട് മറച്ചുകെട്ടിയ പ്ലാസ്റ്റിക് മേഞ്ഞ വീടാണ് കത്തിനശിച്ചത്. ഇന്നലെ ഉച്ചക്ക് 12.30 ഓടെയാണ് സംഭവം. പ്രേമദാസനും കുടുംബവും 15 വർഷമായി താമസിച്ചു വരുന്ന വീടാണിത്. പ്രേമദാസൻ ജോലി ആവശ്യാർഥം മംഗലാപുരത്താണ്. ഇയാളുടെ ഭാര്യയും കുട്ടിയും ആശുപത്രിയിലേക്ക് പോയ സമയത്തായിരുന്നു തീപിടിത്തമുണ്ടായത്. വൈദ്യുതി ഷോർട്ട് സർക്യൂട്ട് മൂലമാകാം തീപിടിത്തമുണ്ടായതെന്നാണ് കരുതുന്നത്. ഗൃഹോപകരണങ്ങളും വസ്ത്രങ്ങളും വിലപിടിപ്പുള്ള രേഖകളുമെല്ലാം കത്തിനശിച്ചിട്ടുണ്ട്. ഇവരുടെ വീട് നിർമാണം നടന്നുവരികയാണ്. ഇതിന്റെ ചെലവിലേക്കുള്ള പണവും കത്തിനശിച്ചവയിലുണ്ട്. വിവരമറിഞ്ഞ് വഴിക്കടവ് പൊലീസും നാട്ടുകാരും സ്ഥലത്തെത്തി തീയണക്കാൻ ശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. ഒടുവിൽ നിലമ്പൂരിൽ നിന്ന് അഗ്നിരക്ഷാ സേന എത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്.



വഴിക്കടവ് കാരക്കോട് പ്രേമദാസന്റെ കത്തിനശിച്ച വീട്

# നിരീക്ഷണം

ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റികൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല. പരലോകത്ത് നരകമല്ലാതെ മറ്റൊന്നും കിട്ടാനില്ലാത്തവരാകുന്നു അക്കൂട്ടർ. അവർ ഇവിടെ പ്രവർത്തിച്ചതെല്ലാം പൊളിഞ്ഞുപോയിരിക്കുന്നു. അവർ ചെയ്തുകൊണ്ടിരിക്കുന്നതെല്ലാം ഫലശൂന്യമത്രെ.

( വിശുദ്ധ ഖുർആൻ: 11: 15,16 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 മുഹറം 23 • 1199 കർക്കിടകം 14

## ഗസ്സയെ കത്താൻ വിട്ട് ലോകം അധികം ഉറങ്ങില്ല

പത്ത് മാസം പിന്നിടുന്ന ഗസ്സ വംശഹത്യയിൽ മരണം നാൽപതിനായിരത്തോട് അടുക്കുകയാണ്. മാരകമായ പരിക്കുകളോട് പതിനായിരങ്ങൾ ചികിത്സ പോലും കിട്ടാതെ നരകിച്ചുകൊണ്ടിരിക്കുന്നു. ഇസ്രാഈലിന്റെ ബോംബുവർഷത്തിൽ ഗസ്സ തവിടുപൊടിയായിട്ടുണ്ട്. തകരാതെ ഇനിയൊന്നും അവിടെ അവശേഷിക്കുന്നില്ല. അവശിഷ്ടക്കൂമ്പാരങ്ങൾക്കിടയിൽ എങ്ങോട്ടെന്നില്ലാതെ നെട്ടോട്ടമോടുന്ന ഏതാനും മനുഷ്യർ മാത്രമാണ് ബാക്കിയുള്ളത്. അവരെതന്നെ എവിടെയും തങ്ങാൻ അനുവാദിക്കാതെ ഇസ്രാഈൽ പട്ടാളക്കാർ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ലക്ഷക്കണക്കിന് ആളുകൾ ഭക്ഷണവും വെള്ളവും കിട്ടാതെ അലയുകയാണ്. പിഞ്ചുകുഞ്ഞുങ്ങളടക്കം പട്ടിണികിടന്ന് മരിച്ചുകൊണ്ടിരിക്കുന്നു. ഇസ്രാഈലിന്റേത് അതിരുവിട്ട കാടത്തമാണെന്ന് ലോകം മുഴുവൻ സമ്മതിക്കുന്നുണ്ട്. പക്ഷേ, ആരും പ്രതികരിക്കുന്നില്ല. ലോകത്തെ ഏകദേശം എല്ലാ രാജ്യങ്ങളും ഇസ്രാഈലിന്റെ തോളു ചേർന്നുനടക്കുകയാണ്. ഫലസ്തീനികൾ എത്ര തന്നെ പിടഞ്ഞുമരിച്ചാലും പ്രശ്നമില്ലെന്ന ഭാവത്തിലാണ് അന്താരാഷ്ട്ര സമൂഹം. ഗസ്സയിൽ ഇസ്രാഈൽ തുടരുന്നതുപോലൊരു കൂട്ടക്കുരുതിയോ കണ്ണും മൂക്കുമില്ലാത്ത ആക്രമണങ്ങളോ യുക്രെയ്നിൽ നടന്നിട്ടില്ലെങ്കിലും നിയമവിരുദ്ധമായ അധിനിവേശത്തിന്റെ പേരിൽ പാരിസ് ഒളിംപ്ക്സിൽ റഷ്യ വിലക്കു നേരിടുന്നുണ്ട്. അധനിവേശത്തിന്റെ സർവ്വ അതിർവരമ്പുകളും ഭേദിച്ച് ഇസ്രാഈൽ ഫലസ്തീനെ വിഴുങ്ങുകയും ഗസ്സയിലും വെസ്റ്റ്ബാങ്കിലും രാക്ഷസനെപ്പോലെ ആളുകളെ കൊന്നുതള്ളുകയും ചെയ്തിട്ടും ഇസ്രാഈലിനെ തൊടാൻ അന്താരാഷ്ട്ര ഒളിംപിക് കമ്മിറ്റി തയാറായിട്ടില്ല. വിലയ്ക്കില്ലെന്ന് മാത്രമല്ല, അഭൂതപൂർവ്വമായ സുരക്ഷാ സന്നാഹങ്ങളോടെ ഒളിംപിക് വില്ലേജിൽ ഇസ്രാഈലിന്റെ കായിക താരങ്ങളെ തോളിലേറ്റി നടക്കുകയാണ് ഫ്രഞ്ച് അധികൃതർ. യുക്രെയ്നിലെ റഷ്യൻ അധിനിവേശം അപലപനീയമാണെന്ന കാര്യത്തിൽ സംശയമില്ല. റഷ്യയെക്കാൾ വലിയൊരു ഭ്രാന്തൻ നിയങ്ങളെല്ലാം കാറ്റിൽ പറത്തി സാധാരണക്കാരായ പാവം മനുഷ്യരെ പിച്ചിച്ചീന്തി എറിയുമ്പോൾ പ്രതിഷത്തിന്റെ ചെറിയൊരു ഓളമെങ്കിലും സെൻ നദിയിൽ കാണേണ്ടതായിരുന്നു. ഗസ്സയിലെ വംശഹത്യയിൽ ലോകത്തിന്റെ പ്രതിഷേധം ഇസ്രാഈലിനെ അറിയിക്കാനുള്ള മികച്ച അവസരമാണ് പാഴായിരിക്കുന്നത്. ഒളിംപിക്സ് നടക്കുമ്പോഴെങ്കിലും വെടിനിർത്തണമെന്ന് ആവശ്യമുയർന്നെങ്കിലും ഇസ്രാഈൽ ചെവികൊണ്ടില്ല. അത്തരമൊരു താൽക്കാലിക വെടിനിർത്തലിന് അവരെ പ്രേരിപ്പിക്കാനും ഫ്രാൻസ് ഉൾപ്പെടെയുള്ള പാശ്ചാത്യ ശക്തികളും താൽപര്യമെടുത്തില്ലെന്നത് ഏറെ ദൗർഭാഗ്യകരമാണ്.

ഗസ്സയിൽനിന്നുള്ള സ്ഫോടന ശബ്ദങ്ങളും ആർത്തനാദങ്ങളും ജനങ്ങളുടെ കൂട്ട പലായനങ്ങളും ലോകത്തെ പ്രമുഖ രാജ്യങ്ങളെല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും ഇടപെടാതെ അറച്ചുനിൽക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യത്തിനുള്ള ഉത്തരവും എല്ലാവർക്കും അറിയാം. വംശീയവും ആദർശപരവുമായ താൽപര്യങ്ങളാണ് ഭൂരിഭാഗം രാജ്യങ്ങളെയും നിയന്ത്രിക്കുന്നത്. ഇസ്രാഈലിന്റെയും അമേരിക്കയുൾപ്പെടുന്ന വൻശക്തികളുടെയും സിരകളിലൂടെ ഓടുന്നത് ഒരേ രക്തം തന്നെയാണ്. പാരിസ് ഒളിംപിക്സിന്റെ ഉദ്ഘാടനച്ചടങ്ങിൽനിന്ന് ഫ്രഞ്ച് റിലേ താരം സുൻകാംബ സിലയെ മാറ്റിനിർത്തിയത് ഏതൊരു സങ്കുചിതത്വത്തിന്റെ പേരിലാണോ അതു തന്നെയാണ് ഫലസ്തീനികളുടെ കാര്യത്തിൽ പലർക്കും കണ്ണീരു പൊട്ടാതിരിക്കാൻ കാരണം. മതഭ്രാന്തും വംശീയ ചിന്തകളും ആഗോളതലത്തിൽ ചീഞ്ഞു നാറുന്നുണ്ട്. ഫലസ്തീനികൾ തുടച്ചുമാറ്റപ്പെട്ടാലും തങ്ങൾക്കൊന്നും പറ്റരുതെന്ന ചിന്തയോടെ ഒന്നിലും ഇടപെടാൻ നിൽക്കാതെ സ്വന്തം മാളത്തിലേക്ക് തല വലിച്ചിരിക്കുന്ന രാജ്യങ്ങളെയും ധാരാളം കാണാം. ഫലസ്തീനികളുടെ സുഹൃത്തുക്കൾ പോലും അക്കൂട്ടത്തിലുണ്ടെന്നതാണ് ഏറെ ഖേദകരം.

ഗസ്സ ആളിക്കത്തുമ്പോൾ എത്തിനോക്കാൻ പോലും നിൽക്കാതെ സ്വന്തം വീട്ടിൽ മനസ്സമാധാനത്തോടെ ഉറങ്ങാമെന്ന മന:സമാധാനത്തോടെ ഏറെക്കാലം ആർക്കും മുന്നോട്ടുപോകാനാവില്ല. ലബനാനിൽനിന്ന് ഹിസ്ബുല്ലയും യമനിൽനിന്ന് ഹൂഥി പോരാളികളും ഇസ്രാഈലിനുനേരെ തുടർന്നുകൊണ്ടിരിക്കുന്ന നിരന്തര ആക്രണങ്ങൾ ഗസ്സയിലെ തീ അവിടമാത്രം ഒതുങ്ങില്ലെന്നതിന്റെ സൂചനകളാണ്. ലബനീസ് അതിർത്തിക്കിപ്പുറം തങ്ങളുടെയും ഉറക്കം നഷ്ടപ്പെട്ടുതുടങ്ങിയതായി ഇസ്രാഈൽ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. ആക്രമണങ്ങളും തിരിച്ചടികളും പശ്ചിമേഷ്യയെ വലിയൊരു യുദ്ധത്തിലേക്കാണ് കൊണ്ടുപോകുന്നത്. ഗസ്സയിൽ തീ കെടുത്തിയില്ലെങ്കിൽ സ്വന്തം പുരയിടത്തെയും അത് ഭസ്മമാക്കുമെന്ന് എല്ലാവരും മനസ്സിലാക്കുന്നത് നല്ലതാണ്.

### അടിക്കുറിപ്പ്

ഡൽഹി കോച്ചിങ് ബേസ്മെന്റിൽ വെള്ളം നിറഞ്ഞ് മൂന്ന് വിദ്യാർഥികൾ മരിച്ച സംഭവം ഹൃദയഭേദകമാണ്. പരേതാത്മാക്കൾക്കും ദുഃഖാർത്തരായ കുടുംബങ്ങൾക്കും വേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നു. അടുത്തിടെ പട്ടേൽ നഗറിൽ വൈദ്യുതാഘാതമേറ്റ് ഒരു വിദ്യാർത്ഥി മരിച്ചു.
സ്വപ്നങ്ങൾ നിറവേറ്റാൻ ദൂരെ ദൂരെ നിന്ന് ഇവിടെയെത്തുന്ന കുട്ടികളുടെ മരണം അധികാരികളുടെ അശ്രദ്ധയുടെ പരിസമാപ്തിയാണ്. ഇത് കുറ്റകരവും നിരുത്തരവാദരവാദിത്തപരവുമാണ്. ഉത്തരവാദികളെ ശിക്ഷിക്കുകയും വിദ്യാർത്ഥികൾ താമസിക്കുന്ന പ്രദേശങ്ങളിലെ നിയമവിരുദ്ധവും മാരകവുമായ ഓരോ നിർമാണവും തിരുത്തുകയും വേണം.

പ്രിയങ്കാ ഗാന്ധി

### ചരിത്രത്തിൽ ഇന്ന്

1937 ടങ്ചൗ സംഭവം
1945 ബി.ബി.സി. ലൈറ്റ് പ്രോഗ്രാം റേഡിയോ സ്റ്റേഷൻ പ്രവർത്തനമാരംഭിച്ചു.
1957 ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസി ആരംഭിച്ചു.
1981 ചാൾസ് രാജകുമാരനും ഡയാന രാജകുമാരിയും വിവാഹിതരായി.
2005 ജ്യോതിശാസ്ത്രജ്ഞർ കുള്ളൻ ഗ്രഹം എന്നു കരുതപ്പെടുന്ന ഈറിസ് കണ്ടെത്തിയതായി അറിയിച്ചു

# അവകാശ പോരാട്ടങ്ങളുടെ ധീരശബ്ദം



അഡ്വ. പി.എം.എ സലാം

കനക ശോഭയോടെ ചരിത്രത്തിൽ ജ്വലിച്ചു നിൽക്കുന്ന അധ്യായമാണ് ബി. പോക്കർ സാഹിബിന്റെ ജീവിതം. സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിംലീഗ് പ്രസ്ഥാനത്തിന്റെ ജീവസുറ്റ പോരാളിയായിരുന്നു അദ്ദേഹം. ഭരണഘടനാ അസംബ്ലിയിൽ ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ന് പോക്കർ സാഹിബിന്റെ വിയോഗ ദിനമാണ്. മുസ്‌ലിംലീഗ് പ്രസ്ഥാനം ഈ കാണുന്ന കരുത്തിൽ വളർന്നത് പോക്കർ സാഹിബിനെ പോലുള്ള നേതാക്കളുടെ ആത്മാർത്ഥമായ പ്രവർത്തനം കൊണ്ടാണ്.

ഖിലാഫത്ത്, നിസഹകരണ പ്രസ്ഥാനം ഉൾപ്പെടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഗംഭീര സന്ദർഭങ്ങളിൽ പോക്കർ സാഹിബിന്റെ സാനിധ്യം കാണാം. മലബാറിലെ മുസ്‌ലിം സമുദായത്തിൽനിന്ന് ബിരുദം നേടുന്ന അഞ്ചാമത്തെയാൾ പോക്കർ സാഹിബായിരുന്നു. നിയമബിരുദം നേടുന്ന രണ്ടാമത്തെ മുസ്‌ലിമായും പോക്കർ സാഹിബ് ചരിത്രത്തിൽ എണ്ണപ്പെടുന്നു. വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നിലായിരുന്ന ഈ സമുദായത്തെ മുന്നോട്ട് നയിക്കാൻ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം മനസ്സിലാക്കി.

മുസ്‌ലിംലീഗിന്റെ പതാകയേന്തി പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ ജനതക്ക് വേണ്ടി ജീവിതം ഉഴിഞ്ഞ് വെച്ചു.

1921ൽ മലബാർ സമരം അനാഥമാക്കിയ മുസ്‌ലിം സമുദായത്തിന് ആശ്വാസത്തിന്റെ കിരണങ്ങളുമായി മദിരാശിയിൽനിന്ന് വണ്ടികയറിയ പോക്കർ സാഹിബ് മാപ്പിള അമിലിയറേഷൻ കമ്മിറ്റി രൂപീകരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1930 മുതൽ 1936 വരെ മദ്രാസ് യുണൈറ്റഡ് നാഷണലിസ്റ്റ് പാർട്ടി സെക്രട്ടറി എന്ന നിലയാണ് അദ്ദേഹം പ്രവർത്തിച്ചത്. മലബാർ സമരത്തിന്റെ പേരിൽ നാടുകടത്തപ്പെട്ട മാപ്പിളമാർക്ക് വേണ്ടി നിരന്തരം വാദിച്ച അദ്ദേഹം 1946ൽ ഭരണഘടനാ അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.



ബി. പോക്കർ സാഹിബ് ഓർമയായിട്ട് 59 വർഷം

ഇന്ത്യൻ ഭരണഘടനയിൽ ഇന്ന് കാണുന്ന ന്യൂനപക്ഷ അവകാശങ്ങളെല്ലാം എഴുതിച്ചേർക്കപ്പെട്ടത് പോക്കർ സാഹിബിനെ പോലുള്ള നേതാക്കളുടെ ശ്രമ ഫലമായിട്ടാണ്.

സത്താർ സേട്ട്, ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, സീതി സാഹിബ്, ബാഫഖി തങ്ങൾ തുടങ്ങിയ നേതാക്കൾക്കൊപ്പം മുസ്‌ലിംലീഗിന്റെ സന്ദേശം പ്രചരിപ്പിക്കാൻ മുന്നിട്ടിറങ്ങിയ പോക്കർ സാഹിബ് സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിംലീഗിന്റെ ആദ്യത്തെ പാർലമെന്റ് അംഗമാണ്. 1952ൽ മലപ്പുറത്ത് നിന്നും 1957ൽ മഞ്ചേരിയിൽനിന്നും അദ്ദേഹം മുസ്‌ലിംലീഗ് പ്രതിനിധിയായി ലോക്സഭയിലെത്തി. സ്പെഷ്യൽ മാര്യേജ് ആക്ടിലെ ശരീഅത്ത് വിരുദ്ധ നീക്കങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ ഉൾപ്പെടെ പോക്കർ സാഹിബിന്റെ ലോക്സഭയിലെ ഇടപെടലുകൾ ഏറെ ശ്രദ്ധേയമായിരുന്നു.

മുസ്‌ലിം വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പോക്കർ സാഹിബ് ഏറെ ശ്രമങ്ങൾ നടത്തി. സൗത്ത് ഇന്ത്യ മുസ്‌ലിം എജ്യുക്കേഷണൽ സൊസൈറ്റി, കേരള മുസ്‌ലിം എജ്യുക്കേഷണൽ അസോസിയേഷൻ തുടങ്ങിയ സംവിധാനങ്ങളുടെ സ്ഥാപക നേതാവായിരുന്നു അദ്ദേഹം. എന്റെ നാടായ തിരൂരങ്ങാടിയിൽ തലയുയർത്തി നിൽക്കുന്ന പോക്കർ സാഹിബ് മെമ്മോറിയൽ കോളേജ് (പി.എസ്.എം.ഒ) ആ നേതാവിന്റെ മഹത്വത്തെ എപ്പോഴും ഓർമ്മിക്കാനുള്ള സ്മാരകങ്ങളിൽ ഒന്നാണ്.

1965 ജൂലൈ 29നാണ് പോക്കർ സാഹിബ് വിടവാങ്ങിയത്. നവോത്ഥാന നായകൻ, ഭരണഘടനാ വിദഗ്ധൻ, പാർലമെന്റേറിയൻ, പ്രഭാഷകൻ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ അദ്ദേഹം മികവ് തെളിയിച്ചു. അരക്ഷിതാവസ്ഥയിൽ ആണ്ട് കിടന്ന സമുദായത്തെ കരളുറപ്പോടെ മുന്നിൽനിന്ന് നയിച്ചു. എതിർപ്പുകളുടെ പേമാരികളെ പുഞ്ചിരിയോടെ നേരിട്ടു. അവകാശ സംരക്ഷണത്തിന് വേണ്ടി സിംഹസമാനമായ പോരാട്ടം നടത്തി. മുസ്‌ലിംലീഗിനെതിരെ വരുന്നത് ആരായാലും അവരെ പുല്ലോളം വകവെച്ചില്ല. ആ ധീരനേതൃത്വത്തിന്റെ ഓർമകൾ നമുക്ക് മുന്നോട്ട് നടക്കാനുള്ള ഊർജ്ജമാകട്ടെ.

# രാജ്യത്തെ തെറ്റിദ്ധരിച്ച പ്രധാനമന്ത്രി

അഡ്വ . അഹമ്മദ് മാണിയൂർ

ഇന്ത്യയുടെ ആത്മാവ് കണ്ടെത്തുകയും ആത്മാവിൽ നിർല്ലീനമായ സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ചരിത്രത്തിന്റെയും ഇഴകൾ കൂട്ടിച്ചേർത്ത് നവ രാഷ്ട്ര സൃഷ്ടിക്കു നേതൃത്വം നൽകുകയും ചെയ്ത പ്രധാനമന്ത്രിയായിരുന്നു പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു. കൊളോണിയലിസവും ജാതി നിഷ്ടകളും ഉച്ചിയിൽ വാഴുന്ന കാലത്ത് അവയുടെ മുഷ്ടിയിൽ നിന്ന് രാജ്യത്തിന്റെ ആത്മാവിനെ മോചിപ്പിച്ചെടുക്കാനും സ്വതന്ത്ര ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് ഇന്ത്യ എന്ന തന്റെ സങ്കൽപം പ്രയോഗത്തിൽ വരുത്താനുമുള്ള നെഹ്റുവിന്റെ ഭഗീരഥ യത്നങ്ങളുടെ ഒരു ഉപോൽപന്നമാണ് അദ്ദേഹം എഴുതിയ ഇന്ത്യയെ കണ്ടെത്തൽ( Discovery of India ) എന്ന ഗ്രന്ഥം. നെഹ്റു പ്രധാനമന്ത്രിയാകുന്നതു സംബന്ധിച്ച് ആലോചനകൾ പോലും നടക്കുന്നതിന് മുമ്പ് 1942 – 45 കാലത്തു മഹാരാഷ്ട്രയിലെ അഹമ്മദ് നഗർ ഫോർട്ട് ജയിലിൽ ക്വിറ്റിന്ത്യാ സമര തടവുകാരനായി കഴിയുമ്പോൾ അദ്ദേഹം ഇത് എഴുതിത്തീർത്തത്.

നെഹ്റുവിനെപ്പോലെ ധിഷണാശാലികളും അല്ലാത്തവരുമായ 14 പ്രധാന മന്ത്രിമാർ ഇന്ത്യയിലുണ്ടായി. അവരിൽ 13 പേരും ഉയർത്തിപ്പിടിച്ച ആശയങ്ങൾ നെഹ്റുവിയൻ ജനാധിപത്യ മതേതര ആശയങ്ങൾ തന്നെയായിരുന്നു. നരേന്ദ്ര മോദിയാണ് ഗോൾവാൾക്കർ ആശയങ്ങളുമായി അധികാരത്തിൽ വന്നത്. ഗോൾവാൾക്കറുടെ ഫാഷിസ ചിന്തകളുമായിത്തന്നെയാണ് അധികാരത്തിൽ വന്നതെങ്കിലും അടൽ ബിഹാരി വാജ്പെയ്ക്ക് മതേതര ജനാധിപത്യ രീതികളിൽ നിന്ന് കടുകിട വ്യതിചലിക്കാൻ സാധിച്ചിരുന്നില്ല. വിദ്വേഷ വ്യാപാരങ്ങളും ഉണ്ടായില്ല. പരകക്ഷി സഹായമില്ലാതെ ബി.ജെ.പി ക്കു തനിച്ചു ഭരിക്കാനുള്ള ഭൂരിപക്ഷമില്ലാതിരുന്നതാണ് കാരണം. 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് ശേഷവും സീറ്റുകൾ കൂടുതലുണ്ടെങ്കിലും വാജ്പെയ്യുടെ കാലത്തെ രാഷ്ട്രീയാവസ്ഥയിൽതന്നെയാണ് നരേന്ദ്ര മോദി അകപ്പെട്ടിരിക്കുന്നത്. 2014 മുതൽ പത്തു വർഷക്കാലം ആരുടെയും സഹായമില്ലാതെ ഒറ്റക്കു ഭരിക്കുകയും ഹിന്ദു രാഷ്ട്രമെന്ന സംഘ്പരിവാർ ലക്ഷ്യത്തിലേക്കു രാജ്യത്തെ മെല്ലെ മെല്ലെ നീക്കിക്കൊണ്ടിരിക്കുകയും ആയിരുന്നു അവർ. ലക്ഷ്യപ്രാപ്തിക്കു വേണ്ടി അതിശക്തിയോടെ 400 സീറ്റുകളുമായി മൂന്നാമൂഴത്തിലേക്ക് എന്നാർത്തു വിളിച്ചു കൊണ്ടുള്ള അഹങ്കാര പാച്ചിലിൽ എന്തുകൊണ്ടാണ് അവർക്കു കാൽ വഴുതിപ്പോയത്.

ബി.ജെ.പിയും നരേന്ദ്ര മോദിയും ഇന്ത്യൻ ജനതയെ തെറ്റിദ്ധരിച്ചു എന്നതാണ് പ്രധാന കാരണം സ്വന്തം ജനതയുടെ ഉള്ളറിയുന്നതിൽ പരാജയപ്പെട്ട എല്ലാ ഭരണാധികാരികൾക്കും സംഭവിച്ചിട്ടുള്ള ചരിത്രാവർത്തനം മാത്രമായേ മോദിയുടെ ഈ പതനത്തെയും കാണേണ്ടതുള്ളൂ. പാർലമെന്റ് തിരഞ്ഞെടുപ്പിനു മുമ്പും തിരഞ്ഞെടുപ്പ് കാലത്തും മോഡിയും അമിത്ഷായും ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്ന ഹിന്ദുത്വ അജണ്ടകളെക്കുറിച്ചൊന്നും ഉരിയാടാൻ പോലും അവർക്കിപ്പോൾ സാധിക്കുന്നില്ല. ബി.ജെ.പി യുടെ തിരഞ്ഞെടുപ്പ് പ്രകടനപത്രിക പോലും ഒളിപ്പിച്ചു വെക്കേണ്ട ദയനീയാവസ്ഥയിലായിത്തീർന്നിരിക്കുന്നു.

ലോക ചരിത്രത്തിലെ ഏറ്റവും ക്രൂരരായി കരുതപ്പെടുന്ന രണ്ട് ഭരണാധികാരികളാണ് മുസോളിനിയും ഹിറ്റ്ലറും. നരേന്ദ്ര മോദിക്കും സംഘ്പരിവാറിനും മാതൃകാ ഭരണാധികാരികളാണ് ഇവർ രണ്ടു പേരും .ഹിറ്റ്ലറുടെ ദേശീയ നയവും ജർമൻ വംശീയ ശുദ്ധീകരണവും ഇന്ത്യയിലും പ്രയുക്തമായ മാതൃകയായി ഗോൾവാൾക്കർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഹിറ്റ്ലറെ മഹാവിഷ്ണുവിന്റെ അവതാരമായും ചില സംഘ് പരിവാർ എഴുത്തുകാർ വിശേഷിപ്പിച്ചിട്ടുണ്ട്. താൻ ചെയ്യുന്നതെല്ലാം ജർമനിയുടെ അഭ്യുന്നതിക്കു വേണ്ടിയുള്ളതാണെന്ന് പ്രചരിപ്പിക്കുകയും ജർമൻ ജനത തന്റെ ചെയ്തികളെ പിന്തുണക്കുന്നതായി കരുതുകയുമായിരുന്നു ഹിറ്റ്ലർ . അദ്ദേഹത്തിന്നു മാതൃകാ പുരുഷനായിരുന്നു ഇറ്റലിയിലെ മുസോളിനി. രാജ്യത്തെയും വംശീയതയേയും മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ ചെയ്തികൾ ജനങ്ങൾക്കിടയിൽ തന്നെ ഹീറോ ആക്കിയിട്ടുണ്ടെന്ന് മുസോളിനി തെറ്റിദ്ധരിച്ചു. അതേ ജനത അവസരം കൈവന്നപ്പോൾ മുസോളിനിയുടെ മൃതശരീരം പോലും കെട്ടിത്തൂക്കി ചെരിപ്പുകൊണ്ടടിച്ച് ആഘോഷ നൃത്തമാടി. ഹിറ്റ്ലർ എല്ലാം നഷ്ടപ്പെട്ട് തടവുകാരനാക്കപ്പെടുന്ന ദയനീയാവസ്ഥയിൽ ആത്മഹത്യ ചെയ്തു. ഹിറ്റ് ലറുടെ അന്ത്യം അറിഞ്ഞ ജർമ്മൻ ജനതയും ആനന്ദിച്ചാറാടി.

ഇന്ത്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളായതു കൊണ്ട് അവർ ഹിന്ദു രാഷ്ട്ര വാദത്തോടൊപ്പമാണെന്ന് നരേന്ദ്ര മോദി തെറ്റിദ്ധരിച്ചിരിക്കുന്നു. സഹസ്രാബ്ദങ്ങളായി ഇന്ത്യൻ ജനതക്കിടയിൽ ആഴ്ന്നിറങ്ങി വളർന്നു വന്ന മാനവിക സൗഹൃദ ഭാവങ്ങളെ കണ്ടറിയാൻ മോദിക്കും സംഘ് പരിവാറിനും സാധിച്ചില്ല. മുൻ സുപ്രീംകോടതി ജസ്റ്റീസ് മാർഖണ്ഡേയ കഡ്ജു അഭിപ്രായപ്പെട്ടതു പോലെ ചെറുപ്പം മുതൽ തന്നെ ആർ.എസ്.എസ് ക്ലാസുകളിലായിരുന്ന നരേന്ദ്ര മോദിക്ക് അവർ കുത്തിവെച്ചു കയറ്റിയ വിദ്വേഷങ്ങളും മുസ്‌ലിം വിരോധവും അല്ലാതെ മറ്റൊന്നും മനസിലില്ല. വലിയ പഠിപ്പില്ലാത്തതു കൊണ്ട് അറിവിന്റെ വിശാലതകളുമില്ല. ഹിന്ദുക്കൾ മുസ്‌ലിംകളെ വെറുക്കുന്നുവെന്നും മുസ്‌ലിം വിദ്വേഷം പ്രചരിപ്പിച്ച് ഹൈന്ദവ ഭൂരിപക്ഷ പിന്തുണ നേടാനാകുമെന്നും അദ്ദേഹം വിശ്വസിച്ചു. ശ്രീരാമനെ ഒരു ദേശീയ വികാരമാക്കി വളർത്തിയെടുത്ത് പള്ളി പൊളിച്ച് രാമക്ഷേത്രം പണിതാൽ രാമഭക്തർ കൂടെപ്പോരുമെന്നും കരുതി. പക്ഷെ ഫലമുണ്ടായില്ല. അയോദ്ധ്യ ഉൾപ്പെടുന്ന ഫൈസാബാദ് ലോക്സഭാ മണ്ഡലത്തിൽ ബി.ജെ.പിക്കെതിരായി മത്സരിക്കാൻ തൊപ്പിയും താടിയുമുള്ള ബാബരി മസ്ജിദ് പരിപാലകനെ സ്ഥാനാർത്ഥിയാക്കി നിർത്തിയാൽ പോലും വൻ ഭൂരിപക്ഷത്തിൽ ജയിക്കുന്ന അവസ്ഥയാണല്ലൊ കണ്ടത്. മതേതര രാജ്യത്തിന്റെ ജനാധിപത്യ സിരാ കേന്ദ്രമായ പാർലമെന്റ് മന്ദിരത്തെ പോലും ഒരു മത ആരാധനാ കേന്ദ്രം പോലെ കാണുകയും കാഷായ പരിവൃഷ്ടിയിൽ സ്വയം പൂജാരിയായി ചമയുകയും ചെയ്തിട്ടും ഹൈന്ദവ സമൂഹം അത് അംഗീകരിച്ചില്ല. മതേതരത്തിന്റെ ശിലയിളക്കിപ്പടുത്തുയർത്തിയ രാമ ക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠാ വേഷങ്ങളെയും ജനം അംഗീകരിച്ചില്ല. മുസ്‌ലിംകളെ നിന്ദിച്ചു സംസാരിക്കുന്നത് ഹൈന്ദവ ഏകീകരണത്തെ സഹായിക്കുമെന്നും മോദി വെറുതെ നിനച്ചു. അത്തരത്തിൽ വിദ്വേഷപ്രസംഗം നടത്തിയ മണ്ഡലങ്ങളിലെല്ലാം മോദി പക്ഷം തോറ്റു. ദൈവാവതാരമായി സ്വയം പ്രഖ്യാപിച്ച് ദേവ നഗരിയായ വാരാണസിയിൽ മത്സരിച്ച മോദിപോലും കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു.

ഇന്ത്യയെയും ഹൈന്ദവ സമൂഹത്തെയും പറ്റിയുള്ള നരേന്ദ്ര മോദിയുടെയും പരിവാറിന്റെയും മനസിലുള്ള ധാരണകൾ പിശകായിപ്പോയി എന്ന് അവർ തിരിച്ചറിയുമോ. പാർലമെന്റ് തിരഞ്ഞെടുപ്പിന് ശേഷം നടന്ന ഉപതിരഞ്ഞെടുപ്പിലെ പരാജയവും അവരിൽ ഒരു പുനരാലോചനയും ഉണ്ടാക്കിയിട്ടില്ല. കേന്ദ്രമന്ത്രിമാരും മുഖ്യമന്ത്രിമാരും അടക്കമുള്ളവർ വിദ്വേഷ പ്രസ്താവനകൾ ആവർത്തിച്ചു കൊണ്ടിരിക്കുന്നു. സഹസ്രാബ്ദങ്ങളായി പരസ്പരം ഇഴുകിച്ചേർന്നു കിടക്കുന്ന വൈവിധ്യമാർന്ന ഇന്ത്യൻ സംസ്കാരത്തെയും ചരിത്രത്തെയും വക്രീകരിച്ച് പുനർനിർമിക്കാൻ ശ്രമിക്കുന്നവർ ഇറ്റലിയുടെയും ജർമനിയുടെയും സോവിയറ്റ് യൂണിയന്റെയും മറ്റും പതനങ്ങളുടെ രാഷ്ട്രീയ ചരിത്രങ്ങൾ ഇന്ത്യയിലും ആവർത്തിക്കാൻ സ്വയം വഴിയൊരുക്കുകയാണ്. വേദാന്തവും ഇസ്‌ലാമും ഇന്ത്യയുടെ തലച്ചോറും ശരീരവുമാണെന്നും രണ്ടും ആരോഗ്യത്തോടെ നില നിന്നാലെ ഇന്ത്യക്കു നിലനിൽപുള്ളൂ എന്നും സ്വാമി വിവേകാനന്ദൻ പറഞ്ഞതെങ്കിലും വിദ്വേഷ ചിന്തകർ മനസിൽ ഓർക്കേണ്ടതുണ്ട്

# കർമഫലം, കർമാനന്തരം

പ്രൊഫ. പി.കെ.കെ തങ്ങൾ

ഒരർത്ഥത്തിൽ കാലം എന്നുള്ളത് ഒരു മഹാനദിപോലെ അപ്രതിഹതമായ ഒരു പ്രവാഹമാണ്. ആർക്കും ഒന്നിനും ആ പ്രവാഹത്തെ തടഞ്ഞു നിർത്താനോ ഇല്ലാതാക്കാനോ സാധാരണ നിലയിൽ സാദ്ധ്യമല്ല. അത് അതിന്റെ പ്രക്രിയ തുടർന്നു കൊണ്ടേയിരിക്കും, പ്രകൃതി നിശ്ചിതമായ അവധിവരെ. പ്രപഞ്ചത്തിൽ നടന്നു കൊണ്ടിരിക്കുന്ന അനുകൂലവും പ്രതികൂലവും ചെറുതും വലുതുമായ ഏതൊരു ചലനത്തിനും കാലത്തെ പോലെ സാക്ഷിയായി മറ്റൊന്നുമില്ല. ഈയൊരു പ്രവാഹത്തിന്റെ വളരെ ചെറിയൊരു അംശമാണ് മനുഷ്യരുൾപ്പെടെ സർവ സൃഷ്ടി ചരാചരങ്ങളിലുമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്നത്. ആ പ്രതിഭാസത്തിന്റെ ചുരുങ്ങിയ അളവിനെ സമയം എന്നുമാണ് വിളിക്കപ്പെടുന്നത്. ദീർഘമായ അളവാകുമ്പോൾ കാലം എന്നും മനുഷ്യന്റെ സാമാന്യ പരിജ്ഞാനത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിൽ വിവക്ഷിക്കപ്പെടുന്നു. ഈ വ്യാഖ്യാനവും സമീപനവുമെല്ലാം വസ്തുതകൾ സസൂക്ഷ്മം വ്യാഖ്യാനിച്ച് വിലയിരുത്തി കണ്ടെത്താനാവുന്നവർക്ക് ഗ്രാഹ്യമാവുമെന്നല്ലാതെ, ജീവിതത്തെ വെറും ഒരു ഒഴുക്ക് മാത്രമായി കാണുന്നവർക്ക് തിരിച്ചറിഞ്ഞു കൊള്ളണമെന്നില്ല.

കാലത്തെ വെറുതെ ഒരു ഒഴുക്കായി കടന്നുപോവാൻ അനുവദിച്ചു കൂടാ. അതിനെ മനുഷ്യന്റെ ബൗദ്ധികവും പദാർത്ഥപരവുമായ സിദ്ധികൾ കൊണ്ട് മഹത്തായ ഫലസിദ്ധികൾ സാദ്ധ്യമാവുന്ന പ്രതിഭാസമാക്കി മാറ്റേണ്ടുന്ന കടമ മനുഷ്യനിൽ സ്വതസിദ്ധമായ പ്രത്യേകതകൾ വഴി നേടിയെടുക്കേണ്ടതാണ്. അങ്ങിനെയുള്ള ജീവിതത്തെയാണ് 'കർമ്മ നിരതരമായ' ജീവിതം അഥവാ കർമ്മ നൈരന്തര്യം എന്ന് വിശേഷിപ്പിക്കാറുള്ളത്. മനുഷ്യൻ ജീവിച്ചിരിക്കുന്നുവെന്നുള്ളതിന്റെ സാക്ഷ്യം കർമ്മങ്ങളാണ്; ആയിരിക്കണം. കർമ്മ നൈരന്തര്യമില്ലാത്തജീവിതം നിരർത്ഥകം, ഫലശൂന്യം.

വേദപാഠങ്ങൾ മനുഷ്യനെ പഠിപ്പിക്കുന്നത് കർമ്മം ജീവിതം നിഷ്കർമ്മണ്യത മൃത്യു എന്നാണല്ലോ. ജീവിതത്തിന്റെ മൊത്തം സത്തയായി ഏറ്റവും പ്രഥമമായി ഉൾക്കൊള്ളേണ്ടുന്ന ആശയവും ഇതു തന്നെയാണ്. അത് പാഴാക്കിക്കളഞ്ഞാൽ പിന്നെ തിരുത്തലിന് അവസരമില്ല. അങ്ങിനെ തിരുത്തലിന് അവസരം ലഭിക്കാത്ത സമാപ്തിയെയാണല്ലോ മരണം എന്നു വിളിക്കുന്നത്. മനുഷ്യൻ ജീവിക്കുന്നത് അഥവാ പണിയെടുക്കുന്നത് പ്രതിഫലത്തിന് വേണ്ടിയാണ്. പണിയെടുത്ത് വൈകുന്നേരം അഥവാ മാസാന്ത്യം കൈയിൽ വരുന്നതാണല്ലോ പണിക്കൂലി. ജീവിതത്തെ മുഴുവനായി ദീർഘമായ ഒരു ദിനമായി കണക്കാക്കിയാൽ എടുത്ത പണിക്കുള്ള കൂലി ലഭിക്കുക പണി തീർന്നശേഷമാണ്. ജീവിതമാകുന്ന കർമ്മ കാണ്ഠം അതിന്റെ പ്രതിഫലം മനുഷ്യന് നൽകുക പണികഴിഞ്ഞ് ആയുധം താഴെയിറക്കിവെച്ച ശേഷം. എന്ന് വെച്ചാൽ മരണാനന്തരം. ഈയൊരു സംഹിതയാണല്ലോ ഐഹികജീവിതാനന്തമുള്ള പാരത്രികജീവിതത്തെക്കുറിച്ചുള്ള ദിവ്യ പാഠം.

മനുഷ്യൻ സൃഷ്ടിക്കപ്പെട്ട് ജീവിത മണ്ഡലത്തിലേക്ക് ആനയിക്കപ്പെട്ട നാൾ മുതൽ അവൻ ജീവിച്ച് (പ്രവർത്തിച്ച്) മുന്നേറേണ്ടുന്ന ലാഭകരമായ വഴികളും അവന്റെ മുന്നിൽ തുറന്ന് വെക്കപ്പെട്ടിട്ടുണ്ട്. ആവശ്യാനുസൃതം അവ ഉപയോഗപ്പെടുത്താനുള്ള സിദ്ധികളെല്ലാം നൽകി ലാഭകരം അഥവാ സുരക്ഷിതമായിട്ടുള്ളത് തെരഞ്ഞെടുക്കാനുള്ള കഴിവും അവന് നൽകിയിട്ടുണ്ട്. ഓരോ നിമിഷവും, ഓരോ കാൽവെപ്പും ഈയൊരു ബോധത്തോടെയാണെങ്കിൽ അവിടെയാണ് ജീവിത വിജയം ദർശിക്കാനാവുക. നാം കാലത്തോടൊപ്പം ജീവിക്കുന്നു, അഥവാ കാലം നമ്മെയും കൊണ്ട് അതിവേഗം സഞ്ചരിക്കുന്നു. കാലത്തിന്റെ ചെറിയ അളവുകളായ നിമിഷങ്ങളും, മണിക്കൂറുകളും ദിനങ്ങളും, ആഴ്ചകളും, മാസങ്ങളും വർഷങ്ങളും അങ്ങനെയങ്ങനെ മുന്നേറി കാലം എന്ന അളവിലേക്കെത്തിച്ചേരുന്നതാണല്ലോ നമ്മുടെ അറിവ്. ചെറിയ അളവുകളാണ് പിന്നീട് ജീവിതമെന്ന അളവിനെ രൂപപ്പെടുത്തുന്നത്.

അവകാശപൂർവ്വം കൈയിലുള്ളതിനെയാണല്ലോ നാം 'മുതല്' എന്നു പറയാറുള്ളത്. മുതൽ മുടക്കാതെ ലാഭമുണ്ടാക്കാൻ ആർക്കെങ്കിലും കഴിയുമോ? മനുഷ്യനെ സംബന്ധിച്ചിടത്തോളം, ലോകത്തെല്ലാവർക്കും ഒരു വകഭേദവുമില്ലാതെ ജന്മനാ ലഭ്യമായിട്ടുള്ള മുടക്കു മുതൽ (കേപിറ്റൽ) ദിവസത്തിലെ ഇരുപത്തി നാല് മണിക്കൂർ എന്നുള്ളതാണ്. തനിക്കത്രയൊന്നും കിട്ടിയില്ല, അളവിൽ കുറവേ കിട്ടിയുള്ളൂ. ഇതുകൊണ്ട് ഞാനെന്താണ് ചെയ്യുക? എന്നോടെന്തിന് ഇങ്ങിനെയൊരുപക്ഷപാതം കാണിച്ചു? എന്നെങ്ങാനും ഇന്നുവരെ ലോകത്തെവിടെയെങ്കിലും ആർക്കെങ്കിലും പരാതിപ്പെടേണ്ടി വന്നിട്ടുണ്ടോ! തുല്യമായി ലഭ്യമായ സമയ ദൈർഘ്യത്തെ ക്രമപ്പെടുത്തി ഉപയോഗപ്പെടുത്താനുള്ള വ്യക്തികളുടെ കഴിവിലെ ഏറ്റക്കുറച്ചിലാണ് 'നേരമില്ല' എന്ന മുറവിളിയുടെ അടിസ്ഥാനം. തിരിച്ചറിയേണ്ടുന്ന അടിസ്ഥാനപരമായ വസ്തുത സമയമെന്നത് നിർവ്വചിച്ച് ആശയം കണ്ടെത്താൻ പ്രയാസമുള്ള ഒന്നല്ല; അത് മനുഷ്യന്റെ ജീവൻ തന്നെയാണ്. ഒരാൾ മരണപ്പെട്ടാൽ പൊതുവെ ലളിതമായ ശൈലി പലരും പ്രയോഗിക്കുന്നതായി കേൾക്കാറില്ലേ, 'അയാളുടെ സമയം കഴിഞ്ഞു'. അതെ, അതു തന്നെയാണ് അടിസ്ഥാന യാഥാർത്ഥ്യം. സമയം കഴിയുന്നതിന് മുമ്പേ സമയത്തെ അർത്ഥവത്തായി ഉപയോഗപ്പെടുത്തുക, അഥവാ കർമ്മം കൊണ്ട് നിറക്കുക. അങ്ങിനെ കർമ്മത്തിനുള്ള സാക്ഷി കാലമായിത്തീരുകയും ചെയ്യുക. അതിലൂടെ കടന്നുപോകുമ്പോൾ ബോധ്യപ്പെടേണ്ട പരമ പ്രധാനമായ വസ്തുത, ശരി തെറ്റ്, നന്മ തിന്മ എന്നീ രണ്ടു കാര്യങ്ങൾ മനുഷ്യന്റെ മനസാക്ഷിയിലുണ്ടായിരിക്കുകയും ജീവിത കാലയളവിനെ നന്മ കൊണ്ട് നയിക്കുകയും ചെയ്യുക എന്നുള്ളതുമാണ്. കൈയിലുള്ളതിനെ ബോധപൂർവ്വം ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയെന്നുള്ളതാണ് വിശേഷബുദ്ധിയുള്ളവന്റെ ബാദ്ധ്യത. അത് ആദ്യമായി ഉപയോഗപ്പെടുത്തേണ്ടത് തനിക്കു വേണ്ടി തന്നെയാണ്. മനുഷ്യനെ നന്മയിലേക്ക് ആത്യന്തികമായി എത്തിക്കാൻ സാമൂഹ്യ രംഗങ്ങളിൽ ഇടപെടുന്നവർ പ്രായോഗിക കാഴ്ചപ്പാടുള്ളവരാകണം അവർ സമൂഹത്തെ ബോധവൽക്കരിക്കേണ്ടുന്ന അടിസ്ഥാനപരമായ വിഷയം, കർമ്മത്തിലൂടെയാണ് ജീവിതം, കാലം കഴിഞ്ഞാൽ ജീവിതം കഴിഞ്ഞു. കർമ്മഫലം കർമ്മാനന്തരം എന്നുള്ളതാണ്.

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 107 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## മമത സമയം ആവശ്യപ്പെട്ടിട്ടില്ല

ന്യൂഡൽഹി: നീതി ആയോഗ് യോഗത്തിൽ സംസാരിക്കാൻ അനുവദിച്ചില്ലെന്ന മമത ബാനർജിയുടെ ആരോപണം തള്ളി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. മമത മനപ്പൂർവം യോഗത്തിൽ നിന്ന് ഇറങ്ങി പോവുകയായിരുന്നു. അനുവദിച്ച മുഴുവൻ സമയവും സംസാരിക്കാൻ അവർക്ക് അവസരം നൽകി. കൂടുതൽ സമയം അവർ ആവശ്യപ്പെട്ടില്ല. ആവശ്യപ്പെട്ടിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്നു. ബംഗാളിന് വേണ്ടിയും പ്രതിപക്ഷത്തിനായുമായാണ് താൻ സംസാരിക്കുന്നതെന്ന് പറഞ്ഞുകൊണ്ടാണ് മമത പ്രസംഗം തുടങ്ങിയത്. ഞങ്ങളെല്ലാം ശ്രദ്ധയോടെ കേട്ടിരുന്നു. എന്നാൽ, വേഗം പ്രസംഗം അവസാനിപ്പിച്ച് അവർ മടങ്ങി.



## അമിത് ഷാ മാന്യൻ ചമയേണ്ട

മുംബൈ: വ്യാജ ഏറ്റുമുട്ടൽ കേസിൽ പ്രതിയായിരുന്ന അമിത് ഷായെ ഗുജറാത്തിൽ നിന്ന് സുപ്രീം കോടതി നാടുകടത്തിയത് മറക്കേണ്ടെന്ന് എൻ.സി.പി സ്ഥാപക നേതാവ് ശരത് പവാർ. രാജ്യത്തെ മുഴുവൻ അഴിമതിക്കാരുടേയും കമാൻഡർ എന്നാണ് അമിത് ഷാ എന്നെ വിളിച്ചത്. എന്നാൽ ഗുജറാത്തിൽ നിയമങ്ങൾ ദുരുപയോഗം ചെയ്തയാളാണ് ഇന്നത്തെ കേന്ദ്ര ആഭ്യന്തര മന്ത്രിയെന്ന് മറക്കരുത്. അതിന്റെ പേരിൽ ഗുജറാത്തിൽ നിന്നും സുപ്രീംകോടതി അദ്ദേഹത്തെ നാടുകടത്തി. ഇതിൽ നിന്നും നമ്മൾ എങ്ങോട്ടാണ് പോവുന്നതെന്നത് ചിന്തിക്കണം. അവർ നമ്മുടെ രാജ്യത്തെ തെറ്റായ മാർഗത്തിലേക്കാണ് നയിക്കുന്നത്.



ചുരുക്കത്തിൽ

### പാഠപുസ്തക വിവാദത്തിൽ സമദാനിക്ക് കേന്ദ്രമന്ത്രിയുടെ മറുപടി



ന്യൂഡൽഹി: വിജ്ഞാനത്തിന്റെ പരിണാമത്തിന് അനുസൃതമായി വസ്തുതകളും വ്യാഖ്യാനങ്ങളും പുതുക്കുകയാണ് പാഠപുസ്തകങ്ങളുടെ കാര്യത്തിൽ ചെയ്തിട്ടുള്ളതെന്ന് കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി, ഡോ. എം.പി അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. പാഠപുസ്തകങ്ങളിൽ നിന്ന് ദേശീയ ചരിത്രത്തിന്റെ സുപ്രധാന ഭാഗങ്ങൾ ഒഴിവാക്കിയ നടപടി രാജ്യത്തിന്റെ മതേതര, ബഹുസ്വര ഘടനക്കേൽപ്പിച്ച ആഘാതത്തിന് പരിഹാര നടപടി ആവശ്യപ്പെട്ട് ലോക്സഭയിൽ ഉന്നയിച്ച ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ടെക്സ്റ്റ് ബുക്കുകളിലെ ഉള്ളടക്കം ലഘൂകരിച്ച് പഠനഭാരം കുറക്കണമെന്ന ആവശ്യം പാർലിമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയും വിവിധ കേന്ദ്രങ്ങളും ഉന്നയിച്ചതാണെന്നും മന്ത്രി പറഞ്ഞു. പുസ്തകങ്ങളിൽ നിന്ന് പാഠഭാഗങ്ങൾ നീക്കിയതിനെതിരെ വിദ്യാഭ്യാസ വിദഗ്ദ്ധർ ഉന്നയിച്ച എതിർപ്പുകൾക്കുള്ള വിശദീകരണം എൻ.സി.ആർ.ടി വെബ് സൈറ്റിൽ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

### ജാമ്യാപേക്ഷകളിൽ ജഡ്ജിമാർ സാമാന്യബുദ്ധി പ്രയോഗിക്കണം: ചീഫ് ജസ്റ്റിസ്

ബെംഗളൂരു: ജാമ്യാപേക്ഷകൾ പരിഗണിക്കുമ്പോൾ ജഡ്ജിമാർ സാമാന്യബുദ്ധി പ്രയോഗിക്കണമെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്. കുറ്റകൃത്യങ്ങൾ പരിഗണിക്കുമ്പോൾ ജാമ്യം നൽകാതെ തങ്ങളുടെ ഭാഗം സുരക്ഷിതമാക്കാനാണ് വിചാരണക്കോടതി ജഡ്ജിമാർ ഇഷ്ടപ്പെടുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ബെർക്ക്‌ലി സെന്ററിന്റെ 11-ാം വാർഷിക സമ്മേളനത്തിൽ മുഖ്യപ്രഭാഷണത്തിനൊടുവിൽ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു ചീഫ് ജസ്റ്റിസ്. 'വിചാരണ കോടതികളിൽ ജാമ്യം തേടിയെത്തുന്നവർക്ക് അത് ലഭിക്കാതിരിക്കുമ്പോൾ സ്ഥിരമായി ഹൈക്കോടതികളിൽ പോകേണ്ടിവരുന്നു. ഹൈക്കോടതികളിൽ ജാമ്യം ലഭിക്കേണ്ട ആളുകൾക്ക് അത് ലഭിക്കണമെന്നില്ല. തത്ഫലമായി ജാമ്യത്തിന് കാലതാമസമുണ്ടാവുകയും ഏകപക്ഷീയമായ അറസ്റ്റ് നേരിടുന്നവരുടെ പ്രശ്നം സങ്കീർണ്ണമാക്കുകയും ചെയ്യുന്നു. ഏകപക്ഷീയമായ അറസ്റ്റുകളെക്കുറിച്ചുള്ള ചോദ്യത്തോട് ജസ്റ്റിസ് ചന്ദ്രചൂഡ് പ്രതികരിച്ചു.

### ഇന്ത്യക്കും ചൈനക്കും നന്ദി പറഞ്ഞ് മാലദ്വീപ് പ്രസിഡന്റ്

മാലെ: സാമ്പത്തിക പ്രതിസന്ധി മറികടക്കാനും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനും സഹായം ചെയ്തതിന് ഇന്ത്യക്കും ചൈനക്കും നന്ദി പറഞ്ഞ് മാലദ്വീപ് പ്രസിഡണ്ട് മുഹമ്മദ് മുയിസ്സു. രാജ്യത്തിന്റെ 59ാം സ്വാതന്ത്ര്യ ദിനാഘോഷത്തോടനുബന്ധിച്ചുള്ള ചടങ്ങിലാണ് ഇന്ത്യാ - ചൈനാ സഹായം വിലമതിക്കാനാവാത്തതാണെന്നും നന്ദിയോടെ സ്മരിക്കുന്നുവെന്നും മുയിസ്സു പറഞ്ഞത്. തന്റെ സർക്കാർ അധികാരമേൽക്കുമ്പോൾ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ഗുരുതര പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായിരുന്നു. വായ്പാ തിരിച്ചടവ് വലിയ വെല്ലുവിളിയായിരുന്നു. ഇന്ത്യയും ചൈനയും നൽകിയ സഹായാണ് കാറ്റും കോളും നിറഞ്ഞ സമ്പദ് വ്യവസ്ഥയെ സുരക്ഷിതമായി കരയ്ക്കടുപ്പിക്കാൻ സഹായിച്ചത് - മുയിസ്സു കൂട്ടിച്ചേർത്തു.

# ലോക്സഭ; വോട്ടുകണക്കിൽ പുതിയ വെളിപ്പെടുത്തൽ

■ കൂടിയത് 4.65 കോടി വോട്ട് ■ 79 സീറ്റിൽ എൻ.ഡി.എ ഭൂരിപക്ഷത്തിലും അധികം

ന്യൂഡൽഹി: 18-ാം ലോക്സഭാ തിരഞ്ഞെടുപ്പിലെ അന്തിമ വോട്ടുകണക്ക് സംബന്ധിച്ച് പുതിയ വെളിപ്പെടുത്തൽ. വോട്ടിങ് ദിവസം രാത്രി എട്ടു മണിക്ക് പുറത്തുവിട്ട കണക്കും അന്തിമ കണക്കും തമ്മിൽ കോടികളുടെ വ്യത്യാസമുണ്ടന്ന് മഹാരാഷ്ട്ര ആസ്ഥാനമായുള്ള വോട്ട് ഫോർ ഡെമോക്രസി (വി.എഫ്.ഡി) ചൂണ്ടിക്കാട്ടി.

4,65,46,885 വോട്ടുകളുടെ വ്യത്യാസമാണ് രണ്ടും തമ്മിലുള്ളത്. മൊത്തം വോട്ടുകളുടെ എണ്ണത്തിലുണ്ടായ ഈ വൻ അന്തരം തിരഞ്ഞെടുപ്പ് പ്രക്രിയയുടെ നീതിപൂർവകമായ നടത്തിപ്പിൽ തന്നെ സംശയം ജനിപ്പിക്കുന്നതായി വി.എഫ്.ഡി പറയുന്നു. 15 സംസ്ഥാനങ്ങളിൽ ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ വിജയിച്ച 79 സീറ്റിലെ ഭൂരിപക്ഷത്തേക്കാൾ കൂടുതലാണ് അന്തിമ വോട്ടിംഗ് ശതമാനത്തിലെ വർധന. ഈ സീറ്റുകളിൽ പലതിലും എൻ.ഡി.എ സ്ഥാനാർത്ഥികൾ കഷ്ടിച്ചാണ് വിജയിച്ചത്.

ഘട്ടം തിരിച്ചുള്ള വോട്ടു കണക്കുകൾ വിശകലനം ചെയ്ത ശേഷമാണ് റിപ്പോർട്ട് തയാറാക്കിയതെന്ന് വി.എഫ്.ഡി വ്യക്തമാക്കി. മുൻ തിരഞ്ഞെടുപ്പുകളിൽ പോളിങ് ദിവസം വൈകീട്ട് പുറത്തുവിടുന്ന ശതമാനവും അന്തിമ കണക്കും തമ്മിലുള്ള വർധനവ് ഏകദേശം ഒരുശതമാനം ആയിരുന്നെങ്കിൽ, ഇത്തവണ ശരാശരി 3.2 ശതമാനം മുതൽ 6.32% വരെയാണ് ഏഴുഘട്ടങ്ങളിലും വർധിച്ചത്. ഇതിൽ ആന്ധ്രയിൽ 12.54 ശതമാനവും ഒഡീഷയിൽ 12.48 ശതമാനവും വ്യത്യാസം രേഖപ്പെടുത്തി. അന്തിമ വോട്ടിംഗ് ശതമാനത്തിൽ 4.72ശതമാനമാണ് വർധന. ഇങ്ങനെ വോട്ട് വർധിക്കാനുള്ള വിശ്വസനീയമായ കാരണങ്ങളൊന്നും ഇതുവരെ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഒഡീഷയിലെ 18 സീറ്റുകൾ, മഹാരാഷ്ട്രയിൽ 11, പശ്ചിമ ബംഗാളിൽ 10, ആന്ധ്രയിൽ ഏഴ്, കർണാടകയിൽ ആറ്, ഛത്തീസ്ഗഡിലും രാജസ്ഥാനിലും അഞ്ച് വീതം, ബിഹാർ, ഹരിയാന, മധ്യപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ മൂന്ന് വീതം, അസമിൽ രണ്ട്, അരുണാചൽ പ്രദേശ്, ഗുജറാത്ത്, കേരളം എന്നിവിടങ്ങളിൽ ഒന്നുവീതം സീറ്റുകളിലാണ് എൻ.ഡി.എയുടെ ഭൂരിപക്ഷത്തെ വോട്ടിങ് ശതമാനത്തിലെ വ്യത്യാസം മറികടന്നത്. ഇക്കാര്യത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ വിശദീകരണം നൽകണമെന്നും വിഎഫ്ഡി ആവശ്യപ്പെട്ടു. നേരിയ ഭൂരിപക്ഷത്തിൽ എൻ.ഡി.എ സ്ഥാനാർത്ഥികൾ വിജയിച്ച 10 സംസ്ഥാനങ്ങളിലെ 18 സീറ്റുകളിൽ, വോട്ടെടുപ്പിനിടെ ഇവിഎം തകരാറും വോട്ടെണ്ണൽ പ്രക്രിയയിൽ ക്രമക്കേടുകളും അടക്കം ഗുരുതര ആശങ്ക പ്രതിപക്ഷ സ്ഥാനാർത്ഥികൾ ഉന്നയിച്ചിരുന്നുവെന്നും ഇവർ ചൂണ്ടിക്കാട്ടി.

ബിഹാറിലെ സരൺ, മഹാരാഷ്ട്രയിലെ മുംബൈ നോർത്ത്‌വെസ്റ്റ്, ഉത്തർപ്രദേശിലെ ഫറൂഖാബാദ്, ബൻസ്ഗാവ്, ഫുൽപൂർ എന്നിവിടങ്ങളിൽ എൻഡിഎ സ്ഥാനാർത്ഥികൾ ചെറിയ ഭൂരിപക്ഷത്തിലാണ് ജയിച്ചത്.

ഭീകരാക്രമണം തുടർക്കഥയായി

## അതിർത്തിയിലേക്ക് കൂടുതൽ സൈന്യം



ന്യൂഡൽഹി: ജമ്മു കശ്മീരിലേക്ക് അതിർത്തി രക്ഷാ സേന(ബി.എസ്.എഫ്)യുടെ കൂടുതൽ ബറ്റാലിയനുകളെ നിയമിക്കാൻ കേന്ദ്ര സർക്കാർ തീരുമാനം. പാക് സൈന്യത്തിന്റെ പിന്തുണയോടെ നുഴഞ്ഞുകയറ്റം വർധിച്ചു വരുന്നതും ഭീകരാക്രമണം തുടർക്കഥയാകുന്നതും കണക്കിലെടുത്താണ് നീക്കം.

മാവോയിസ്റ്റ് വിരുദ്ധ നീക്കങ്ങൾക്ക് നിയോഗിച്ച സേനാംഗങ്ങളെയാണ് ജമ്മു കശ്മീരിലേക്ക് പുനർവിനയ്സിക്കുക. അതിനിടെ കഴിഞ്ഞ ദിവസമുണ്ടായ വെടിവെപ്പിൽ പരിക്കേറ്റ ഒരു സൈനികന്റെ നില ഗുരുതരമായി തുടരുകയാണ്. കാർഗിലിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി ഭീകരവാദത്തിനെതിരെ ശക്തമായ മുന്നറിയിപ്പ് നൽകിയതിന് പിന്നാലെയാണ് നിയന്ത്രണ രേഖയ്ക്ക് സമീപം പാക് പ്രകോപനം ഉണ്ടായത്.

ശനിയാഴ്ച പുലർച്ചെ കുപ്വാര ജില്ലയിലെ മച്ചിൽ സെക്ടറിൽ കാംകാരി പോസ്റ്റിനോട് ചേർന്നാണ് ഏറ്റുമുട്ടൽ തുടങ്ങിയത്. പാക് സൈന്യവും ഭീകരരും ഉൾപ്പെടുന്ന ബോർഡർ ആക്ഷൻ ടീമാണ് ആദ്യം വെടിയുതിർത്തത്. സൈന്യം ശക്തമായി തിരിച്ചടിക്കുകയായിരുന്നു. കൊല്ലപ്പെട്ട ഭീകരൻ പാക് പൗരനാണ്.

ഇന്ത്യൻ സൈന്യത്തിലെ മേജർ റാങ്കിലുള്ള ഉദ്യോഗസ്ഥനടക്കം അഞ്ചുപേർക്കാണ് പരിക്കേറ്റത്. ഒരു സൈനികൻ വീരമൃത്യു വരിച്ചു. ഒരാഴ്ചയ്ക്കിടെ കുപ്വാരയിലുണ്ടാകുന്ന രണ്ടാമത്തെ ഏറ്റുമുട്ടലായിരുന്നു ഇത്. അടുത്തിടെയും ജമ്മുകാശ്മീരിലെ സുരക്ഷാ സാഹചര്യം വിലയിരുത്താൻ പ്രധാനമന്ത്രി യോഗം വിളിച്ചിരുന്നു.

### മേട്ടൂർ ഡാം തുറന്ന് തമിഴ്നാട്

ചെന്നൈ: കനത്ത മഴയിൽ ജലനിരപ്പ് 109.20 അടിയായി ഉയർന്നതോടെ മേട്ടൂർ ഡാം തുറന്ന് തമിഴ്നാട്. മുഖ്യമന്ത്രി എം.കെ സ്റ്റാലിന്റെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. കാവേരി നദീജല വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴയെ തുടർന്ന് 77.30 ടി.എം. സി വെള്ളമാണ് മേട്ടൂർ ഡാമിലേക്കെത്തിയത്. കർണാടകയിലെ നാല് അണക്കെട്ടുകളിൽ നിന്നായി 1.48 ലക്ഷം ക്യുസെക്സ് അധിക ജലമാണ് മേട്ടൂർ അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്നതെന്നാണ് കണക്ക്. മൂന്ന് ദിവസം കൂടി വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടർന്നേക്കും.

# മലയാളിയായ കൈലാസനാഥനടക്കം ഒമ്പത് പുതിയ ഗവർണർമാർ

ന്യൂഡൽഹി: മലയാളി ഐ.ഐ.എസ് ഉദ്യോഗസ്ഥൻ കെ. കൈലാസനാഥ് അടക്കം ഒൻപത് പുതിയ ഗവർണർമാരെ നിയമിച്ച് രാഷ്ട്രപതിഭവൻ ഉത്തരവിറക്കി. കൈലാസനാഥിനെ പുതുച്ചേരി ലഫ്. ഗവർണറായാണ് നിയമിച്ചത്. ലക്ഷ്മൺ പ്രസാദ് ആചാര്യയെ അസം ഗവർണറായി നിയമിച്ചതിനൊപ്പം മണിപ്പൂർ ഗവർണറുടെ അധിക ചുമതലയും നൽകി. അനുസൂയ ഉയികെ ആയിരുന്നു കഴിഞ്ഞ ഫെബ്രുവരി മുതൽ മണിപ്പൂർ ഗവർണർ. അസം ഗവർണർ ഗുലാബ് ചന്ദ് കത്താരിയയെ പഞ്ചാബ് ഗവർണറായി നിയമിച്ചു.

ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്ററുടെ ചുമതലയും വഹിക്കണം. പഞ്ചാബ് ഗവർണറായിരുന്ന ബൻവാരി ലാൽ പുരോഹിതിന്റെ രാജി രാഷ്ട്രപതി ദ്രൗപതി മുർമു സ്വീകരിച്ചു. ത്രിപുര മുൻ ഉപമുഖ്യമന്ത്രി ജിഷ്ണു ദേവ് വർമയെ തെലങ്കാനയിലും ജാർഖണ്ഡ് ഗവർണറായിരുന്ന സി.പി. രാധാകൃഷ്ണനെ മഹാരാഷ്ട്ര ഗവർണറായും നിയമിച്ചു. മുൻ കേന്ദ്രമന്ത്രി സന്തോഷ് കുമാർ ഗാങ്‌വാർ ആണ് പുതിയ ജാർഖണ്ഡ് ഗവർണർ. മുതിർന്ന ബി.ജെ.പി നേതാവ് ഓംപ്രകാശ് മാത്തൂർ ആണ് പുതിയ സിക്കിം ഗവർണർ. മുൻ എം.പി റമൺ ദേക്കയെ ഛത്തീസ്ഗഢ് ഗവർണറായും നിയമിച്ചു. മുതിർന്ന ആർ.എസ്.എസ് നേതാവും മഹാരാഷ്ട്ര നിയമസഭാ സ്പീക്കറുമായിരുന്ന ഹരിഭാവു ബാഗ്ഡെ ആണ് രാജസ്ഥാൻ ഗവർണർ. സി.എച്ച്. വിജയ ശങ്കറിനെ മേഘാലയ ഗവർണറായും നിയമിച്ചു.

### വടകര സ്വദേശി; മോദിയുടെ വിശ്വസ്തൻ



മാഹി: ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്നപ്പോൾ മുതൽ നരേന്ദ്ര മോദിയുടെ ഉറ്റതോഴനാണ് കൈലാസ നാഥൻ. കോഴിക്കോട് വടകര സ്വദേശിയായ ഇദ്ദേഹം ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലിന്റെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു. പത്തു വർഷത്തിലേറെ നീണ്ട സേവനത്തിനൊടുവിൽ ജൂൺ 10ന് വിരമിച്ചു.

വടകര വില്യാപ്പള്ളി പരേതനായ കുനിയിൽ ഗോവിന്ദന്റെയും കാർത്തികപ്പള്ളി നരിയണംപുറത്ത് ലീലയുടെയും മകനാണ്. 1979 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥനായ അദ്ദേഹം സർവീസിൽ നിന്ന് അഡി.ചീഫ് സെക്രട്ടറിയായി വിരമിച്ചശേഷവും ഗുജറാത്തിൽ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയായി തുടർന്നു. നിർണായക കാര്യങ്ങളിൽ മോദിയുടെ വിശ്വസ്തനായ ഉപദേഷ്ടാവായി. ഗുജറാത്തിൽ മുപ്പതു വർഷത്തെ സേവനകാലത്തിനിടയിൽ പല പ്രധാന പദവികളും കൈലാസനാഥൻ വഹിച്ചിട്ടുണ്ട്. അഹമ്മദാബാദ് മുനിസിപ്പൽ കമ്മിഷണർ, ഗുജറാത്ത് ഫിനാൻഷ്യൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ, ഗുജറാത്ത് മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് തുടങ്ങിയ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ടെങ്കിലും മോദിയുടെ ഓഫിസിലെത്തിയതോടെയാണ് കരുത്തനായത്. മാരിടൈം ബോർഡിന്റെ തലപ്പത്തിരിക്കുമ്പോഴാണ് ഗുജറാത്തിലെ തുറമുഖങ്ങൾ സ്വകാര്യവൽക്കരിച്ച നിർണായക തീരുമാനം കൈക്കൊണ്ടത്. മോദി പ്രധാനമന്ത്രിയായപ്പോൾ ഡൽഹിയിലേക്ക് പോകാതെ ഗുജറാത്തിൽ തുടർന്ന് മോദിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി. കൈലാസനാഥൻ 2006 ജൂലൈ മുതൽ ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഓഫിസിൽ നിർണായക സ്ഥാനത്തുണ്ടായിരുന്നു.

2013ൽ അഡീഷനൽ ചീഫ് സെക്രട്ടറിയായി വിരമിച്ചപ്പോൾ മോദിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്നു. ആനന്ദിബെൻ, വിജയ് രൂപാണി മന്ത്രിസഭകൾ വന്നപ്പോഴും ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി പദവിയിൽ തുടർന്നു.

# ഡൽഹിയിലെ വെള്ളക്കെട്ട് വിദ്യാർത്ഥികളുടെ ജീവനെടുത്തത് ഗൗരവതരം: എം.എസ്.എഫ്



ഡൽഹി രാജേന്ദർ നഗറിലെ സിവിൽ സർവീസ് കോച്ചിംഗ് സെന്ററിലെത്തിയ അഡ്വ. ഹാരിസ് ബീരാൻ എം.പി വിദ്യാർത്ഥികളുമായി സംസാരിക്കുന്നു

ന്യൂഡൽഹി: ഡൽഹി രാജേന്ദർ നഗറിലെ സിവിൽ സർവീസ് കോച്ചിംഗ് സെന്ററിൽ വെള്ളകെട്ടിൽ കുടുങ്ങി മൂന്ന് വിദ്യാർത്ഥികൾ മരിച്ച സംഭവം അതീവ ഗൗരവതരമെന്ന് എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു.

മഴയെ തുടർന്ന് ഓടയിലും റോഡിലുമുണ്ടായ വെള്ളം ബേസ്മെന്റിലെ ലൈബ്രറിയിലേക്ക് ഒഴുകിയിറങ്ങുകയായിരിന്നു. സാധാരണ പാർക്കിങ്ങിനായി ഉപയോഗികേണ്ട ബേസ്മെന്റ് സ്ഥലത്താണ് ലൈബ്രറി പ്രവർത്തിച്ചത്. ഇവിടെയായിരിന്നു വെള്ളം കയറിയത്. ഇവിടെയിരുന്ന് പഠിക്കാനെത്തിയ വിദ്യാർത്ഥികളാണ് അപകടത്തിൽ പെട്ടത്. തടയാവുന്ന ഈ സംഭവം ഗുരുതമായ അടിസ്ഥാന സൗകര്യങ്ങളുടെ അവഗണനയും സുരക്ഷിതമായ പഠന അന്തരീക്ഷം ഉറപ്പാക്കുന്നതിലെ പാളിച്ചയുമാണ്. ഇനിയൊരികലും ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നിയമ നിർമാണം കൊണ്ടുവരുവാൻ അധികാരികൾ തയാറാവണമെന്നും അദ്ദേഹം ആവിശ്യപ്പെട്ടു. സംഭവത്തിൽ എറണാകുളം സ്വദേശി ഉൾപ്പെടെ മൂന്ന് പേരാണ് മരണപ്പെട്ടത്. അഡ്വ.ഹാരിസ് ബീരാൻ എം പി യുടെ നേതൃത്വത്തിൽ ആശുപത്രിയിലെത്തി അധികൃതരുമായി സംസാരിച്ചു. സംഭവത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയുണ്ടാവണമെന്നും വിഷയം പാർലിമെന്റിൽ ഉന്നയിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി കെ.എം.സിസി ജനറൽ സെക്രട്ടറി കെ. കെ മുഹമ്മദ് ഹലീം, എം.എസ്.എഫ് ദേശീയ ട്രഷർ അഡ്വ അതീബ് ഖാൻ, വൈസ് പ്രസിഡന്റ് ഖാസിം ഈനോളി, ത്വാഹാ, ജിഹാദ് എന്നിവരും സന്ദർശിച്ചു.



കനത്ത മഴയിൽ ഐ.എ.എസ് കോച്ചിങ് സെന്ററിന്റെ ബേസ്മെന്റിൽ വെള്ളം കയറി മൂന്ന് സിവിൽ സർവീസ് ഉദ്യോഗാർത്ഥികൾ മരിച്ച സംഭവത്തിൽ കെട്ടിടത്തിന് മുന്നിൽ പ്രതിഷേധിക്കുന്ന വിദ്യാർത്ഥികൾ

## കോച്ചിങ് സെന്റർ ദുരന്തം

# ആളിക്കത്തി പ്രതിഷേധം

### ഗുരുതര വീഴ്ച പഴിചാരി വകുപ്പുകൾ

ന്യൂഡൽഹി: ഡൽഹിയിലെ ഓൾഡ് രാജേന്ദർനഗറിൽ ഐ.എ.എസ് പരിശീലനം നേടുന്ന മൂന്ന് വിദ്യാർത്ഥികൾ കോച്ചിങ് സെന്ററിലെ വെള്ളക്കെട്ടിൽ മുങ്ങി മരിച്ച സംഭവത്തിൽ അധികൃതരുടെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ച. എന്നാൽ വീഴ്ചക്ക് വകുപ്പുകളും കോച്ചിങ് സെന്റർ ഉടമകളും പരസ്പരം പഴിചാരി രക്ഷപ്പെടാനുള്ള ശ്രമത്തിലാണ്.

ശനിയാഴ്ച രാത്രി ഏഴ് മണിയോടെയാണ് കോച്ചിങ് സെന്ററിന്റെ ബേസ്മെ ന്റിൽ വെള്ളം കയറിയതായി അഗ്നിശമന സേനക്ക് വിവരം ലഭിച്ചത്. ഉടൻ അഗ്നിശമന സേനയും ദുരന്ത നിവാരണ സേനയും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചു. 14 പേരെ രക്ഷപ്പെടുത്തിയെങ്കിലും മലയാളി വിദ്യാർത്ഥി എറണാകുളം സ്വദേശി നവീൻ ഉൾപ്പെടെ മൂന്നുപേർ മരിച്ചു.കോച്ചിങ് സെന്റർ പ്രവർത്തിച്ച ബഹുനില കെട്ടിടത്തിന്റെ ബേസ്മെന്റിൽ ലൈബ്രറിയാണ് സജ്ജീകരിച്ചിരുന്നത്. ദുരന്തം നടക്കുമ്പോൾ നാൽപ്പതിലധികം വിദ്യാർത്ഥികൾ ലൈബ്രറിയിൽ ഉണ്ടായിരുന്നു. നിരവധിപേർ മുകളിലെ നിലകളിലേക്ക് ഓടിക്കയറിയപ്പോൾ മറ്റുള്ളവർ വെള്ളക്കെട്ടിൽ അകപ്പെട്ടു.

അതേസമയം ഉത്തരവാദിത്വത്തിൽ നിന്ന് തലയൂരാൻ പരസ്പരം പഴിചാരി അധികൃതർ രംഗത്തെത്തി. മുനിസിപ്പൽ കോർപ്പറേഷനിൽ നിർമാണാനുമതിക്കായി സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന്റെ ബേസ്മെന്റിൽ പാർക്കിങ്ങും സ്റ്റോർ റൂമുമാണ് കാണിച്ചതെന്ന് നഗരഭരണകൂടം വ്യക്തമാക്കി. നിർമാണം പൂർത്തിയായ ശേഷം എൻ.ഒ.സിക്കായി സമർപ്പിച്ച രേഖകളിലും അഗ്നിശമന വകുപ്പിന് എൻ.ഒ.സിക്കായി സമർപ്പിച്ച രേഖകളിലും ബേസ്മെന്റ് പാർക്കിങ്ങിനും സ്റ്റോർ റൂമിനുമല്ലാതെ മറ്റൊന്നിനും ഉപയോഗിക്കില്ലെന്ന് വ്യക്തമാക്കിയിരുന്നതായി അധികൃതർ വാദിച്ചു.

നിയമ വിരുദ്ധമായാണ് ബേസ്മെന്റിൽ ലൈബ്രറി സജ്ജീകരിച്ചത്. ദുരന്ത സ്ഥലത്ത് രക്ഷാ പ്രവർത്തനത്തിനെത്തിയ അഗ്നിശമന സേനയോട് എത്ര പേർ ബേസ്മെന്റിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന കൃത്യമായ വിവരം കൈമാറാൻ അധികൃതർ തയ്യാറായില്ലെന്നും വിമർശനമുണ്ട്. എന്നാൽ കോച്ചിങ് സെന്റർ നടത്തിപ്പുകാരും വിദ്യാർത്ഥികളും മുനിസിപ്പിൽ ഭരണകൂടത്തിനെതിരെ വിമർശനവുമായി രംഗത്തെത്തി. ദുരന്തത്തിന് വഴിവെച്ചത് മുനിസിപ്പൽ ഭരണകൂടത്തിന്റെ വീഴ്ചയാണെന്നാണ് ഇവരുടെ വിമർശനം. സമീപത്തെ ഓടകൾ മാലിന്യം നിറഞ്ഞ് അടഞ്ഞിരിക്കുകയാണ്. വെള്ളം ഒഴുകിപ്പോകാൻ സംവിധാനങ്ങളില്ല. മാലിന്യം നീക്കണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും നടപടി സ്വീകരിച്ചില്ല. ഇതേ കോച്ചിങ് സെന്ററിലെ മറ്റൊരു വിദ്യാർത്ഥി രണ്ടു ദിവസം മുമ്പ് പൊട്ടിവീണ വൈദ്യുതി കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരിച്ചിരുന്നു. അന്നും പരാതി നൽകിയെങ്കിലും അറ്റ വൈദ്യുതി കമ്പി കൂട്ടിയോജിപ്പിച്ചതല്ലാതെ മറ്റു നടപടി ഒന്നുമുണ്ടായില്ലെന്ന് വിദ്യാർത്ഥികൾ ആരോപിച്ചു.

ഡൽഹി സർക്കാറിന്റെ അഴിച്ചുപണിയെതുടർന്ന് കഴിഞ്ഞ ജൂണിലാണ് അശ്വനി കുമാർ ഡൽഹി മുനിസിപ്പൽ കോർപ്പറേഷൻ കമ്മീഷണറായി ചുമതലയേറ്റത്. ഇതിനു പിന്നാലെ നിരവധി ഉദ്യോഗസ്ഥരെ കൂട്ടത്തോടെ സ്ഥലം മാറ്റിയിരുന്നു. എന്നാൽ ഇതിനു ശേഷവും കാര്യങ്ങൾ പഴയ പടിയാണെന്ന് വ്യക്തമാക്കുന്നതാണ് മൂന്ന് ഐ.എ.എസ് വിദ്യാർത്ഥികളുടെ മോഹങ്ങൾ ഒറ്റ രാത്രി കൊണ്ട് പൊലിച്ചുകളഞ്ഞ ദുരന്തം.

### പൗരന്റെ സുരക്ഷ സർക്കാർ ഉത്തരവാദിത്വം: രാഹുൽ



ന്യൂഡൽഹി: സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിന്റെ ബേസ്മെന്റിൽ വെള്ളം കയറി മൂന്ന് ഉദ്യോഗാർത്ഥികൾ മുങ്ങി മരിച്ച സംഭവത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകളെ വിമർശിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സംവിധാനത്തിന്റെ കൂട്ട പരാജയമാണിതെന്നും ഓരോ പൗരന്റെയും സുരക്ഷ സർക്കാരുകളുടെ ഉത്തരവാദിത്തമാണെന്നും രാഹുൽ പ്രതികരിച്ചു. അടിസ്ഥാന സൗകര്യങ്ങളുടെ തകർച്ച സംവിധാനത്തിന്റെ കൂട്ടായ പരാജയമാണ്. സുരക്ഷിതമല്ലാത്ത നിർമാണത്തിലും മോശം നഗരാസൂത്രണത്തിലും സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമില്ലായ്മയിലും സാധാരണ പൗരൻ ജീവൻ വിലകൊടുക്കുകയാണ്. സുരക്ഷിതവും സുഖപ്രദവുമായ ജീവിതം ഓരോ പൗരന്റെയും അവകാശവും സർക്കാരുകളുടെ ഉത്തരവാദിത്തവുമാണ്. ഉദ്യോഗാർത്ഥികൾ വെള്ളക്കെട്ടിൽ മുങ്ങി മരിച്ചത് നിർഭാഗ്യകരമാണ്. ദിവസങ്ങൾക്ക് മുമ്പ് മഴക്കിടെ വൈദ്യുതാഘാതമേറ്റ് ഒരു വിദ്യാർത്ഥി മരിച്ചിരുന്നു. മരണമടഞ്ഞവരുടെ കുടുംബങ്ങളോട് ഹൃദയംഗമമായ അനുശോചനം രേഖപ്പെടുത്തുന്നതായും രാഹുൽ എക്സിൽ കുറിച്ചു.

## മൃതദേഹം കാണാൻ ബന്ധുക്കളെ അനുവദിച്ചില്ല; സംഘർഷം

ന്യൂഡൽഹി: ഡൽഹിയിലെ വെള്ളക്കെട്ടിൽ മരിച്ച വിദ്യാർത്ഥികളുടെ മൃതദേഹം കാണാൻ ബന്ധുക്കളെ അനുവദിക്കാത്തതിനെച്ചൊല്ലി റാം മനോഹർ ലോഹ്യ (എർ.എം.എൽ) ആശുപത്രി പരിസരത്ത് സംഘർഷം.

ദുരന്ത വിവരം അറിഞ്ഞ് സ്ഥലത്തെത്തിയ ബന്ധുക്കളെ ആശുപത്രി അധികൃതർ മോർച്ചറിക്കു പുറത്ത് മണിക്കൂറുകളാണ് കാത്തു നിർത്തിയത്. ഉത്തർപ്രദേശ് സ്വദേശിനിയായ ശ്രേയ യാദവിന്റെ ബന്ധുക്കളാണ് ആദ്യം ദുരന്ത സ്ഥലത്തെത്തിത്. ശ്രേയ മരണപ്പെട്ട വിവരം കോളജ് അധികൃതരോ ആശുപത്രി അധികൃതരോ കുടുംബത്തെ അറിയിച്ചില്ലെന്ന് സ്ഥലത്തെത്തിയ അമ്മാവൻ ധർമ്മേന്ദ്ര യാദവ് ആരോപിച്ചു. ചാനലുകളിൽ വാർത്ത കണ്ടാണ് ശ്രേയ പഠിക്കുന്ന കോച്ചിങ് സെന്ററിന്റെ ബേസ്മെന്റിൽ വെള്ളക്കെട്ടുണ്ടായതായും കുട്ടികൾ അപകടത്തിൽ പെട്ടതായും താൻ അറിഞ്ഞതെന്ന് ധർമ്മേന്ദ്ര യാദവ് പറഞ്ഞു. ഉടൻ ഫോണിൽ ശ്രേയയെ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും കിട്ടിയില്ല. ഇതോടെ താൻ ദുരന്ത സ്ഥലത്തെത്തി. അപ്പോഴും ശ്രേയ മരിച്ചെന്ന വിവരം അറിഞ്ഞിരുന്നില്ല.

ആശുപത്രിയിലാണെന്നാണ് അധികൃതർ പറഞ്ഞത്. ആശുപത്രിയിലെത്തിയപ്പോൾ സഹപാഠികളാണ് ശ്രേയ മരിച്ചെന്ന വിവരം തന്നെ അറിയിച്ചത്. തുടർന്ന് മൃതദേഹം കാണാനായി മോർച്ചറിക്കു മുന്നിലെത്തി. അമ്മവനാണെന്നും മുഖം മാത്രം കാണിച്ച് ശ്രേയയാണോ എന്ന് തിരിച്ചറിയാൻ സൗകര്യം ചെയ്യണമെന്നും ആവശ്യപ്പെട്ടെങ്കിലും ആശുപത്രി അധികൃതർ കൂട്ടാക്കിയില്ല. ഇതോടെ ബന്ധുക്കൾക്കൊപ്പം സഹപാഠികളും പ്രതിഷേധവുമായി രംഗത്തെത്തി.


ഒടുവിൽ ഒരു പേപ്പറിൽ ശ്രേയയുടെ പേരെഴുതി അധികൃതർ കാണിക്കുകയായിരുന്നുവെന്ന് ധർമ്മേന്ദ്ര യാദവ് പറഞ്ഞു. ഇത്ര വലിയ ദുരന്തം നടന്നിട്ടും കോച്ചിങ് സെന്റർ അധികൃതർ കുടുംബത്തെ ഒന്നു ബന്ധപ്പെടുക പോലും ചെയ്തില്ലെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം വിദ്യാർത്ഥികളുടെ കുടുംബത്തെ വിവരം അറിയിച്ചിരുന്നതായാണ് കോച്ചിങ് സെന്റർ അധികൃതരുടെ വാദം.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 29 തിങ്കൾ
ഗൾഫ് ചന്ദ്രിക

## പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പ്: ഏകോപന ചുമതല നൽകി കോൺഗ്രസ്

തിരുവനന്തപുരം: പാലക്കാട്, ചേലക്കര നിയോജകമണ്ഡലങ്ങളിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പുകളുടെ ഏകോപന ചുമതല കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ എം.പി കെ.പി.സി.സി ഭാരവാഹികൾക്ക് നൽകിയതായി ജനറൽ സെക്രട്ടറി ടി.യു രാധാകൃഷ്ണൻ അറിയിച്ചു.

പാലക്കാട് അസംബ്ലി മണ്ഡലത്തിന്റെ ചുമതല കെ.പി.സി.സി ജനറൽ സെക്രട്ടറി ബി.എ അബ്ദുൽ മുത്തലിബ്, വി ബാബുരാജ് എന്നിവർക്കും ചേലക്കര മണ്ഡലത്തിന്റെ ചുമതല കെ.പി.സി.സി വൈസ് പ്രസിഡന്റ് വി.പി സജീന്ദ്രൻ, ജനറൽ സെക്രട്ടറി പി.എം നിയാസ് എന്നിവർക്കും നൽകി.



## മീൻ പിടിക്കുന്നതിനിടെ കനോലി കനാലിൽ വീണ് യുവാവ് മരിച്ചു

കോഴിക്കോട്: മീൻ പിടിക്കുന്നതിനിടെ സരോവരം പാർക്കിന് സമീപം കനോലി കനാലിൽ വീണ് യുവാവ് മരിച്ചു. കുന്ദമംഗലം പത്താം മൈലിൽ കോട്ടൂളി സ്വദേശി പ്രവീൺ ദാസ്(42) ആണ് മരിച്ചത്. മീൻ പിടിക്കുന്നതിനിടെ ഇന്നലെ രാത്രി കനാലിലേക്ക് വീഴുകയായിരുന്നു. അഗ്നിരക്ഷാസേന നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്.



# അവസരങ്ങളുടെ വാതായനങ്ങൾ തുറക്കുന്ന നിയമപഠനം



പി ടി ഫിറോസ്

CAREER ചന്ദ്രിക

വളരെ വിപുലമായ സാധ്യതകളിലേക്ക് വാതായനം തുറക്കുന്ന ആകർഷകമായ പഠനമേഖലയാണ് നിയമം എന്നത് തിരിച്ചറിയാതെ പോകുന്നുണ്ടോ എന്ന് സംശയമുണ്ട്. പ്ലസ്ടുവിനു ഏത് സ്ട്രീം എടുത്ത് പഠിച്ചവർക്കും തിരഞ്ഞെടുക്കാവുന്ന ശ്രദ്ധേയമായ പ്രൊഫഷണൽ ബിരുദം എന്നതിനപ്പുറം വളരെ വ്യത്യസ്തങ്ങളായ സാധ്യതകളിലേക്ക് വഴി നടത്തുന്ന പഠനമേഖലയാണ് നിയമം. കോടതികളിലെ കേസുകളിലും വ്യവഹാരങ്ങളിലും ഇടപെട്ട് പ്രാവീണ്യം തെളിയിക്കാനുള്ള സാധ്യതകൾ ഏറെയുണ്ടെങ്കിലും അതിനുമപ്പുറമുള്ള മേഖലകളിലേക്ക് കൂടി അവസരങ്ങളുടെ ചക്രവാളങ്ങൾ വികസിച്ചിട്ടുണ്ട് എന്ന് കൂടി തിരിച്ചറിയണം.

## നിയമ ബിരുദത്തിന് ശേഷമുള്ള പ്രധാന സാധ്യതകൾ പരിചയപ്പെടാം

### ★ നിയമ വ്യവഹാരം

സിവിൽ, ക്രിമിനൽ എന്നിങ്ങനെയുള്ള പൊതുവായ വിഭജനങ്ങൾക്കപ്പുറം ബിസിനസ്, കോർപറേറ്റ്, ഫാമിലി, ബൗദ്ധിക സ്വത്തവകാശം, ടാക്സ്, പൊതുതാത്പര്യ നിയമം, കോൺട്രാക്ട്, സൈബർ, ലേബർ ആൻഡ് എംപ്ലോയ്മെന്റ്, ബാങ്കിങ് ആൻഡ് ഫൈനാൻസ്, പരിസ്ഥിതി, ആർബിട്രേഷൻ തുടങ്ങിയ മേഖലകളിൽ സവിശേഷമായി പ്രാക്ടീസ് നേടാനുള്ള അവസരം ഉപയോഗപ്പെടുത്താവുന്നതാണ്. ജൂനിയർ തലം തൊട്ട് സുപ്രീം കോടതി അഭിഭാഷകൻ ആയി വരെ പ്രവർത്തിക്കാനുള്ള യോഗ്യതയാണ് നിയമബിരുദം നൽകുന്നത്. ബിരുദ യോഗ്യത നേടി ബാർ കൗൺസിൽ എൻറോൾമെൻറ് നടപടി പൂർത്തിയാക്കിയാണ് അഭിഭാഷകവൃത്തി ആരംഭിക്കാനാവുക.

### ★ ജുഡീഷ്യൽ സർവീസസ്

നിയമ ബിരുദധാരികൾക്ക് സിവിൽ ജഡ്ജി (ജൂനിയർ ഡിവിഷൻ) തസ്തികയിൽ പ്രവേശിക്കാൻ അവസരമൊരുക്കുന്ന ശ്രദ്ധേയമായ പരീക്ഷയാണ് ജുഡീഷ്യൽ സർവീസ് എക്സാമിനേഷൻ. മുൻസിഫ്/ മജിസ്ട്രേറ്റ് കോടതികളിലെ സിവിൽ ജഡ്ജായി നിയമനം നൽകാനുള്ള അവസരമാണ് ഇതുവഴി ലഭിക്കുന്നത്. ഇനി മുതൽ കേരള ജുഡീഷ്യൽ സർവീസ് പരീക്ഷ എഴുതാൻ മൂന്ന് വർഷത്തെ അഭിഭാഷക പരിശീലനം കൂടി വേണം എന്ന നിബന്ധനയുണ്ടാവും. ഉയർന്ന തസ്തികകളിലേക്ക് പ്രമോഷൻ സാധ്യതകളുണ്ട് ഏഴ് വർഷത്തിലധികം അഭിഭാഷക മേഖലയിൽ പ്രവർത്തിച്ച നിയമ ബിരുദധാരികൾക്ക് ഹയർ ജുഡീഷ്യൽ സർവീസ് പരീക്ഷ വഴി ജില്ലാ/സെഷൻസ് ജഡ്ജുകളായി നിയമനം ലഭിക്കാൻ അവസരമുണ്ട്.

### ★ സർക്കാർ സർവീസിൽ അവസരങ്ങൾ

കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് കീഴിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അഡ്വക്കറ്റ് ജനറൽ, അറ്റോർണി ജനറൽ, നിയമ വകുപ്പിലെ ലോ സെക്രട്ടറി, അഡിഷണൽ ലോ സെക്രട്ടറി, ലോ ജോയന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, ലീഗൽ അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ വഹിക്കാൻ നിയമ ബിരുദവും നിഷ്കർഷിക്കുന്ന പ്രായോഗിക പരിചയവും ഉള്ളവർക്ക് അവസരമുണ്ട്.

### ★ ജഡ്ജ് അഡ്വക്കേറ്റ് ജനറൽ

ഇന്ത്യൻ പ്രതിരോധ സേനയുടെ നിയമ വിഭാഗത്തിൽ പ്രവർത്തിക്കാനുള്ള അവസരമാണ് ഇതുവഴി കൈവരുന്നത്. എൽ.എൽ.ബി യോഗ്യത നേടിയ ശേഷം പ്രത്യേക പരീക്ഷയിൽ മികവ് തെളിയിക്കുന്നവർക്കാണ് ജഡ്ജ് അഡ്വക്കേറ്റ് ജനറൽ ആയി പ്രവർത്തിക്കാൻ അവസരമൊരുങ്ങുക.

### ★ റെയിൽവേ, ബാങ്ക്, അന്വേഷണ ഏജൻസികൾ

ഇന്ത്യൻ റെയിൽവേ ലോ ഓഫീസർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലെ ലീഗൽ തസ്തികകൾ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്നിവിടങ്ങളിലും അവസരങ്ങളുണ്ട്.

### ★ അധ്യാപനം, ഗവേഷണം

നിയമരംഗത്ത് ബിരുദാനന്തര ബിരുദവും നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് യോഗ്യതയും നേടി അധ്യാപന രംഗത്തും പിഎച്ച്ഡി പ്രവേശനം നേടി ഗവേഷണ രംഗത്തും സാധ്യതകൾ കണ്ടെത്താം.

### ★ കോർപറേറ്റ് അവസരങ്ങൾ

കോർപറേറ്റ് ലീഗൽ ഡിപ്പാർട്ട്മെന്റ്, കംപ്ലെയ്ൻസ് ഓഫീസർ, കോൺട്രാക്ട് മാനേജർ, റിസ്ക് മാനേജ്മെന്റ്, ഹ്യൂമൻ റിസോഴ്സ് ലീഗൽ അഡ്വൈസർ, ഇന്റലെക്ചൽ പ്രോപ്പർട്ടി സ്പെഷ്യലിസ്റ്റ്, കോർപറേറ്റ് ഗവേർണൻസ്, മെർജർ ആൻഡ് അക്വിസിഷൻ, റെഗുലേറ്ററി അഫയർ, കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി തുടങ്ങിയ മേഖലകളിൽ സാധ്യതകൾ കണ്ടെത്താനാവും.

വിവിധ ട്രൈബ്യൂണലുകൾ, കമ്മീഷനുകൾ എന്നിവ ഉൾപ്പെടെയുള്ള ക്വാസി ജുഡീഷ്യൽ ബോഡികൾ നിയമ വിശകലനം, ലീഗൽ ജേർണലിസം തുടങ്ങിയ മേഖലകളിൽ കരിയർ തിരഞ്ഞെടുത്ത് മുന്നേറാനാവും. നിയമ ബിരുദത്തിന് ശേഷം കമ്പനി സെക്രട്ടറി പോലെയുള്ള അധിക യോഗ്യതകൾ നേടുന്നവർക്ക് കോർപ്പറേറ്റ് മേഖലയിൽ സവിശേഷമായ അവസരങ്ങളുണ്ട്. സിവിൽ സർവീസ് പ്രവേശനത്തിനും ശ്രമിക്കാവുന്നതാണ്.

**കേരള ലോ പ്രവേശന പരീക്ഷക്ക് ആഗസ്റ്റ് 2 വരെ അപേക്ഷിക്കാം**

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽബി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രവേശന പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിതമായിരിക്കും. ആഗസ്ത് രണ്ടിന് വൈകിട്ട് അഞ്ച് വരെ അപേക്ഷിക്കാം. വിവരങ്ങൾക്ക്: www.cee.kerala.gov.in

# പാട്ടവ്യവസ്ഥയിൽ മാറ്റം വരുത്തി സർക്കാർ

## വൻകിട നിക്ഷേപകർക്ക് ഇനി പാട്ടത്തുകയുടെ 10 ശതമാനം അടച്ചാൽ മതി

തിരുവനന്തപുരം: സ്ഥാനത്ത് വ്യവസായ നിക്ഷേപകർക്കുള്ള പാട്ടവ്യവസ്ഥകളിൽ മാറ്റം വരുത്താൻ സർക്കാർ നീക്കം. ഇനി മുതൽ വൻകിട നിക്ഷേപകർ ആദ്യ വർഷം പാട്ടത്തുകയുടെ പത്തുശതമാനം മാത്രം അടച്ചാൽ മതിയാകും. പിന്നീട് രണ്ടുവർഷം മൊറോട്ടോറിയവും ലഭിക്കും. പാട്ട കാലാവധി 90 വർഷമാക്കുകയും ചെയ്യും. വ്യവസായ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്രയും കെ.എസ്.ഐ.ഡി.സിയും പിന്തുടരുന്ന പാട്ടവ്യവസ്ഥകൾ കാലോചിതമായും നിക്ഷേപസൗഹൃദമായും പരിഷ്കരിക്കുകയാണ് ചട്ട ഭേദഗതിയിലൂടെ ചെയ്തിരിക്കുന്നത്. ഭൂമി വിതരണം ചെയ്യുന്നതിനുള്ള ചട്ടങ്ങൾ (ലാൻഡ് ഡിസ്പോസൽ റെഗുലേഷൻസ്) ആണ് പരിഷ്കരിച്ചത്. വ്യവസായ മേഖലയിൽ നിക്ഷേപവും വളർച്ചയും പ്രോത്സാഹിപ്പിക്കാനും വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമാണ് ഭേദഗതി ചട്ടങ്ങളെന്നാണ് വിശദീകരണം.

നിലവിൽ കിൻഫ്രയിൽ നിന്ന് വ്യാവസായിക സംരംഭങ്ങൾക്ക് ഭൂമി പാട്ടത്തിനെടുക്കുന്നവർക്ക് 30 മുതൽ 60 വർഷം വരെയാണ് പാട്ടക്കാലാവധി അനുവദിക്കുന്നത്. പാട്ടത്തുകയുടെ 10 ശതമാനം മുൻകൂറായും 50 ശതമാനം ഒരു മാസത്തിനകവും നൽകണം. ബാക്കി തുക പലിശ സഹിതം രണ്ട് വർഷം കൊണ്ട് 2 ഗഡുക്കളായും അടക്കണമെന്നാണ് ചട്ടം. ഇനിമുതൽ എല്ലാ നിക്ഷേപകർക്കും 60 വർഷത്തേക്ക് ഭൂമി അനുവദിക്കും. 100 കോടി രൂപക്ക് മുകളിലെ നിക്ഷേപമാണെങ്കിൽ 90 വർഷം വരെ കാലാവധിയിൽ ഭൂമി അനുവദിക്കും.

കുറഞ്ഞത് 10 ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ അനുവദിക്കുക. 50-100 കോടി വിഭാഗത്തിൽ വരുന്നവർക്ക് ആകെ പാട്ട പ്രീമിയത്തിന്റെ 20 ശതമാനം തുകയും 100 കോടിക്ക് മേൽ നിക്ഷേപം വരുന്നവയ്ക്ക് 10 ശതമാനം തുകയും മുൻകൂട്ടി അടച്ചാൽ മതി. ആദ്യവിഭാഗക്കാർ ബാക്കി 80 ശതമാനം തുക കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ സഹിതം 5 തുല്യ വാർഷിക ഗഡുക്കളായും 100 കോടിക്ക് മേൽ നിക്ഷേപം കൊണ്ടുവരുന്നവർ ബാക്കിയുള്ള 90 ശതമാനം പാട്ടത്തുക പലിശസഹിതം 9 തുല്യ വാർഷിക തവണകളായും അടച്ചാൽ മതി. മുൻകൂർ തുക അടച്ച തീയതി മുതൽ 24 മാസം വരെ പലിശയോടു കൂടിയ മൊറട്ടോറിയം ലഭിക്കാനും അവസരമുണ്ട്.

50 ഏക്കറിന് മുകളിൽ ഭൂമിയും 100 കോടി രൂപ കുറഞ്ഞ നിക്ഷേപവും വരുന്ന റിന്യൂവബിൾ, ഗ്രീൻ എനർജി മേഖലകളിലെ ഹ്രസ്വകാല പദ്ധതികളിൽ വാർഷിക വാടക അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കും. ഇത്തരം യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് 20 വർഷത്തെ ലോക്ക് ഇൻ കാലയളവുണ്ട്. കോസ്റ്റ് റിക്കവറി അടിസ്ഥാനത്തിൽ ജി എസ് ടിയോട് കൂടിയ വാടക അതതു സർക്കാർ ഏജൻസികളാണ് തീരുമാനിക്കുക.

ഭൂമി അനുവദിക്കപ്പെട്ടയാളുടെ മരണമോ പദ്ധതി തുടരാനാകാത്ത വിധമുള്ള തടസമോ ഉണ്ടായാൽ അധിക ചിലവില്ലാതെ തന്നെ നിയമപരമായ അവകാശികളിലേക്ക് കൈമാറ്റം നടത്തി ക്രമവൽക്കരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി. നിലവിലെ ചട്ടപ്രകാരം പദ്ധതിയിൽ നിന്ന് പുറത്ത് പോകുന്നവർ ഏതു സമയത്തും അവശേഷിക്കുന്ന പാട്ടത്തുക പൂർണ്ണമായും അടച്ചു തീർക്കണം. എന്നാൽ ഇനിമുതൽ ഇത്തരത്തിൽ പുറത്തുകടക്കാനും മറ്റൊരു സംരംഭകന് വ്യവസായം കൈമാറാനും ആഗ്രഹിക്കുന്ന സംരംഭകർക്ക് വിവിധ സ്ലാബുകളനുസരിച്ച് ഡി.എൽ.പി തിരിച്ചടക്കാനുള്ള സൗകര്യമുണ്ട്.

# നിലമ്പൂരിൽ കഞ്ചാവുമായി ഇതര സംസ്ഥാന തൊഴിലാളികൾ അറസ്റ്റിൽ



പ്രതികൾ

നിലമ്പൂർ: വെസ്റ്റ് ബംഗാളിൽ നിന്നും നിലമ്പൂരിലേക്ക് ട്രെയിൻ മാർഗം കടത്തി കൊണ്ടു വന്ന 1 കിലോ 690 ഗ്രാം കഞ്ചാവുമായി ഇതര സംസ്ഥാന തൊഴിലാളികളായ ദമ്പതികളെ നിലമ്പൂർ പൊലീസും ഡാൻസാഫ് ടീമും ചേർന്ന് അറസ്റ്റ് ചെയ്തു. വെസ്റ്റ് ബംഗാൾ ബർദമാൻ സ്വദേശികളായ മല്ലിക് അസദുല്ല(53) ഭാര്യ ചാബില ബീവി (39) എന്നിവരെയാണ് ഇൻസ്പെക്ടർ മനോജ് പറയട്ട അറസ്റ്റ് ചെയ്തത്. ഇതര സംസ്ഥാന തൊഴിലാളികൾ മുഖേന ജില്ലയിലേക്ക് കഞ്ചാവ് കടത്തുന്ന സംഘങ്ങളെകുറിച്ചും ഏജന്റുമാരെകുറിച്ചും രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ പൊലീസും, ഡാൻസാഫ് ടീമും ചേർന്ന് സംയുക്തമായി നടത്തിയ പരിശോധനയിൽ ഇന്നലെ രാവിലെ 9ന് നിലമ്പൂർ റെയിൽവേ സ്റ്റേഷനു സമീപം വെച്ചാണ് പ്രതികൾ പിടിയിലായത്. അവധിയെടുത്ത് നാട്ടിലേക്ക് പോകുന്ന തൊഴിലാളികൾ അവിടെ നിന്നും കുറഞ്ഞ വിലക്ക് കഞ്ചാവ് ശേഖരിച്ച് ജില്ലയിലെ ഏജന്റുമാർക്ക് കൈമാറുകയാണ് പതിവ്. ജില്ലയിലേക്ക് ലഹരിമരുന്ന് കടത്തി വിൽപ്പനനടത്തുന്ന സംഘത്തിലെ പ്രധാന കണ്ണികളാണ് പിടിയിലായത്. 3 വർഷത്തോളമായി ഇവർ നിലമ്പൂരിൽ താമസിച്ചു വരുന്നു. അസദുല്ല നിർമാണ തൊഴിലാളിയാണ്. വിപണിയിൽ അര ലക്ഷം രൂപയോളം വില വരുന്ന കഞ്ചാവാണ് ഇവരിൽ നിന്നും പിടികൂടിയത്. സി.പി.ഓമാരായ ഉജേഷ്, സജേഷ്, അനസ്, ദീപ എന്നിവരും ഡാൻസാഫ് അംഗങ്ങളായ എൻ.പി സുനിൽ, അഭിലാഷ് കൈപ്പിനി, ആശിഫ് അലി, നിബിൻദാസ്, ജിയോ ജേക്കബ് എന്നിവരും ചേർന്നാണ് പ്രതികളെ പിടികൂടിയത്.

# കേന്ദ്ര ബജറ്റിലെ അവഗണനക്കെതിരെ ഒറ്റക്കെട്ടായ ജനകീയ പ്രതിഷേധം വേണം: യു.ഡി.എഫ്

തിരുവനന്തപുരം: കേന്ദ്രബജറ്റിൽ കേരളത്തോട് കാണിച്ച അവഗണനക്കും അനീതിക്കും എതിരെ പ്രതിഷേധിക്കാൻ സംസ്ഥാന സർക്കാർ വൈകുന്നതിന് പിന്നിൽ രാഷ്ട്രീയ ദുരുദ്ദേശങ്ങൾ ഉണ്ടോയെന്ന് സംശയിക്കുന്നതായി യു.ഡി.എഫ് കൺവീനർ എം.എം ഹസൻ. ബജറ്റിലെ കേന്ദ്ര അവഗണനക്കെതിരെ ഒറ്റക്കെട്ടായ ജനകീയ പ്രതിഷേധം ശക്തമാക്കുന്നതിന് സംസ്ഥാന സർക്കാർ നേതൃത്വം നൽകാൻ ഇനിയും വൈകരുതെന്നും കൺവീനർ ആവശ്യപ്പെട്ടു.

കേന്ദ്രസർക്കാരിന്റെ അവഗണനക്കെതിരെ മുഖ്യമന്ത്രിയുടെ പാർട്ടി പ്രതിഷേധ പ്രകടനം നടത്തിയത് ഒഴിച്ചാൽ അവർ നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യമായ പ്രതിഷേധം ഉണ്ടായിട്ടില്ല. സംസ്ഥാന താൽപര്യത്തേക്കാൾ മുൻഗണന സ്വാർത്ഥ താൽപര്യങ്ങൾക്ക് നൽകുന്നതിനാലാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇത്തരത്തിൽ ഒരു മൃദുസമീപനം ഉണ്ടാകുന്നതെന്നും ഹസൻ കുറ്റപ്പെടുത്തി.

സംസ്ഥാനങ്ങൾക്കിടയിൽ വിവേചനപരമായ സമീപനമാണ് കേന്ദ്ര ബജറ്റ് സ്വീകരിക്കുന്നതെന്ന് പ്രതികരിച്ച മുഖ്യമന്ത്രി കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിന് മുന്നിൽ ആവർത്തിക്കാൻ യോജിച്ച ശ്രമം നടത്തണമെന്ന് പ്രഖ്യാപിച്ചിട്ട് ദിവസങ്ങൾ പിന്നിട്ടിട്ടും അതിനുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ല. ഇതെല്ലാം ഒഴുക്കൻ മട്ടിലുള്ള സ്വാഭാവിക പ്രതികരണങ്ങൾ മാത്രമായെ കാണാനാകൂ. ആത്മാർത്ഥയുണ്ടെങ്കിൽ ഇതിനോടകം നിയമസഭ സമ്മേളനം അടിയന്തരമായി വിളിച്ചു കൂട്ടി കേരളത്തിന്റെ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം കേരളത്തിലെ മുഴുവൻ എംപിമാരെയും അണിനിരത്തി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെയും ധനമന്ത്രിയെയും നേരിൽകണ്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ഇടപെടലുകൾ നടത്തുമായിരുന്നു. എന്നാലതിന് ഇതുവരെ കേരള സർക്കാർ മുൻകൈയെടുക്കാത്തത് നിർഭാഗ്യകരമാണെന്നും അദ്ദേഹം പറഞ്ഞു.

ഇത്രയേറെ അവഗണന നേരിട്ട കേന്ദ്ര ബജറ്റ് കേരളചരിത്രത്തിൽ ആദ്യമാണ്. 24000 കോടിയുടെ സാമ്പത്തിക പാക്കേജ് പരിഗണിക്കുക പോലും ചെയ്തില്ല. വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യപ്പെട്ട 5000 കോടിയുടെ പാക്കേജും അവഗണിച്ചു. ദേശീയപാത വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പിന് സംസ്ഥാനത്തിന്റെ വിഹിതമായ 6000 കോടി രൂപയും അനുവദിച്ചില്ല. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാനം ചെലവാക്കിയ 3686 കോടി രൂപ കിട്ടുമോ എന്ന പ്രതീക്ഷ പോലുമില്ല. റെയിൽവേ വികസനം കീറാമുട്ടിയായി ഇപ്പോഴും കേരളത്തിൽ തുടരുകയാണെന്നും ഹസൻ ചൂണ്ടിക്കാട്ടി.



മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ പുരസ്കാരം എം.പി മുസ്തഫൽ ഫൈസിക്ക് മന്ത്രി വി. അബ്ദുറഹിമാൻ സമർപ്പിക്കുന്നു

## എം.പി മുസ്തഫൽ ഫൈസിക്ക് മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ പുരസ്കാരം

കൊണ്ടോട്ടി: മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ പുരസ്കാരം എം.പി മുസ്തഫൽ ഫൈസിക്ക് മന്ത്രി വി. അബ്ദുറഹിമാൻ സമർപ്പിച്ചു. ടി.വി. ഇബ്രാഹീം എം.എൽ.എ അധ്യക്ഷനായി. ടി.കെ. ഹംസ, എ.പി അഹമ്മദ്, മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി ചെയർമാൻ ഡോ. ഹുസൈൻ രണ്ടത്താണി, സെക്രട്ടറി ബഷീർ ചുങ്കത്തറ, മുസ്തഫ മുണ്ടുപാറ, ബഷീർ ഫൈസി ദേശമംഗലം,ടി.കെ. അലി അഷ്റഫ് എന്നിവർ പ്രസംഗിച്ചു. എം.പി. മുസ്തഫൽ ഫൈസി മറുമൊഴി പ്രസംഗം നടത്തി. 20ൽ ഏറെ കൃതികളുടെ കർത്താവായ മുസ്തഫൽ ഫൈസി അദ്ദേഹത്തിന്റെ എല്ലാ കൃതികളുടെയും കോപ്പികൾ അക്കാദമി ഗവേഷണ ഗ്രന്ഥാലയത്തിന് നൽകി.

## എസ്.വൈ.എസ് മെമ്പർഷിപ്പ് കാമ്പയിൻ ജില്ലയിൽ ഒന്നര ലക്ഷം അംഗങ്ങളെ ചേർക്കും

മലപ്പുറം: തെളിച്ചമാകാൻ വെളിച്ചമേകാൻ എന്ന പ്രമേയത്തിൽ സുന്നി യുവജന സംഘം 2024-27 വർഷത്തേക്കുള്ള അംഗത്വ കാമ്പയിൻ ഓഗസ്റ്റ് ഒന്നിന് ജില്ലയിൽ തുടക്കമാകും. മെമ്പർഷിപ്പ് വിതരണോദ്ഘാടനം നാളെ പാണക്കാട് നടക്കും. ജില്ലയിലെ മെമ്പർഷിപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ 16 മേഖലാ തല ഇലക്ടറൽ ബോർഡ് അംഗങ്ങളെയും 63 ഏരിയതല അംഗങ്ങളെയും ആയിരത്തിലധികം വരുന്ന യൂണിറ്റിലേക്ക് റിട്ടേണിങ് ഓഫീസർമാരെയും നിരീക്ഷകന്മാരെയും നിയമിച്ചു. ഓൺലൈൻ വഴി നടക്കുന്ന മെമ്പർഷിപ്പ് പ്രവർത്തനങ്ങൾക്ക് ജില്ലയിലെ എല്ലാ ഘടകങ്ങളും സജ്ജമാണെന്ന് എസ്.വൈ.എസ് മെമ്പർഷിപ്പ് കാമ്പയിൻ ജില്ലാ ചെയർമാൻ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, കൺവീനർ സലീം എടക്കര എന്നിവർ അറിയിച്ചു.

മേഖലാതല പ്രവർത്തനത്തിന് നേതൃത്വം നൽകാൻ കൺവീനർമാരായി ശറഫുദ്ദീൻ എടവണ്ണ (അരീക്കോട്), കെ.കെ.മുഹമ്മദ് അമാനുല്ല ദാരിമി (എടക്കര), നാസിറുദ്ദീൻ ദാരിമി ചീക്കോട് (എടവണ്ണപ്പാറ), ഫരീദ് റഹ്മാനി കാളികാവ് (കാളികാവ്), കെ.ടി ശറഫുദ്ദീൻ മാസ്റ്റർ (കൊളത്തൂർ), ഫാറൂഖ് കരിപ്പൂർ (കൊണ്ടോട്ടി), പി.കെ ലത്തീഫ് ഫൈസി മേൽമുറി (മലപ്പുറം), അബ്ദുൽ മജീദ് ദാരിമി വളരാട് (മഞ്ചേരി), ജഅ്ഫർ ഫൈസി പഴമള്ളൂർ (മങ്കട), താജുദ്ദീൻ മൗലവി വെട്ടത്തൂർ (മേലാറ്റൂർ), അസീസ് ദാരിമി മുതിരിപ്പറമ്പ് (മോങ്ങം), ഹംസ ഫൈസി രാമംകുത്ത് (നിലമ്പൂർ), ശമീർ ഫൈസി ഒടമല (പെരിന്തൽമണ്ണ), ഹകീം വാഴയൂർ (പുളിക്കൽ), പി.കെ ഉമർ ദാരിമി കക്കാടംപുറം (വേങ്ങര), സി. അബ്ദുല്ല മൗലവി വണ്ടൂർ (വണ്ടൂർ) എന്നിവരെ തിരഞ്ഞെടുത്തു. ഇത് സംബന്ധമായി ചേർന്ന യോഗത്തിൽ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ അധ്യക്ഷനായി.


## ജീവനക്കാർക്ക് ശമ്പളം നൽകണം

മലപ്പുറം: എസ്.എസ്.കെയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നത് പതിവാകുന്നുവെന്നും എത്രയും പെട്ടെന്ന് ശമ്പള വിതരണം പൂർത്തീകരിക്കണമെന്നും കെ.എസ്.ടി.യു ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു. കഴിഞ്ഞ ഏപ്രിൽ മാസം മുതൽ ശമ്പള വിതരണം കൃത്യമായി നടക്കുന്നില്ല. ഏപ്രിൽ മാസത്തെ ശമ്പളം മെയ് അവസാനം മാത്രമാണ് ലഭിച്ചത്. നിലവിൽ ജൂലൈ 28 ആയിട്ടും ജൂൺ മാസത്തെ ശമ്പളം ലഭിച്ചിട്ടില്ല. ഈ ശമ്പളം എന്ന് ലഭിക്കുമെന്ന് മേലുദ്യോഗസ്ഥർക്കുപോലും അറിയാത്ത സ്ഥിതിയാണ്. നിലവിലെ സ്ഥിതി തുടർന്നാൽ ഭിന്നശേഷി കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷൽ എജുക്കേറ്റർമാർ എന്ത് ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ്. സർക്കാറിന്റെ ഈ നിരുത്തരവാദപ്രവർത്തനം കാരണം പല അധ്യാപകരും ജോലി ഒഴിവാക്കാനൊരുങ്ങുകയാണെന്നും എല്ലാ മാസവും എസ്.എസ്.കെ ജീവനക്കാർക്കും രണ്ടാം പ്രവൃത്തി ദിവസം തന്നെ ശമ്പളം ലഭിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണമെന്നും എൻ.പി മുഹമ്മദലി, കോട്ട വീരാൻ കുട്ടി, കെ.എം ഹനീഫ എന്നിവർ ആവശ്യപ്പെട്ടു.

## ബാൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ്

മലപ്പുറം: ഈ വർഷത്തെ സബ് ജൂനിയർ ജില്ലാ ബാൾ ബാഡ്മിന്റൺ (ആൺ, പെൺ) ചാമ്പ്യൻഷിപ്പ് ആഗസ്ത് 3, 4 തിയ്യതികളിൽ കോട്ടക്കൽ വി.വി.എം.എച്ച്.എസ്.എസ് മാറാക്കരയിൽ നടക്കും. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നവർ 02.01.2009 ശേഷം ജനിച്ചവരായിരിക്കണം. പങ്കെടുക്കാൻ താത്പര്യമുള്ള ക്ലബ്ബുകൾ ആഗസ്ത് 3ന് 8.30ന് വി.വി.എം.എച്ച്.എസ്.എസ് മാറാക്കരയിൽ ഹാജരാവുക. ഫോൺ: 9946486486

# മണൽക്കടത്ത് റീൽസ് ചെയ്ത് വൈറലാക്കാൻ ശ്രമിച്ച സംഭവത്തിൽ 7 പേർ അറസ്റ്റിൽ



അറസ്റ്റിലായ പ്രതികൾ

നിലമ്പൂർ: പൊലീസ് സ്റ്റേഷന് മുമ്പിലൂടെ ടിപ്പറിൽ മണൽ കടത്തുന്ന വിഡിയോ ചിത്രീകരിച്ച ശേഷം റീൽസ് ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്ത സംഘത്തിലെ 7 പേർ അറസ്റ്റിൽ. മമ്പാട് ഓടായിക്കൽ സ്വദേശികളായ മറ്റത്ത് ഷാമിൽ ഷാൻ(21) കാട്ടുമുണ്ട സ്വദേശികളായ വലിയ തൊടിക മർവ്വാൻ(20)പുളിക്കൽ അമീൻ(19), വടപുറം സ്വദേശികളായ ചേകരാറ്റിൽ അൽത്താഫ്,(22), ചേകരാറ്റിൽ മുഹമ്മദ് സവാദ്(22), കണ്ണംതൊടിക അബ്ദുൾ മജീദ് (34),കരിമഠത്തിൽ സഹീർ എന്നിവരെയാണ് ഇൻസ്പെക്ടർ മനോജ് പറയട്ടയുടെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 22 ന് പുലർച്ചെയാണ് കേസിനാസ്പദമായ സംഭവം നടന്നത്. ഷാമിൽഷാന്റെ ഉടമസ്ഥതയിലുള്ള ടിപ്പർ ലോറിയിൽ പുള്ളിപ്പാടം കടവിൽ നിന്ന് അനധികൃതമായി മണൽ കടത്തികൊണ്ടു പോകുമ്പോഴാണ് വീഡിയോ ചിത്രീകരിച്ചത്. മണൽക്കടത്ത് ലോറിയിൽ ക്ലീനറായി പോകുന്ന ബിരുദ വിദ്യാർഥിയായ അമീൻ ഓടായിക്കൽ പാലത്തിൽ വെച്ചും, നിലമ്പൂർ പോലീസ് സ്റ്റേഷന് മുമ്പിൽ വെച്ചും ചിത്രീകരിച്ച വിഡിയോ പിന്നീട് സിനിമാ ഡയലോഗുകൾ കൂടി ചേർത്ത് റീൽസായി ഇൻസ്റ്റഗ്രാം അകൗണ്ടിൽ പോസ്റ്റ് ചെയ്യുകയായിരുന്നു. തുടർന്ന് വീഡിയോ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിച്ചതോടെ ജില്ലാ പൊലീസ് മേധാവിയുടെ നിർദേശപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്. റീൽസ് വിവാദമായതോടെ ഇത് ഇൻസ്റ്റഗ്രാം പേജിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. വീഡിയോ ചിത്രീകരിക്കുന്ന സമയം ഉടമസ്ഥനായ ഷാമിൽ ഷാനും ലോറിയിൽ ഉണ്ടായിരുന്നു. അൽത്താഫ്, സവാദ്, മജീദ്, സഹീർ എന്നിവർ ബൈക്കിൽവഴിയിൽ പൊലീസുണ്ടെങ്കിൽ മുന്നറിയിപ്പ് നൽകാനായി ലോറിക്ക് എസ്കോർട്ടായി പോയിരുന്നു. ഷാമിൽ, അൽത്താഫ് എന്നിവർ മുമ്പും മണൽകടത്ത് കേസ്സിൽ ഉൾപ്പെട്ടയാളുകളാണ് ഇരുവരും ഗൾഫിൽ ജോലി തരപ്പെടുത്തി പോകാനിരിക്കെയാണ് പൊലീസിനെതിരെ റീൽസ് ചെയ്തത്. വിദേശത്തെത്തിയാൽ പിടിക്കപ്പെടില്ല എന്ന ധാരണയായിരുന്നു പ്രതികൾക്ക്. കോടതി പടിയിലെ വിജനമായ സ്ഥലത്ത് ഒളിപ്പിച്ച മണൽക്കടത്താനുപയോഗിച്ച ലോറി പിടിച്ചെടുത്തു. എസ്.ഐമാരായ തോമസ് കുട്ടി ജോസഫ്, മുജീബ്.ടി, രതീഷ്.കെ, അടകസുധീർ.ഇ.എൻ, നൗഷാദ് എസ്.സി.പി.ഒഷിഫിൻ കുപ്പനത്ത്, സി.പി.ഓമാരായ അനീറ്റ് ജോസഫ്, സജീഷ്.ടി, പ്രിൻസ്, വിവേക്, ഷൗക്കത്ത്, സുബൈറുദ്ദീൻ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത് കേസിൽ തുടരന്വേഷണം നടത്തുന്നത്.

## സംസ്ഥാന ജൂനിയർ ഫുട്ബോൾ ടീമിനെ ഷഹീബലി നയിക്കും



മങ്കട : സംസ്ഥാന ജൂനിയർ ഫുട്ബോൾ ടീമിനെ ഇത്തവണ ഷഹീബലി കാരയിൽ നയിക്കും. മങ്കട കൂട്ടിൽ സ്വദേശി കാരയിൽ മുഹമ്മദലി - റംല ദമ്പതികളുടെ മകനാണ് ഷഹീബലി. ചെറുപ്പത്തിൽ തന്നെ പന്ത് കളിയിൽ തൽപരനായ ഷഹീബലിയെ മാതാപിതാക്കളും സഹോദരങ്ങളും നന്നായി പ്രോത്സാഹിപ്പിച്ചിരുന്നു. ദാറുൽ ഫലാഹ് പൂപ്പലം അൽ അമീൻ സ്കൂളും കെ.എഫ്.സി ക്ലബ്ബ് കൂട്ടിൽ ലൈഫ്കൊ അക്കാഡമിയും കളിയെ പ്രോത്സാഹിപ്പിച്ചു. 2020 ൽ ലൈഫ്കൊ അക്കാദമിയുടെ കീഴിൽ ബേബി ലീഗിൽ ജില്ലാ ചാമ്പ്യൻമാരായപ്പോൾ ക്യാപ്റ്റനായിരുന്നു. 2021-22 ൽ ഡൽഹിയിൽ നടന്ന സുബ്രതോ കപ്പിൽ (സബ് ജൂനിയർ) സംസ്ഥാനത്തെ പ്രതിനിധീകരിച്ചു. ടീമിന്റെ വൈസ് ക്യാപ്റ്റനായിരുന്നു. ചേലേമ്പ്ര എൻ. എൻ.എം.എച്ച്.എസിനെ പ്രതിനിധീകരിച്ച് 22-23 ൽ സബ്ജൂനിയർ ജില്ലാ ക്യാപ്റ്റനായി 23-24 ൽ ജൂനിയർ ജില്ലാ ക്യാപ്റ്റൻ സ്റ്റേറ്റ് ടീമിലേക്ക് സെലക്ഷൻ ലഭിച്ച് ഒഡീഷയിൽ കളിച്ചു. 24-25 ൽ ജൂനിയർ സ്റ്റേറ്റ് ക്യാപ്റ്റനായി ആഗസ്ത് 4ന് ഛത്തീസ്ഗഡിലാണ് മത്സരം തുടങ്ങുന്നത്. നിലവിൽ എം.ഐ. സി അത്താണിക്കൽ സ്കൂളിൽ 10-ാം ക്ലാസ് വിദ്യാർഥിയാണ് കേരള ബ്ലാസ്റ്റേഴ്സ് ജൂനിയർ ടീം കളിക്കാരനാണ് ഷഹീബലി.

## പെൺകുട്ടിയെ ഉപദ്രവിക്കാൻ ശ്രമിച്ചയാളെ അറസ്റ്റ് ചെയ്തു

തിരൂർ:പെൺകുട്ടിയുടെ ദേഹത്ത് കയറി പിടിക്കാൻ ശ്രമിച്ച ആളെ തിരൂർ പൊലീസ് അറസ്റ്റ് ചെയ്തു. ഉണ്ണിയാൽ സ്വദേശി കോയമുന്റെ പുരക്കൽ ജർഷാദാ(18)ണ് പിടിയിലായത്. തിരൂർ ബസ്സ്റ്റാന്റിൽ വച്ചാണ് സംഭവം. പത്താം ക്ലാസിൽ പഠിക്കുന്ന പെൺകുട്ടി ട്യൂഷൻ കഴിഞ്ഞ് തിരിച്ച് പോകവെ ഫാൻസി കടയിൽ കയറിയതായിരുന്നു. യുവാവ് കുട്ടിയുടെ ദേഹത്ത് കയറി പിടിക്കാൻ ശ്രമിച്ചയുടൻ സഹപാഠികളായ പെൺകുട്ടികൾ ഒച്ചവെച്ച് ആളെകൂട്ടുകയും ഓടികൂടിയആളുകൾ ചേർന്ന് യുവാവിനെ പിടികൂടുകയുമായിരുന്നു. പൊലീസിലേൽപിച്ച പ്രതിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തു.


പ്രതി ജർഷാദ്

## പമ്പ് ഹൗസിൽ മോഷണം നടത്തിയയാൾ അറസ്റ്റിൽ

തിരൂർ : മലപ്പുറം വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷന്റെ മേൽനോട്ടത്തിൽ തൃപ്രങ്ങോട് പഞ്ചായത്തിലെ കോളനി കടവിൽ ഭാരതപ്പുഴയുടെ സമീപത്ത് പണി നടന്നുവന്നിരുന്ന പമ്പ് ഹൗസിന്റെ അകത്ത് നിന്നും ഒരു ലക്ഷത്തി അമ്പതിനായിരം രൂപ വില വരുന്ന വലിയ ഷാഫ്റ്റുകൾ മോഷ്ടിച്ചയാളെ തിരൂർ പൊലീസ് അറസ്റ്റ് ചെയ്തു. തിരൂർ ആലിങ്ങൽ തൃപ്രങ്ങോട് പുളിക്കത്തറയിൽ റിയാസ് (38) ആണ് പിടിയിലായത്. ഇയാളുടെ വീടിനു സമീപത്ത് നിന്നും കുഴിച്ചിട്ട നിലയിൽ മൂന്നു ഷാഫ്റ്റുകളും കണ്ടെടുത്തു. തിരൂർ കോടതിയിൽ ഹാജരാക്കിയ ഇയാളെ 14 ദിവസത്തേക്ക് ചെയ്തു. തിരൂർ ഡിവൈ.എസ്.പി കെ.എം ബിജുവിന്റെ നിർദോശനുസരണം തിരൂർ ഇൻസ്പെക്ടർ ജിനേഷ് കെ.ജെ പ്രിൻസിപ്പൽ സബ്ഇൻസ്പെക്ടർ സുജിത്ത് ആർ.പി, സബ്ഇൻസ്പെക്ടർ മണികണ്ഠൻ, അസിസ്റ്റന്റ് സബ്ഇൻസ്പെക്ടർ ദിനേശൻ, സിവിൽ പൊലീസ് ഓഫീസർമാരായ ധനീഷ് കുമാർ, ഷൈജു, ഭാഗ്യരാജ് എന്നിവർ ചേർന്നാണ് പ്രതിയെ പിടികൂടിയത്.


പ്രതി റിയാസ്

## കേരള വാർത്തകൾ

## അവകാശ പത്രിക സമർപ്പിച്ച് സംയുക്ത അധ്യാപക സമിതി

മലപ്പുറം: ആറാം പ്രവൃത്തി ദിനത്തിൽ ജില്ലാ സംയുക്ത അധ്യാപക സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ കെ.പി രമേശ് കുമാറിന് അവകാശ പത്രിക സമർപ്പിച്ചു. ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും പ്രതിഷേധ ബാഡ്ജ് ധരിച്ച് പ്രതിഷേധ കൂട്ടായ്മയും സംഗമവും സംഘടിപ്പിച്ചു .സംയുക്ത അധ്യാപക സമിതിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ ഡിഡിഇ ഓഫീസിന് മുന്നിലും, ജില്ലാ ആസ്ഥാനങ്ങളിലും നടത്തേണ്ട ഉപവാസ സമരം ജില്ലയിൽ നിപ്പാ പ്രോട്ടോകോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊണ്ട് വിവിധ വിദ്യാലയങ്ങളിൽ പ്രതിഷേധ സംഗമവും പ്രതിഷേധ കൂട്ടായ്മയും സംഘടിപ്പിക്കുകയാണ് ചെയ്തത്. അശാസ്ത്രീയമായ അക്കാദമിക കലണ്ടർ പിൻവലിക്കുക ഹൈസ്കൂൾ ഹയർസെക്കന്ററി ഏകീകരണ നടപടികൾ അവസാനിപ്പിക്കുക. പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സർക്കാർ നയങ്ങൾ തിരുത്തുക. ക്ഷാമബത്ത -ശമ്പള പരിഷ്കരണങ്ങൾ അനുവദിക്കുക. പങ്കാളിത്ത പെൻഷൻ പിൻവലിക്കുക. ശമ്പള പരിഷ്കര നടപടികൾ ഉടൻ ആരംഭിക്കുക.എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു നടന്ന പ്രതിഷേധ സംഗമങ്ങളിൽ വിവിധ വിദ്യാലയങ്ങളിൽ നിന്നും നൂറുകണക്കിന് അധ്യാപകർ പങ്കാളികളായി. അവകാശ പത്രിക സമർപ്പണത്തിന് സംയുക്ത അധ്യാപക സമിതി ചെയർമാൻ വി. രഞ്ജിത്ത്, കൺവീനർ കോട്ട വീരാൻകുട്ടി, ട്രഷറർ എം.പി ഫസൽ, കെ.പി.എസ്.ടി.എ ജില്ലാ പ്രസിഡന്റ് കെ.വി മനോജ് കുമാർ, കെ.എസ്.ടി.യു ജില്ലാ പ്രസിഡന്റ് എൻ.പി മുഹമ്മദലി, കെ.എ.ടി.എഫ് ജില്ലാ പ്രസിഡന്റ് എ.പി അബ്ദുൽ അലി നേതൃത്വം നൽകി.


സംയുക്ത അധ്യാപക സമിതി ഭാരവാഹികൾ പ്രതിഷേധ ദിനത്തിൽ അവകാശ പത്രിക വിദ്യാഭ്യാസ ഉപഡയറക്ടർ കെ.പി രമേശ് കുമാറിന് സമർപ്പിക്കുന്നു.

## ജാതി സംവരണം: ലിസ്റ്റ് പുന:പരിശോധിക്കണമെന്ന് എസ്.ഇ.എ

കോഴിക്കോട്: ജാതി സംവരണത്തിന്റെ ലിസ്റ്റ് പുന:പരിശോധന നടത്തണമെന്നും പത്ത് വർഷത്തിലൊരിക്കൽ നടത്തേണ്ട പുന:പരിശോധന കഴിഞ്ഞ 30 വർഷമായി നടന്നിട്ടില്ലെന്നും സമസ്ത എംപ്ലോയീസ് അസോസിയേഷൻ.

ജാതി സെൻസസ് നടത്താനിരിക്കുന്നതിനാൽ വൈകിയതാണെന്ന വിചിത്ര വാദം അംഗീകരിക്കാൻ കഴിയാത്തതാണെന്നും സുപ്രീം കോടതിയും ഹൈക്കോടതിയും നിരവധി വിധികൾ പ്രസ്താവിച്ചിട്ടും നടക്കാത്തത് പ്രതിഷേധാർഹമാണെന്നും എസ്ഇഎ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ടേബ്ൾ ടോക് അഭിപ്രായപ്പെട്ടു. ഡോ.എം.കെ.മുനീർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡണ്ട് മുസ്തഫ മുണ്ടുപാറ മോഡറേറ്ററായി.

സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.ബഷീർ പനങ്ങാങ്ങര വിഷയാവതരണം നടത്തി. ദേശീയ കൺവീനർ ഷാഹുൽ ഹമീദ് മേൽമുറി, സംസ്ഥാന ട്രഷറർ സിറാജ് ഖാസി ലൈൻ, പി.ടി.മുഹമ്മദ് മാസ്റ്റർ കണ്ണൂർ, ശംസുദ്ധീൻ ഒഴുകൂർ, കെ.അബ്ദുൽ അസീസ് വൈത്തിരി, ടി.കെ.അലി മാസ്റ്റർ, ടി.കെ മുഹമ്മദ് കുട്ടി മാസ്റ്റർ എന്നിവർ പ്രസംഗിച്ചു. അയ്യൂബ് കൂളിമാട് സ്വാഗതവും കൺവീനർ അഷ്റഫ് ഇരിവേരി നന്ദിയും പറഞ്ഞു.


എസ്.ഇ.എ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ടാബ്ൾ ടോക്ക് ഡോ.എം.കെ.മുനീർ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

## മത ഗ്രന്ഥങ്ങളുടെ പുനർവായനയിലൂടെ സാമൂഹിക അരക്ഷിതാവസ്ഥ തടയാനാകും: ഡോ. ഖാസിമുൽ ഖാസിമി

റിയാദ് : മത ഗ്രന്ഥങ്ങളുടെ വായനയും പുനർവായനയും നടത്തി പ്രസ്തുത സന്ദേശങ്ങൾ പ്രചരിപ്പിച്ചാൽ സാമൂഹിക അരക്ഷിതാവസ്ഥ തടയാൻ സാധിക്കുമെന്ന് ഡോ:ഖാസിമുൽ ഖാസിമി.

സൗദി മജ്‌ലിസ് സന്ദേശ പ്രചരണത്തിനായി എത്തിയപ്പോൾ റിയാദിൽ മജ്‌ലിസ് റിയാള് ചാപ്റ്റർ സംഘടിപ്പിച്ച സ്നേഹ വിരുന്നിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ഡോ ഖാസിമുൽ ഖാസിമി. കേരളത്തിൽ മയക്കുമരുന്നു ലഹരിവ്യാപനം ആശങ്ക ഉണ്ടാക്കുകായാണ്. മയക്കു മരുന്നിനെതിരെ ശക്തമായ പ്രതിരോധം ആവശ്യമാണ്. ഇതര മതസ്ഥരുമായുള്ള ബന്ധങ്ങളും സമുദായങ്ങൾ തമ്മിലുള്ള യോജിപ്പും ദൃഢപ്പെടുത്തൽ അനിവാര്യമാണന്നും ഖാസിമുൽ ഖാസിമി പറഞ്ഞു. ബഷീർ ഫൈസി അദ്ധ്യക്ഷനായിരുന്നു. അബൂബക്കർ ഫൈസി, നിസാർ വെള്ളിപറമ്പ്, ഹക്കിം വല്ലപ്പുഴ, അസിസ് മുണ്ടുമുഴി, തുടങ്ങിയവർ പങ്കെടുത്തു



മജ്‌ലിസുത്തൗഹീദ് സേവന കേന്ദ്രം റിയാദ് ചാപ്റ്റർ സംഘടിപ്പിച്ച സ്നേഹ വിരുന്നിൽ ഡോ:ഖാസിമുൽ ഖാസിമി മുഖ്യപ്രഭാഷണം നടത്തുന്നു

## സാമുദായിക സാമൂഹിക സംഘടനകൾക്കു ഭൂമി പതിച്ചു നൽകിയ കണക്ക് പുറത്തവിടണം: എസ്.വൈ.എഫ്

കോഴിക്കോട്: വിവിധ കാലങ്ങളിലായി കേരള ഗവൺമെന്റ് സാമുദായിക സാമൂഹിക സംഘടനകൾക്കു പതിച്ചു നൽകിയിട്ടുള്ള ഭൂമികളുടെ കണക്ക് സർക്കാർ പ്രസിദ്ധീകരിക്കണമെന്ന് എസ്.വൈ.എഫ് ആവശ്യപ്പെട്ടു.

ഒരു തുണ്ട് ഭൂമി പോലും കൈപ്പറ്റാത്ത ചില മുസ്‌ലിം സംഘടനകളെ അനർഹമായി പലതും കൈയടക്കിയെന്ന് ആക്ഷേപിച്ചു നാട്ടിലെ സാമൂഹികാന്തരീക്ഷം വഷളാക്കാനുള്ള ശ്രമം അപലപനീയമാണ്. സർക്കാർ സർവീസിൽ അർഹതപ്പെട്ട പദവികൾ പോലും പല നിലയ്ക്കും നിഷേധിക്കപ്പെട്ടവരാണ് മുസ്‌ലിം സമുദായം. സ്വന്തമായി ഉണ്ടാക്കിയ സ്ഥാപനങ്ങൾ ചൂണ്ടിക്കാട്ടി സർക്കാർ ആനുകൂല്യത്തിൽ നിർമ്മിച്ചതെന്ന് ആരോപിക്കുന്നവർ കണ്ണടച്ചു ഇരുട്ടാക്കുകയാണ്. എസ്‌വൈഎഫ് അഭിപ്രായപ്പെട്ടു. കോഴിക്കോട് ത്വൈബ സെന്ററിൽ നടന്ന യോഗത്തിൽ ശൗക്കത്തലി തങ്ങൾ ഓമശ്ശേരി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കെ.യു ഇസ്ഹാഖ് ഖാസിമി ചാലപ്പുറം ഉദ്ഘാടനം ചെയ്തു.

സ്വലാഹുദ്ദീൻ ബാഖവി മാറാട്, ആശിഖ് ഫലാഹി തെരുവമ്പറമ്പ്, ഹാശിം തങ്ങൾ കൊടക്കൽ, യൂസഫ് ഫലാഹി കാക്കുനി, മുജ്തബ ഫലാഹി ചെറുവണ്ണൂർ, അബ്ദുസ്സലാം ഫലാഹി പേരാമ്പ്ര, സഊദ് ഫലാഹി, മുഹമ്മദ് കോയ തങ്ങൾ, മുഹമ്മദ് മുസലിയാർ മാട്ടോള്ള, മുഹമ്മദ് തലപ്പെരുമണ്ണ, ഇ.വി.ഹാരിസ് മാസ്റ്റർ, അഷ്റഫ് മുസ്‌ലിയാർ പൈങ്ങോട്ടായി, ജഅഫർ വഹബി നാദാപുരം, അസ്‌ലം ഫലാഹി, അനീസ് സൈനി പുതിയങ്ങാടി, ശംസീർ നരിക്കാട്ടേരി എന്നിവർ പ്രസംഗിച്ചു.


എസ്‌വൈഎഫ് കൺവെൻഷൻ സംസ്ഥാന സെക്രട്ടറി കെ.യു.ഇസ്ഹാഖ് അൽ ഖാസിമി ഉദ്ഘാടനം ചെയ്യുന്നു

## പ്രൊഫൈസ് പ്രൊഫഷണൽ ഫാമിലി കോൺഫറൻസ് കണ്ണൂരിൽ

ചെന്നൈ: വിസ്ഡം ഇസ് ലാമിക് യൂത്ത് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന പ്രൊഫഷണൽ ഫാമിലി കോൺഫറൻസ് പ്രൊഫൈ സ് നവംബർ 16, 17 തിയ്യതികളിൽ കണ്ണൂരിൽ നടക്കും. പ്രൊഫൈസ് പ്രഖ്യാപന സമ്മേളനം ചെന്നൈയിൽ എം.എം. എ ഹാളിൽ നടന്നു. വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹാരിസ് ബിൻ സലീം ഉദ്ഘാടനം ചെയ്തു. ടിപിസിസി സംസ്ഥാന പ്രസിഡന്റ് കെ സെൽവ പെരുന്തുകൈ എം എൽ എ മുഖ്യ അതിഥിയായിരുന്നു. വിസ്ഡം ഇസ് ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു.

ഇന്ത്യയിലെ മികച്ച വിദ്യാർഥികൾ തൊഴിൽ നേടി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് മൂലം രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അവരുടെ സേവനം ലഭിക്കാതിരിക്കുന്നത് രാജ്യത്തിന് വലിയ നഷ്ടമാണെന്ന് പ്രൊഫൈ സ് പ്രഖ്യാപന സമ്മേളനം അഭിപ്രായപ്പെട്ടു. എല്ലാതരത്തിലുമുള്ള പ്രൊഫഷണൽ ക്യാംപസുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്താൻ സർക്കാർ കടുത്ത നിലപാട് സ്വീകരിക്കണം. പ്രൊഫഷണൽ ക്യാംപസുകളിൽ നിന്നും പുറത്തിറങ്ങുന്നവർക്ക് മികച്ച പ്രായോഗിക തൊഴിൽ പരിശീലനം നൽകുന്ന ക്യാംപസ് സംവിധാനങ്ങൾ ഒരുക്കണം. പ്രൊഫൈസ് പ്രഖ്യാപനം ഡോ. അലി അജ്മാൻ നിർവ്വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി കെ നിഷാദ് സലഫി, ഡോ പി പി നസീഫ്, ഡോ വി പി ബഷീർ, സി ഇസ്മായിൽ ചെന്നൈ, പി പി അബ്ദുൽ റഷീദ്, ടി കെ നസീർ, എ പി മുനവ്വർ സ്വലാഹി, കെ പി മുഹമ്മദ് ഷമീൽ, ഡോ അഹസനു സമാൻ, ഡോ മുഹമ്മദ് ഫഹീം, യൂനുസ് പട്ടാമ്പി, ഡോ ഉനൈസ്, ശരീഫ് കാര സംസാരിച്ചു.



പ്രൊഫഷണൽ ഫാമിലി കോൺഫറൻസ് പ്രൊഫൈസ് പ്രഖ്യാപന സമ്മേളനം വിസ്ഡം ഇസ് ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി ഹാരിസ് ബിൻ സലീം ഉദ്ഘാടനം ചെയ്യുന്നു

## വാർഡ് വിഭജനത്തിന് 'ക്യൂ ഫീൽഡ്'സോഫ്റ്റ് വെയർ തീരുമാനം സംസ്ഥാന സർക്കാർ പുനഃപരിശോധിക്കണമെന്ന്

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനത്തിന് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'ക്യൂ ഫീൽഡ്' എന്ന പുതിയ ആപ്പ് ഉപയോഗിക്കാനുള്ള സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷന്റെ പ്രഥമ യോഗത്തിലെ തീരുമാനം വിശദമായ പുനപരിശോധനക്ക് വിധേയമാക്കണമെന്ന് രാജീവ് ഗാന്ധി പഞ്ചായത്തി രാജ് സംഘടനാ ചെയർമാൻ എം. മുരളി ആവശ്യപ്പെട്ടു. ഐ.കെ.എം തദ്ദേശസ്ഥാപനങ്ങൾക്കായി തയാറാക്കിയ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്) എന്ന സോഫ്റ്റ്‌വെയറും ഇപ്പോൾ കൊണ്ടുവന്ന കെസ്മാട്ട് ആപ്ലിക്കേഷനും പലപ്പോഴും ജനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്.

അതിനാൽ സമയബന്ധിതമായും സുതാര്യമായും നിർവഹിക്കേണ്ട വാർഡ് പുനർ വിഭജനത്തിന് ഇതേ ഐ.കെ.എമ്മിന്റെ ക്യൂ ഫീൽഡ് എന്ന പുതിയ സോഫ്റ്റ്‌വെയർ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നത് എത്രത്തോളം വിജയകരമാകുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ സ്വയം വിലയിരുത്തണമെന്നും മുരളി അഭ്യർത്ഥിച്ചു.



വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം വെസ്റ്റ് ജില്ലാ കൗൺസിൽ മീറ്റ് പ്രഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## സാമുദായിക സംഘർഷം സൃഷ്ടിക്കുന്നവരെ കരുതിയിരിക്കണം

കോട്ടക്കൽ: വിഷലിപ്തമായ വാക്കുകളിലൂടെ സമുദായങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിലേക്കും വിമർശനങ്ങളിലേക്കും തള്ളിയിടുന്നവർക്കെതിരെ ജാഗ്രത പുലർത്തണമെന്നും അവരെ കരുതിയിരിക്കണമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മലപ്പുറം വെസ്റ്റ് ജില്ലാ കൗൺസിൽ മീറ്റ് അഭിപ്രായപ്പെട്ടു. പ്രഫ. കെ.കെ ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ പ്രസിഡന്റ് അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി അധ്യക്ഷനായി. സംസ്ഥാന വൈസ് പ്രസിഡന്റ് സി കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ മുഖ്യപ്രഭാഷണം നടത്തി.

പി.എം ഷാഹുൽ ഹമീദ്, അബ്ദുറഹ്മാൻ അൻസാരി, ഹനീഫ ഓടക്കൽ, ബഷീർ കാടേങ്ങൽ, പി.ഒ ഉമറുൽ ഫാറൂഖ്, നൂറുദ്ദീൻ താനാളൂർ, മുജീബ് ഒട്ടുമ്മൽ , ഹാമിദ് എം. സി.സി, ആസിഫ് സ്വലാഹി. അബ്ദുൽ കരീം മാസ്റ്റർ, അബ്ദുറസാഖ് ചങ്ങരംകുളം, സി.എം അബ്ദുൽ ഖാലിഖ്, ഫസലുറഹ്മാൻ, പ്രസംഗിച്ചു. അയൽകൂട്ടം, വിസ്ഡംഡേ, മഹല്ല് സമ്മേളനം, സൗഹൃദ ഹസ്തം, വിജ്ഞാന വേദി, ഐ.ടി വർക്ക്ഷോപ്, ഹെൽത്ത് കെയർ, മദ്റസാ അധ്യാപക ശാക്തീകരണം എന്നിവക്ക് കൗൺസിൽ രൂപം നൽകി.

## കലാ,കായിക മത്സരങ്ങളുമായി സി.ഇ.ഒ

മലപ്പുറം: സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് വേണ്ടി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കാൻ സി.ഇ.ഒ ജില്ലാ കമ്മിറ്റി തീരുമാനിച്ചു. ജില്ലാതല മത്സരങ്ങൾക്ക് മുമ്പായി ജില്ലയിലെ ഏഴ് താലൂക്കിലും മത്സരങ്ങൾ നടത്തും. യൂണിറ്റ് തലങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരാണ് താലൂക്ക് തല മത്സരങ്ങളിൽ പങ്കെടുക്കുക. താലൂക്ക് തലമത്സരങ്ങളിൽ ഒന്നാം സ്ഥാനത്തെത്തുന്നവർ ജില്ലാ മത്സരങ്ങളിൽ മാറ്റുരക്കും. നൂറുക്കണക്കിന് മത്സരാർഥികൾ വിവിധ ഇനങ്ങളിലായി പങ്കെടുക്കും. വിജയികൾക്ക് സർട്ടിഫിക്കറ്റും വിവിധ സമ്മാനങ്ങളും നൽകും. സാമ്പത്തിക പ്രതിസന്ധി മറികടക്കുക എന്ന ലക്ഷ്യമിട്ട് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഇടാക്കുന്ന ഫീസ് നിരക്കുകൾ കുത്തനെ കൂട്ടിയ നടപടിയിൽ യോഗം പ്രതിഷേധിച്ചു. സംഘങ്ങൾക്കും ജനങ്ങൾക്കും ഒരുപോലെ തിരിച്ചടിയാകുന്ന രീതിയിൽ സഹകരണ മേഖലയെ പിഴിയുന്ന വിവിധ ഫീസ് വർധനവിൽ നിന്നും സർക്കാർ പിൻമാറണമെന്നും സി.ഇ.ഒ ആവശ്യപ്പെട്ടു. യോഗത്തിൽ ജില്ലാ പ്രസിഡന്റ് മുസ്തഫ അബ്ദുൽ ലത്തീഫ് അധ്യക്ഷനായി. ജനറൽ സെക്രട്ടറി അനീസ് കൂരിയാടൻ, ട്രഷറർ വി.പി അബ്ദുൽ ജബാർ, നൗഷാദ് പുളിക്കൽ, ഹുസൈൻ ഊരകം, ജുമൈലത്ത് കാവനൂർ, സാലി മാടമ്പി, ഉസ്മാൻ തെക്കത്ത്, റിയാസ് വഴിക്കടവ് പ്രസംഗിച്ചു.

## ഗസ്സ: ഇസ്രാഈലുമായി ചർച്ചയിലെന്ന് യു.എസ്

വാഷിങ്ടൺ: അധിനിവേശ ജൂലാൻ കുന്നിൽ ഫുട്ബോൾ മൈതാനത്ത് 12 പേർ കൊല്ലപ്പെട്ട റോക്കറ്റാക്രമണം പശ്ചിമേഷ്യൻ സാഹചര്യങ്ങൾ സങ്കീർണമാക്കിയതായി യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ. ഗസ്സയിൽ വെടിനിർത്തൽ പ്രഖ്യാപിക്കാൻ സാധിച്ചാൽ ലബനീസ് അതിർത്തിക്ക് സമീപമുള്ള ഇസ്രാഈലിന്റെ വടക്കൻ മേഖല ശാന്തമാകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇസ്രാഈൽ ഭരണകൂടവുമായി അമേരിക്ക ചർച്ചയിലാണെന്നും ബ്ലിങ്കൻ അറിയിച്ചു.

ജൂലാൻ കുന്നിൽ ന്യൂനപക്ഷമായ ഇസ്മാഈലി വിഭാഗക്കാർക്കുനേരെയുണ്ടായ റോക്കറ്റാക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാ ൻ ഹിസ്ബുല്ല തയാറായിട്ടില്ല.

## ബൈഡന്റെ പിന്മാറ്റം ശ്രദ്ധ നേടി എമിയുടെ പ്രവചനം

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ സ്ഥാനാർത്ഥിത്വം പിൻവലിക്കുമെന്നും ഡൊണാൾഡ് ട്രംപ് വീണ്ടും പ്രസിഡന്റാവുമെന്നും പ്രവചിച്ച എമി ട്രിപ്പിന്റെ എക്സ് പോസ്റ്റ് അമേരിക്കൻ മാധ്യമങ്ങളിൽ ചർച്ചയാകുന്നു. ബൈഡൻ പിന്മാറുന്ന തിയ്യതി കൃത്യമായി പ്രവചിച്ചതാണ് നാൽപതുകാരിയായ എമിയെ ശ്രദ്ധേയയാക്കിയത്. ജൂലൈ 21ന് ബൈഡൻ സ്ഥാനാർത്ഥിത്വം ഒഴിയുമെന്ന് അവർ പറഞ്ഞിരുന്നു. അത് യാഥാർത്ഥ്യമായി. ബൈഡന് കൂടുതൽ ബുദ്ധിമുട്ടുകൾ സമീപ ഭാവിയിൽ ഉണ്ടാകുമെന്നും അവർ മുന്നറിയിപ്പ് നൽകുന്നുണ്ട്. കമല ഹാരിസ് സ്ഥാനാർത്ഥിയാകുമെന്നും എമി പ്രവചിച്ചിരുന്നു.

## അമേരിക്കൻ നീക്കം യുദ്ധത്തിലേക്ക് നയിക്കും

വാഷിങ്ടൺ: ജർമനിയിൽ ദീർഘദൂര മിസൈലുകൾ സ്ഥാപിക്കാനുള്ള അമേരിക്കൻ നീക്കം ശീതയുദ്ധകാല സാഹചര്യത്തിലേക്ക് ലോകത്തെ വലിച്ചിഴക്കുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ഭാവിയിൽ ആണവായുധങ്ങൾ ഘടിപ്പിച്ചേക്കാവുന്ന അത്തരം മിസൈലുകൾ റഷ്യയെ ലക്ഷ്യംവെക്കാനുള്ള സാധ്യതയും വിദൂരമല്ല. ഏകദേശം 10 മിനിറ്റിനകം റഷ്യ ആക്രമിക്കാനുള്ള പാകത്തിലാണ് യു.എസ് മിസൈൽ വിന്യാസം. അമേരിക്കൻ നടപടികൾ കണക്കിലെടുത്ത് ബദൽ നീക്കങ്ങൾ റഷ്യയ്ക്കും വേണ്ടിവരും. മധ്യദൂര മിസൈലുകളുടെ ഉൽപാദനം പുനരാരംഭിക്കാനും റഷ്യ നിർബന്ധിതമായിരിക്കുകയാണ്.

## ഐ.ഐ.ടി എഞ്ചിനീയർമാരും ഡോക്ടർമാരും ഒരുക്കുന്ന ഓൺലൈൻ ഫൗണ്ടേഷൻ കോഴ്സ്

കോഴിക്കോട്: ശാസ്ത്ര, ഗണിത ശാസ്ത്ര വിഷയങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത മത്സര പരീക്ഷകൾക്കുള്ള പരിശീലനവുമായി എക്സ് ആന്റ് വൈ ലേണിംഗ് ഫൗണ്ടേഷൻ കോഴ്സ്. സയൻസ്, മാത് വിഷയങ്ങളിൽ തല്പരരായ 6 മുതൽ 9 വരെ ക്ലാസുകളിലുള്ള വിദ്യാർത്ഥികൾക്ക് ഈ അധ്യയന വർഷത്തെ അവസാന ബാച്ചിലേക്ക് ജൂലൈ 31 വരെ പ്രവേശനം നേടാം. പത്താം ക്ലാസുകാർക്ക് ഈ വർഷത്തേക്കുള്ള പ്രവേശനം പൂർത്തിയായി.

ഇന്ത്യയിലെ പ്രീമിയർ സ്ഥാപനങ്ങളിൽ ഓരോ വർഷവും പ്രവേശനം നേടുന്ന മലയാളി വിദ്യാർത്ഥികളുടെ പ്രാതിനിധ്യം താരതമ്യേന മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. ഈ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഐ ഐ ടി, എൻ ഐ ടി എന്നിവിടങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കിയ എഞ്ചിനീയർമാരും ഡോക്ടർമാരും ചേർന്ന് ഈ കോഴ്സ് ഒരുക്കിയത്. ഭാവിയിൽ എഴുതാനിരിക്കുന്ന നീറ്റ്, ജെ ഇ ഇ, സി യു ഇ ടി തുടങ്ങിയ ദേശീയ തല മത്സരങ്ങളിലേക്ക് ചെറിയ ക്ലാസ് മുതലേ തയ്യാറെടുപ്പുകൾ തുടങ്ങി പ്രവേശന പരീക്ഷകളിൽ ഉയർന്ന റാങ്കുകൾ കരസ്ഥമാക്കാമെന്നതാണ് ഈ കോഴ്സിലൂടെ ലക്ഷ്യമിടുന്നത്. ശാസ്ത്ര ഗവേഷണ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബ്ലെൻഡഡ് ലേണിംഗ് പഠന രീതിയാണ് അവലംബിച്ച് വരുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ കോഴ്സിന്റെ ഭാഗമാണ്. അവസാന ബാച്ചിലേക്കുള്ള പ്രവേശനം നേടുവാൻ താല്പര്യമുള്ളവർക്ക് ബന്ധപ്പെടാം: +91 7561 88 11 33.

## ലാഡർ ഫൗണ്ടേഷൻ ഓഫ് ഇന്ത്യ സിവിൽ സർവ്വീസ് പരിശീലനം

കോഴിക്കോട് : ലാഡർ ഫൗണ്ടേഷൻ ഓഫ് ഇന്ത്യ, ബംഗ്ലൂരുവിലെ ഫാൽക്കൺ സിവിൽ സർവീസ് അക്കാദമിയുമായി സഹകരിച്ച് സിവിൽ സർവീസ് പരീശിലനം നൽകുന്നു. ഓൺലൈനായും ഓഫ്‌ലൈനായും നടക്കുന്ന പരിശീലനത്തിൽ പ്ലസ്ടു വിദ്യാർത്ഥികൾക്ക് മുതൽ ബിരുദധാരികൾക്ക് വരെ അപേക്ഷിക്കാം.

ബംഗ്ലൂരിലെ ഫാൽക്കൺ ഡിഗ്രി കോളേജിൽ നടക്കുന്ന ഓഫ്‌ലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാം. 100 മണിക്കൂർ ക്ലാസിൽ പ്രിലിമിനറി ഓറിയന്റഡ് സെഷനുകളും, സി.എസ്.എ.ടി പരിശീലനവും പ്രതിവാര ടെസ്റ്റുകളും ഉത്തരം എഴുതാനുള്ള പരിശീനങ്ങളും നിലവിലെ പഠനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും പരിശീലിപ്പിക്കും. ഓഗസ്ത് 15 മുതൽ എല്ലാ ശനിയാഴ്ചയും ഉച്ചക്ക് ഒന്നര മുതൽ വൈകിട്ട് അഞ്ചര വരെയായിരിക്കും ക്ലാസുകൾ. അപേക്ഷ നൽകാനുള്ള അവസാന തിയ്യതി ജുലൈ 31. ബന്ധപ്പെടേണ്ട നമ്പർ: 9605975600, 7510360501.

## വാരാന്ത്യ തിരക്ക് കണക്കിലെടുത്ത് ട്രെയിനുകളിൽ അധിക കോച്ച്

കൊച്ചി: വാരാന്ത്യ തിരക്ക് കണക്കിലെടുത്ത് താഴെ പറയുന്ന ട്രെയിനുകളിൽ ഓരോ ജനറൽ കോച്ച് അധികമായി അനുവദിച്ചു. 16605 16606 മംഗലാപുരം തിരുവനന്തപുരം ഏറനാട് എക്സ്പ്രസ്, 16649 16650 മംഗലാപുരം കന്യാകുമാരി പരശുറാം എക്സ്പ്രസ്, 16629 16630 മംഗലാപുരം തിരുവനന്തപുരം മലബാർ എക്സ്പ്രസ് ട്രെയിനുകൾക്കാണ് ഓരോ ജനറൽ കോച്ച് അധികമായി അനുവദിച്ചത്. കൂടാതെ 12075 12076 തിരുവനന്തപുരം – കോഴിക്കോട് ജനശതാബ്ദി എക്സ്പ്രസിലും ഒരു സെക്കൻഡ് സിറ്റിംഗ് കോച്ച് അധികം അനുവദിച്ചിട്ടുണ്ട്.

ഗൾഫ് ചന്ദ്രിക
ചന്ദ്രിക സ്പോർട്സ്

# അടിതെറ്റി ഇന്ത്യ ലങ്കക്ക് കന്നി കിരീടം

ദാംബുള്ള: ഏഷ്യാ കപ്പ് വനിതാ ക്രിക്കറ്റ് ടൂർണമെന്റിൽ കന്നി കിരീടവുമായി ശ്രീലങ്ക. ടൂർണമെന്റിൽ അപരാജിത റെക്കോഡുമായി എട്ടാം കിരീടമെന്ന മോഹവുമായി കളത്തിലിറങ്ങിയ ഇന്ത്യയെ കലാശക്കളിയിൽ ആതിഥേയരായ ലങ്ക എട്ടു വിക്കറ്റിന് തകർത്തു.

ആദ്യം ബാറ്റു ചെയ്ത ഇന്ത്യ ഉയർത്തിയ 166 റൺസെന്ന വിജയ ലക്ഷ്യം ശ്രീലങ്ക അനായാസം മറികടന്നു. സ്കോർ: ഇന്ത്യ 20 ഓവറിൽ 165/6, ശ്രീലങ്ക: 18.4 ഓവറിൽ 167/2. ഏഷ്യാകപ്പിൽ അഞ്ചു തവണ ഫൈനിൽ ഇന്ത്യക്കു മുന്നിൽ പരാജയപ്പെട്ട ലങ്ക ഇത്തവണ ഇതിനു പകരം വീട്ടി. ക്യാപ്റ്റൻ ചമരി അട്ടപ്പട്ടുവിന്റെ ബാറ്റിങ് മികവാണ് ശ്രീലങ്കയ്ക്ക് കിരീടം നേടിക്കൊടുക്കുന്നതിൽ നിർണായകമായത്.

43 പന്തുകളിൽ ഒമ്പത് ബൗണ്ടറികളും രണ്ട് സിക്സറുമടക്കം 61 റൺസ് നേടി 12-ാം ഓവറിൽ അട്ടപ്പട്ടു മടങ്ങുമ്പോഴേക്കും ശ്രീലങ്ക ഏതാണ്ട് ഭദ്രമായ നിലയിൽ എത്തിയിരുന്നു. ഹർഷിദ സമരവിക്രമ(69) ഇന്നിങ്സിനെ മുന്നോട്ട് നയിച്ചു. സ്മൃതി മന്ദാനയുടെ ബാറ്റിങ് മികവിലാണ് ഇന്ത്യ ആറിന് 165 എന്ന ഭേദപ്പെട്ട സ്കോർ പടുത്തുയർത്തിയത്. 47 പന്തുകൾ നേരിട്ട സ്മൃതി പത്ത് ബൗണ്ടറികളോടെ 60 റൺസ് സ്വന്തമാക്കി. സഹ ഓപ്പണർ ഷഫാലി വർമ 19 പന്തിൽ നിന്ന് ഒരു ബൗണ്ടറിയടക്കം 16 റൺസെടുത്തു.

## കനഡക്ക് എട്ടിന്റെ പണി

പാരീസ്: ന്യൂസിലൻഡ് വനിതാ ഫുട്ബോൾ ടീം പരിശീലിക്കുന്ന മൈതാനത്തിന് മുകളിലൂടെ ഡ്രോൺ പറത്തിയ സംഭവത്തിൽ കനഡ വനിതാ ഫുട്ബോൾ ടീമിനെതിരേ ഫിഫയുടെ നടപടി. ഒളിംപിക്സിൽ പങ്കെടുക്കാനെത്തിയ ടീമിന്റെ ആറു പോയന്റ് ഫിഫ വെട്ടിക്കുറച്ചു. ടീമിന്റെ മുഖ്യ പരിശീലക ബെവ് പ്രീസ്റ്റ്മാൻ അടക്കം ടീമിന്റെ മൂന്ന് പരിശീലകരെ ഫിഫ ഒരു വർഷത്തേക്ക് വിലക്കി. ഇതിനു പുറമെ കനേഡിയൻ സോക്കർ ഫെഡറേഷന് 1.89 കോടി രൂപ (226,000 ഡോളർ) പിഴയിടുകയും ചെയ്തു. അതേസമയം പോയന്റ് വെട്ടിക്കുറച്ച ഫിഫ നടപടിക്കെതിരേ അപ്പീൽ പോകുമെന്ന് കനേഡിയൻ സോക്കർ ഫെഡറേഷൻ പ്രതികരിച്ചു. സംഭവം വിവാദമായതോടെ മുഖ്യ പരിശീലക ബെവ് പ്രീസ്റ്റ്മാനെ സസ്പെൻഡ് ചെയ്ത് നാട്ടിലേക്ക് തിരിച്ചയച്ചിരുന്നു. ടീമിനൊപ്പമുള്ള വീഡിയോ അനലിസ്റ്റ് ജോസഫ് ലോംബാർഡിയേയും സഹപരിശീലക ജാസ്മിൻ മാൻഡറിനെയുമാണ് ഫിഫ വിലക്കിയിരിക്കുന്നത്. ഇരുവരെയും നേരത്തേ തന്നെ കനേഡിയൻ ഒളിംപിക് കമ്മിറ്റി പുറത്താക്കിയിരുന്നു. സംഭവം വിവാദമായതോടെ കനേഡിയൻ ഒളിമ്പിക് കമ്മിറ്റി നേരത്തേ മാപ്പുപറഞ്ഞിരുന്നു.

PARIS 2024



**ഷൂട്ടിങ്ങിൽ** *പാരീസിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയതിന് അഭിനന്ദനങ്ങൾ മനു ഭാകർ. നിങ്ങളുടെ അർപ്പണ ബോധവും കഠിനാധ്വാനവുമാണ് നിങ്ങളുടെ നേട്ടത്തിന് കാരണം. നിങ്ങളുടെ ഉറച്ചതീരുമാനത്തിനും നൈപുണ്യത്തിനും സാക്ഷ്യം വഹിക്കാൻ കഴിഞ്ഞതിൽ അഭിമാനം. ഓരോ ഷോട്ടിലും ഇന്ത്യക്ക് അഭിമാനം നേടിത്തരാൻ നിങ്ങൾക്കായി. ഈ നേട്ടം നിങ്ങളുടെ സ്ഥിരോത്സാഹത്തിന്റേയും ദൃഢനിശ്ചയത്തിന്റേയും തെളിവാണ്. തിളങ്ങിക്കൊണ്ടിരിക്കട്ടെ.*

–അഭിനവ് ബിന്ദ്ര

www.chandrikadaily.com

**BREAKING** വെസ്റ്റിൻഡീസിനെതിരായ മൂന്നാം ടെസ്റ്റിൽ ഇംഗ്ലണ്ടിന് 10 വിക്കറ്റ് വിജയം



**ഇന്ന്**

പാരീസ് ഒളിംപിക്സ്
ഹോക്കി
ഇന്ത്യ–അർജന്റീന
സ്പോർട്സ് 18
(വൈകുന്നേരം 4.15 മണി)

പാരീസ് ഒളിംപിക്സ്
(ഉച്ചയ്ക്ക് 12.00 മുതൽ)
സ്പോർട്സ് 18
ജിയോ സിനിമ



## മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ദ.കൊറിയ 3, 2, 1, 6
2. ഒസ്ട്രേലിയ 3, 2, 0, 5
3. ചൈന 3, 1, 1, 5
4. ഫ്രാൻസ് 2, 2, 1, 5
5. യു.എസ്.എ 1, 3, 2, 6
6. കസാഖിസ്താൻ 1, 0, 2, 3
7. ബെൽജിയം 1, 0, 1, 2
7. ജപ്പാൻ 1, 0, 1, 2
18. ഇന്ത്യ 0, 0, 1, 1

# സുവർണ വെങ്കലം

പാരീസ്: മൂന്ന് വർഷങ്ങൾക്ക് മുൻപ് ടോക്കിയോ ഒളിംപിക്സിൽ നിറകണ്ണുകളോടെ കളംവിട്ട ഒരു 19കാരിയുണ്ട്. അന്ന് സാങ്കേതിക തകരാറിൽ ഫൈനൽ മോഹമാണ് അവസാനിച്ചതെങ്കിൽ 140 കോടി ഇന്ത്യക്കാരുടെ അഭിമാനമായി നാലു വർഷത്തിന് ശേഷം അവർ പാരീസിൽ മെഡലുമായി രാജ്യത്തിന്റെ അഭിമാനമായി. ഷൂട്ടിങ്ങിൽ വെങ്കല മെഡലിൽ മുത്തമിട്ട് മനു ഭാകർ എന്ന 22കാരി പാരീസ് ഒളിമ്പിക്സിൽ ഇന്ത്യൻ പതാക പാറിച്ച് രാജ്യത്തിന്റെ അഭിമാനമായി.

2020 ഒളിമ്പിക്സിൽ പിസ്റ്റലിലെ തകരാർ കാരണം യോഗ്യതാ റൗണ്ട് കടക്കാൻ സാധിക്കാതെ കണ്ണീരോടെ ഷൂട്ടിങ് റേഞ്ച് വിട്ട താരം ഇന്നലെ ആത്മവിശ്വാസത്തിന്റെ പുഞ്ചിരിയുമായി വെങ്കല മെഡലിൽ മുത്തമിട്ടപ്പോൾ രാജ്യത്തിന് ഇത് പുതിയ ചരിതം. 22കാരി മനു ഭാകറിലൂടെ ഇന്ത്യ ഒളിംപിക് ഷൂട്ടിങ്ങിൽ തീർത്തത് പുതു ചരിതമാണ്. ഒളിംപിക്സിൽ ഷൂട്ടിങ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരമാണ് മനു ഭാകർ കഴിഞ്ഞ രണ്ട് ഒളിംപിക്സുകളിലും ഷൂട്ടിങ്ങിലെ മെഡൽ വരൾച്ചക്കും വിരാമമിട്ടു. ഷൂട്ടിങ്ങിൽ ഇന്ത്യയുടെ അഞ്ചാമത്തെ ഒളിംപിക് മെഡലും. 2004ലെ ഏഥൻസ് ഒളിംപിക്സു മുതൽ 2012ലെ ലണ്ടൻ ഒളിംപിക്സ് വരെ മൂന്നു ഒളിംപിക്സുകളിൽ ഷൂട്ടിങ്ങിൽ ഇന്ത്യ മെഡൽ നേടിയിരുന്നു. 2020ലെ ടോക്കിയോ ഒളിംപിക്സിലും മനു ഭാകർ ഫൈനലിലേക്ക് യോഗ്യത നേടുന്നതിന്റെ വക്കിലെത്തിയിരുന്നു.

തോക്കിന്റെ തകരാറ് കാരണം ആറു മിനിറ്റ് വൈകുകയും രണ്ട് പോയിന്റ് കുറവിൽ ഫൈനൽ പ്രവേശം നഷ്ടമാവുകയുമായിരുന്നു. 2018ൽ ബ്യൂണസ് അയേഴ്സിൽ നടന്ന യൂത്ത് ഒളിംപിക്സിൽ സ്വർണ മെഡൽ ജേതാവു കൂടിയാണ് മനു ഭാകർ. രാജ്യത്തിനായി ബ്യൂണസ് അയേഴ്സ് യൂത്ത് ഒളിംപിക്സിൽ മെഡൽ നേടിയ ഏക വനിതയും ഏക അത്‌ലറ്റും മനു ഭാകറായിരുന്നു. 2018 കോമൺവെൽത്ത് ഗെയിംസിലാണ് മനു ഭാകർ എന്ന നാമം ചരിത്ര പുസ്കത്തിൽ ഇടം നേടിയത്. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റളിൽ പുതിയ റെക്കോഡോടെ അന്ന് മനു സ്വർണം നേടിയിരുന്നു. ഏഷ്യൻ ഗെയിംസ് മെഡലുകളും മനു ഭാകർ നേടിയിട്ടുണ്ട്. 2019ലെ മ്യൂണിക് ഐ.എസ്.എസ്.എഫ് ലോകകപ്പിൽ നാലാം സ്ഥാനം, 2021 ന്യൂഡൽഹി ഐ.എസ്.എസ്.എഫ് ലോകകപ്പിൽ സ്വർണവും വെള്ളിയും നേടിയ മനു ഭാകർ എന്ന ഹരിയാനക്കാരി 16-ാം വയസിൽ ഐ.എസ്.എസ്.എഫ് ലോക കപ്പിൽ സ്വർണം നേടി വിസ്മയിപ്പിച്ച താരമാണ്. ഷൂട്ടിങ്ങിൽ രാജ്യവർധൻ സിങ് രാത്തോഡ് ആണ് ഇന്ത്യക്കായി ആദ്യ മെഡൽ നേടിയത്. 2004 ഏഥൻസ് ഒളിംപിക്സിൽ പുരുഷൻമാരുടെ ഡബിൾ ട്രാപ്പിൽ വെള്ളി നേടിയതാണ് തുടക്കം. 2008ലെ ബെയ്ജിങ് ഒളിംപിക്സിൽ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ അഭിനവ് ബിന്ദ്ര സ്വർണ മെഡലും കരസ്ഥമാക്കിയിരുന്നു. ഷൂട്ടിങ്ങിൽ ഇന്ത്യ നേടിയ ഏക സ്വർണ മെഡലും ഇതാണ്.

ഗഗൻ നരങ് (10 മീറ്റർ എയർ റൈഫിൾ), വിജ് കുമാർ (25 മീറ്റർ റാപിഡ് ഫയർ) എന്നിവർ ലണ്ടൻ ഒളിംപിക്സിൽ വെള്ളിയും വെങ്കലവും നേടിയിരുന്നു. എന്നാൽ 2016ലെ റിയോ ഒളിംപിക്സിലും 2020ലെ ടോക്കിയോ ഒളിംപിക്സിലും ഇന്ത്യക്ക് ഷൂട്ടിങ്ങിൽ മെഡലൊന്നും ലഭിച്ചിരുന്നില്ല.



*ഒളിംപിക്സിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിൽ വെങ്കല മെഡലുമായി ഇന്ത്യയുടെ മനു ഭാകർ, സ്വർണം, വെള്ളി മെഡലുകൾ നേടിയ കൊറിയൻ താരങ്ങൾക്കൊപ്പം*

### *മനു ഭാകർ ചന്ദ്രികയുമായി സംസാരിക്കുന്നു*

## ആ നഷ്ടം ഇന്നാണ് മറക്കുന്നത്

സന്തോഷത്തിലാണ് മനു ഭാകർ. പാരീസിലെ മുഖ്യവേദിയിൽ നിന്നും 100 കിലോമീറ്ററിലധികം ദുരമുള്ള ഷൂട്ടിംഗ് റേഞ്ചിലെ മൽസര വേദിയിൽ ഇന്നലെ സംസാരിക്കുമ്പോൾ 22 കാരി ആദ്യം പങ്ക് വെച്ചത് മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ നഷ്ടമായ മെഡലിനെക്കുറിച്ചായിരുന്നു. അന്ന് രാജ്യം മുഴുവൻ എന്നിൽ പ്രതീക്ഷയർപ്പിച്ചിരുന്നു. കാരണം ഷൂട്ടിംഗായിരുന്നു രാജ്യം മെഡലുകൾ പ്രതീക്ഷിച്ച മുഖ്യവേദി. 2012ലെ ലണ്ടൻ ഒളിംപിക്സിൽ നമ്മൾ രണ്ട് മെഡലുകൾ നേടിയിരുന്നല്ലോ.. 2008 ൽ അഭിനവ് ബിന്ദ്രയിലൂടെ സ്വർണവും കിട്ടിയിരുന്നു. പക്ഷേ 2016 ലെ റിയോ ഒളിംപിക്സിൽ ഷൂട്ടിംഗിൽ ഒരു മെഡൽ പോലും നേടാനായില്ല. ടോക്കിയോവിലേക്ക് പുറപ്പെടും മുമ്പ് ഞങ്ങളെല്ലാം എടുത്ത പ്രതിജ്ഞ മെഡൽ എന്നതായിരുന്നു. പക്ഷേ കോവിഡ് തീർത്ത പ്രത്യേക അന്തരീക്ഷത്തിൽ ഒരുക്കങ്ങൾ പാളി ആർക്കും മെഡൽ നൽകാനായില്ല. പിസ്റ്റൾ കേടുവന്നപ്പോൾ കരയാനായിരുന്നു വിധി. ആ സങ്കടം ചെറുതായിരുന്നില്ല. ആ സങ്കടം ഇതാ, ഇവിടെ ഇപ്പോഴാണ് ഞാൻ മറക്കുന്നത്. സത്യം പറഞ്ഞാൽ സന്തോഷം പ്രകടിപ്പിക്കാൻ വാക്കുകളില്ല. ഭഗവത് ഗീത ഞാൻ എന്നും വായിക്കാറുണ്ട്. ടോക്കിയോവിലെ കണ്ണീർ ദൈവം കണ്ടിരുന്നു. ഇവിടെ അത് സന്തോഷമാക്കിയതും ദൈവം തന്നെ മനു പറഞ്ഞു.

# ജനഗണമന അതിനായക് ജയഹേ..




**കമാൽ വരദൂർ**

ആ വികാരം വിവരണാതീതമാണ്.. അത് താരങ്ങളായാലും പരീശിലകരായാലും കാണികളായാലും മാധ്യമ പ്രവർത്തകരായാലും.... കായിക വേദികളിൽ മറ്റ് രാജ്യങ്ങളുടെ ദേശീയ ഗാനത്തിനായി എത്രയോ തവണ എഴുന്നേറ്റ് നിന്നിട്ടുണ്ട്. അമേരിക്കയുടെയോ, ചൈനയുടെയോ, അർജന്റീനയുടേയോ, ബ്രസീലിന്റേയോ ദേശീയഗാനം പരിചിതമല്ല. പക്ഷേ ലോകകപ്പ് വേദികളിൽ, ഒളിംപിക് വേദികളിൽ നിരന്തരം കേൾക്കാറ് ഈ രാജ്യങ്ങളുടെ ദേശീയ ഗാനങ്ങളാണ്.

പാരിസിലെ ആദ്യ നാളിൽ തന്നെ കേട്ടു പ്ലീസ് സ്റ്റാൻഡ് ഫോർ ദ നാഷണൽ ആന്തം ഓഫ് ചൈന..( Please stand for the national anthem of Chi na ). ചൈനക്കാരുടെ ഗാനത്തിനൊപ്പം എഴുന്നേറ്റ് നിൽക്കാൻ വിധിക്കപ്പെടുമ്പോൾ സ്പോർട്ടിംഗ് സ്പിരിറ്റോടെ തന്നെ മനസ് പറയും എന്നായിരിക്കും പ്ലീസ് സ്റ്റാൻഡ് ഫോർ ദ നാഷണൽ ആന്തം ഓഫ് ഇന്ത്യ. ( Please stand for the national anthem of India ) എന്ന പ്രഖ്യാപനം വരുക എന്ന്. ഒളിംപിക്സും ലോകകപ്പ് ഫുട്ബോളുമെല്ലാം വലിയ വേദികളാണ്. അവിടം കീഴടക്കുന്നത് കൊച്ചു കൊച്ചു രാജ്യങ്ങളിലെ കായിക താരങ്ങളാണ്. മനസിനെ ഉടക്കിയ വല്ലാത്ത ഒരനുഭവം 2018 ലെ റഷ്യൻ ലോകകപ്പ് വേളയിലുണ്ടായിരുന്നു. മോസ്ക്കോയിലെ ലൂഷിനിക്കി സ്റ്റേഡിയത്തിൽ ഫ്രാൻസും ക്രൊയേഷ്യയും തമ്മിലുള്ള ഫൈനൽ. ക്രൊയേഷ്യ എന്നാൽ നമ്മുടെ കോഴിക്കോട് ജില്ലയുടെ മാത്രം വലുപ്പമുള്ള കൊച്ചുരാജ്യം. അവരാണ് ആഗോള ഫുട്ബോൾ വേദിയിൽ ഫൈനൽ കളിക്കാൻ പോവുന്നത്. മൽസരത്തിന് മുമ്പ് സ്റ്റേഡിയത്തിൽ പ്രഖ്യാപനം ക്രൊയേഷ്യയുടെ ദേശീയ ഗാനത്തിനായി എല്ലാവരും എഴുന്നേറ്റ് നിൽക്കുക. എനിക്ക് തൊട്ടരികിൽ പ്രമുഖ ക്രോട്ട് പത്രമായ നോവി ലിസ്റ്റ് ( Novi list) ലേഖകനായിരുന്നു. സ്വന്തം ദേശിയ ഗാനം സ്റ്റേഡിയത്തിൽ മുഴങ്ങുമ്പോൾ അവൻ കരയുകയായിരുന്നു. ആനന്ദാശ്രുക്കൾ പൊഴിയുന്ന ആ കാഴ്ച്ച ഞാൻ ക്യാമറയിൽ പകർത്തി. ആ വികാരം അത്ര മാത്രമാണെന്ന സത്യം ഇന്നലെയറിഞ്ഞു.. മനു ഭാകർ എന്ന അഭിമാന ഷൂട്ടർ വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ വെങ്കലം നേടിയപ്പോൾ സ്വർണവും വെള്ളിയും നേടിയ ദക്ഷിണ കൊറിയക്കാരെക്കാൾ സന്തോഷം ഞങ്ങൾക്കായിരുന്നു. എവിടെയും ഇന്ത്യാ ...ഇന്ത്യാ ..വിളികൾ. ഗ്യാലറിയിൽ നമ്മുടെ ത്രിവർണ പതാകകൾ..എല്ലാവരും പരസ്പരം ആശ്ലേഷിക്കുന്നു. മനു മാത്രമല്ല കരഞ്ഞത് ഞങ്ങളുടെയെല്ലാം കണ്ണുകൾ ഈറനണിഞ്ഞിരുന്നു. മനസ് പറഞ്ഞു Please stand for the national anthem of India.. ജനഗണമന അതിനായക് ജയഹേ ഭാരത് ഭാഗ്യവിധാതാ..
പഞ്ചാബ്,സിന്ധ്,ഗുജറാത്ത്,മറാഠാ
ദ്രാവിഡഉത്കല വംഗാ..!
വിന്ധ്യഹിമാചല യമുനാഗംഗാ
ഉത്ഛല ജലധിതരംഗാ..
തവശുഭ നാമേ ജാഗേ
തവശുഭ ആശിഷ മാഗേ
ഗാഹേ തവജയ ഗാഥാ
ജനഗണ മംഗളദായക ജയഹേ



*ഷൂട്ടിങ്ങിൽ വെങ്കലം നേടിയ മനു ഭാകർ ഇന്ത്യൻ പതാകയുമായി*

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
അംഗീകൃത ഏജൻസിയായ അൽഹിന്ദ് കൂടെയുണ്ട്
• HRD/Home Attestation
• MEA Attestation
• Apostille Attestation
• All Embassy Attestation
alhind ATTESTATION
+91 9496 06 8888 www.alhindattestation.com

# ഷൂട്ടിങ്ങിൽ വീണ്ടും പ്രതീക്ഷ

പാരീസ്: ഇന്ത്യയുടെ രമിത ജിൻഡാലും അർജുൻ ബാബുതയും പാരീസ് ഒളിംപിക്സിൽ ഷൂട്ടിങ് ഫൈനലിൽ. വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ 631.5 പോയിന്റുമായാണ് 20കാരി രമിത ജിൻഡാൽ ഫൈലിലെത്തിയത്. ഒളിംപിക് ഫൈനലിലെത്തുന്ന രണ്ടാമത്തെ ഇന്ത്യൻ താരമാണ് രമിത. ഇതേ ഇനത്തിൽ മത്സരിച്ച ഇന്ത്യയുടെ ഇളവെനിൽ വളരിവൻ 630.7 പോയിന്റുമായി പത്താമതായാണ് ഫിനിഷ് ചെയ്തത്. ആദ്യ എട്ടു സ്ഥാനങ്ങളിലെത്തുന്നവർക്കാണ് ഫൈനലിൽ അവസരം. ഫൈനൽ ഇന്ന് ഉച്ചക്ക് 1 മണിക്ക് നടക്കും. പുരുഷൻമാരുടെ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ അർജുൻ ബബുത 630.1 പോയിന്റുമായി ഏഴാം സ്ഥാനത്തോടെയാണ് ഫൈനിലെത്തിയത്.

മറ്റൊരു ഇന്ത്യൻ താരമായ സന്ദീപ് സിങ് 12-ാം സ്ഥാനത്തോടെ പുറത്തായി. ശരത് കമൽ പുരുഷൻമാരുടെ ടേബിൾ ടെന്നീസ് സിംഗിൾസിന്റെ റൗണ്ട് 64ൽ പരാജയപ്പെട്ടു പുറത്തായി. സീഡ് ചെയ്യപ്പെടാത്ത സ്ലോവാക്യയുടെ ഡെനി കോസുലിനോട് 4-2നായിരുന്നു ശരത് കമലിന്റെ തോൽവി. ആദ്യ ഗെയിം 12-10ന് ജയിച്ച കമൽ അടുത്ത മൂന്നു ഗെയിമിലും അടിയറവ് പറഞ്ഞു.

അതേ സമയം വനിതകളുടെ സിംഗിൾസിൽ റൗണ്ട് 64 വിഭാഗത്തിൽ ഇന്ത്യയുടെ ശ്രീജ അകുല ലോക് 58-ാം നമ്പർ താരം സ്വീഡന്റെ ക്രിസ്റ്റീന കാൾബർഗിനെ തോൽപിച്ചു. സ്കോർ 11-4, 11-9, 11-7, 11-8. ചെങ് ജിയാൻ-ഇവാന മാലോബാബിച് മത്സര വിജയിയേയാരിക്കും അകുല രണ്ടാം റൗണ്ടിൽ നേരിടുക. എയ്സ് ടേബിൾ ടെന്നീസ് കളിക്കാരി മണിക ബത്ര വനിതകളുടെ റൗണ്ട് 64ൽ 4-1ന് ബ്രിട്ടന്റെ അന്ന ഹർസെയെ തോൽപിച്ച് രണ്ടാം റൗണ്ടിലെത്തി. സ്കോർ 11-8, 12-10, 11-9, 9-11, 11-5. കോമൺവെൽത്ത് ജേതാവായ മണിക ബത്ര ഫ്രാൻസിന്റെ പ്രിഥിക പവദയെയാണ് രണ്ടാം റൗണ്ടിൽ നേരിടുക.

ഇന്ത്യയുടെ വനിതാ ബോക്സിങ് താരം നിഖത് സറീൻ ഒളിംപിക്സിലെ തന്റെ അരങ്ങേറ്റം വിജയത്തോടെ കുറിച്ചു. ജർമ്മനിയുടെ മാക്സി കരീന ക്ലോറ്റ്സറെ 50 കി.ഗ്രാം വിഭാഗത്തിൽ 5-0ന് പരാജയപ്പെടുത്തിയ നിഖത് സറീൻ പ്രീക്വാർട്ടറിൽ പ്രവേശിച്ചു. വ്യാഴാഴ്ച നടക്കുന്ന പ്രീ ക്വാർട്ടറിൽ ടോപ് സീഡും നിലവിൽ 52 കി.ഗ്രാം വിഭാഗത്തിലെ ലോക ചാമ്പ്യനും ഏഷ്യൻ ഗെയിംസ് ജേതാവുമായ ചൈനയുടെ വുയു ആണ് നിഖത്തിന്റെ എതിരാളി. നീന്തലിൽ പുരുഷ, വനിതാ വിഭാഗത്തിൽ ഇന്ത്യക്ക് തിരിച്ചടിയോടെ തുടക്കം. ഇന്ത്യയുടെ ശ്രീഹരി നടരാജ് 100 മീറ്റർ ബാക്സ്ട്രോക് വിഭാഗത്തിൽ പ്രാഥമിക റൗണ്ടിൽ 33-ാമനായാണ് ഫിനിഷ് ചെയ്തത്. 55.01 സെക്കന്റ് സമയത്തോടെയാണ് ഫിനിഷ് ചെയ്തത്. ആദ്യ 16 സ്ഥാനക്കാരാണ് സെമി ഫൈനലിലേക്ക് യോഗ്യത നേടുക. വനിതകളുടെ 200 മീറ്റർ ഫ്രീസ്റ്റൈലിൽ ഒളിംപിക്സിൽ അരങ്ങേറ്റം കുറിച്ച ഇന്ത്യയുടെ ദിനിധി ദേശിംഗു 2:06.96 സെക്കന്റോടെ 23-ാം സ്ഥാനത്താണ് ഹീറ്റ്സിൽ ഫിനിഷ് ചെയ്തത്.

ബാഡ്മിന്റണിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായ പി.വി സിന്ധുവിന് വിജയത്തുടക്കം. മാലദ്വീപിന്റെ ഫാത്തിമത്ത് നബീഹ അബ്ദുൽ റസാഖിനെതിരെ ഗ്രൂപ്പ് ഘട്ടത്തിലെ ആദ്യ മത്സരത്തിൽ നേരിട്ടുള്ള ഗെയിമുകൾക്കായിരുന്നു (21-9, 21-6) സിന്ധുവിന്റെ ജയം. രണ്ടാം റൗണ്ടിൽ ബുധനാഴ്ച എസ്തോണിയയുടെ ക്രിസ്റ്റിൻ കൂബയേയാണ് സിന്ധു നേരിടുക. പുരുഷ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ എച്ച്.എസ് പ്രണോയ് ജർമ്മനിയുടെ ഫാബിയൻ റോത്തിനെ 21-18, 21-12 എന്ന സ്കോറിന് തോൽപിച്ചു രണ്ടാം റൗണ്ടിൽ കടന്നു. 45 മിനിറ്റ് കൊണ്ടായിരുന്നു പ്രണോയിയുടെ വിജയം. വിയറ്റ്നാമിന്റെ ലെ ഡക് ഫാറ്റിനെയാണ് പ്രണോയ് രണ്ടാം റൗണ്ടിൽ നേരിടുക ജൂലൈ 31ന് രാത്രി 11 മണിക്കാണ് മത്സരം.

ഇന്ത്യയുടെ ഏക തുഴച്ചിൽ താരമായ ബൽരാജ് പൻവാർ പുരുഷൻമാരുടെ സിംഗിൾസിൽ ക്വാർട്ടറിൽ പ്രവേശിച്ചു. റപാഷഗെ റൗണ്ടിൽ 7:12.41. സെക്കന്റിൽ ഫിനിഷ് ചെയ്താണ് പൻവാർ ക്വാർട്ടർ പ്രവേശനം നേടിയത്. ചൊവ്വാഴ്ച 1.40നാണ് ക്വാർട്ടർ.ടോക്കിയോ ഒളിംപിക്സിൽ ഇന്ത്യയുടെ അർജുൻ ലാൽ ജാട്ട് 11-ാം സ്ഥാനത്ത് ഫിനിഷ് ചെയ്തതാണ് ഒളിംപിക്സ് റോവിങ് വ്യക്തിഗത ഇനത്തിലെ ഇന്ത്യയുടെ എക്കാലത്തേയും മികച്ച നേട്ടം.

ഇന്ത്യയുടെ ആർച്ചറി ടീമിന് ക്വാർട്ടറിൽ തോൽവി. അങ്കിത ഭഗത്, ഭജൻ കൗർ, ദീപിക കുമാരി എന്നിവരടങ്ങിയ ടീം 6-0നാണ് തോറ്റത്.

ടെന്നീസിൽ പുരുഷ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ സുമിത് നഗൽ 6-2, 2-6, 7-5 എന്ന സ്കോറിന് ഫ്രാൻസിന്റെ കോറന്റിൻ മൂത്തറ്റിനോട് ആദ്യ റൗണ്ടിൽ തന്നെ തോറ്റു പുറത്തായി.







## നിപ: ആനക്കയത്തും പാണ്ടിക്കാട്ടും നിയന്ത്രണങ്ങളിൽ ഇളവ്

### പ്രത്യേക നിയന്ത്രണം രണ്ടു വാർഡുകളിൽ

മലപ്പുറം: ആനക്കയം, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തുകളിലെ രണ്ടു വാർഡുകൾ ഒഴികെയുള്ള മറ്റു വാർഡുകളിൽ നിപ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി ജില്ലാ കലക്ടർ വി.ആർ വിനോദ് ഉത്തരവ് പുറപ്പെടുവിച്ചു. നിപ രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ ഗ്രാമപഞ്ചായത്തുകളിൽ ഏർപ്പെടുത്തിയ പ്രത്യേക നിയന്ത്രണമാണ് ഒഴിവാക്കിയത്. ആനക്കയം ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡ്, പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡ് എന്നിവ ഒഴികെയുള്ള വാർഡുകളിൽ ആണ് പ്രത്യേക നിയന്ത്രണങ്ങൾ ഒഴിവാക്കിയത്. ഈ രണ്ടു വാർഡുകളിലും നിലവിലുള്ള പ്രത്യേക നിയന്ത്രണങ്ങൾ തുടരും. ജില്ലയിൽ പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുക, സാമൂഹിക അകലം പാലിക്കുക, അത്യാവശ്യമല്ലാത്ത ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കുക എന്നീ നിയന്ത്രണങ്ങൾ ഇനിയും തുടരും. നിലവിൽ ഐസലേഷൻ/നിരീക്ഷണത്തിൽ ആയിരിക്കുന്ന എല്ലാവരും നിർബന്ധമായും 21 ദിവസം ഐസലേഷനിൽ തുടരണം. ആരോഗ്യപ്രവർത്തകരുടെ നിർദേശാനുസരണം മാത്രമേ ഐസലേഷൻ അവസാനിപ്പിക്കാവൂ. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

## യൂത്ത്‌ലീഗ് ദിനം വിജയിപ്പിക്കുക

മലപ്പുറം: ജൂലൈ 30 യൂത്ത് ലീഗ് ദിനത്തോടനുബന്ധിച്ച് സംസ്ഥാന കമ്മിറ്റി പ്രഖ്യാപിച്ച ചായ മേശ പരിപാടിയും വൈറ്റ് ഗാർഡിന്റെ നേതൃത്വത്തിൽ നടക്കുന്ന ശുചീകരണ പരിപാടിയും വിജയിപ്പിക്കാൻ നേതാക്കളും പ്രവർത്തകരും രംഗത്തിറങ്ങണമെന്ന് യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ഷരീഫ് കുറ്റൂരും ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫും അഭ്യർത്ഥിച്ചു. ചായ മേശ പരിപാടി പഞ്ചായത്ത്, മുനിസിപ്പൽ കമ്മിറ്റികളുടെ നേതൃത്വത്തിൽ ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിലാണ് നടക്കുക. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മൊറയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ നിർവഹിക്കും. നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രത്തിൽ വൈറ്റ് ഗാർഡിന്റെ നേതൃത്വത്തിലാണ് ശുചീകരണ പ്രവൃത്തികൾ നടക്കുക.

പ്രാദേശിക വാർത്തകൾ

## ദേശീയപാതക്ക് വേണ്ടി മണ്ണെടുപ്പ്

# കുന്നുകൾക്കു താഴെ മരണം മണക്കുന്നു

മുഹമ്മദലി നീറ്റുകാട്ടിൽ
വളാഞ്ചേരി

### പ്രകൃതിയെ തുരന്ന് വികസനപാത




ദേശീയപാത നിർമാണം തകൃതിയായി പുരോഗമിക്കുമ്പോഴും ഭീതിതമായ ഇരമ്പലിനു കാതോർത്ത് ജീവിക്കുന്ന നിരവധി കുടുംബങ്ങളുണ്ട് വളാഞ്ചേരി മേഖലയിൽ. ദേശീയപാത നിർമാണത്തിനായി ആയിരക്കണക്കിന് ലോഡ് മണ്ണാണ് കുന്നുകൾ ഇടിച്ചു നിരത്തി ടോറസുകളിൽ കടത്തുന്നത്. ശക്തമായ മഴയും കാറ്റും ഉണ്ടാവുമ്പോൾ ഏത് നിമിഷവും കുന്നിടിഞ്ഞു കല്ലും മണ്ണും താഴെക്കൊഴുകി അപകടം സംഭവിക്കാവുന്ന അവസ്ഥയിലാണ്.

വളാഞ്ചേരി, എടയൂർ, ഇരുമ്പിളിയം മേഖലകളിൽ നിന്നാണ് യാതൊരു നിയന്ത്രണവുമില്ലാതെ കുന്നുകൾ ഇടിച്ചു നിരത്തി വ്യാപകമായി മണ്ണെടുക്കുന്നത്. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കുന്നുകളാണ് നിയമങ്ങളെല്ലാം കാറ്റിൽ പറത്തി ഇടിച്ചു നിരത്തുന്നത്. ദേശീയപാത വികസനത്തിനാണ് എന്ന് പറയുന്നുണ്ടെങ്കിലും ഇതിന്റെ മറപറ്റി മറ്റു ആവശ്യങ്ങൾക്കും മണ്ണ് കൊണ്ടുപോകുന്നതായും പറയപ്പെടുന്നു. വളാഞ്ചേരി കരേക്കാട് റോഡിൽ തിണ്ടലം മൂന്നാംകുഴി, പൂക്കാട്ടിരി എടയൂർ ചോല വളവ് മാവണ്ടിയൂർ, മുക്കിലെ പീടിക തുടങ്ങി എടയൂർ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നാണ് വ്യാപകമായി മണ്ണ് കടത്തുന്നത്. നാട്ടുകാരുടെ എതിർപ്പ് ശക്തമായതിനെ തുടർന്ന് താൽക്കാലികമായി നിർത്തിയെങ്കിലും ചില സ്ഥലങ്ങളിൽ നിന്നും മണ്ണെടുപ്പ് തുടരുന്നുമുണ്ട്. തിണ്ടലം മൂന്നാം കുഴിക്കു സമീപമുള്ള വെള്ളിമാൻ കുന്നിൽ നിന്ന് വലിയൊരു ഭാഗം ഇടിച്ചു നിരത്തി ഇതിനകം മണ്ണെടുത്ത് കഴിഞ്ഞു.

പ്രദേശത്ത് കനത്തമഴയിൽ കുന്നിൽ നിന്നും ഒഴുകിയെത്തിയ ചളിമണ്ണ് റോഡിൽ അടിഞ്ഞുകൂടിയതിനാൽ നെഞ്ചുവേദനയെ തുടർന്ന് രോഗിയുമായി പോകുന്ന വാഹനം ചളിയിൽ പുതഞ്ഞു ചികിത്സ കിട്ടാൻ വൈകിയതിനാൽ കരേക്കാട് സ്വദേശി സെയ്തലവി മരണപ്പെട്ടിരുന്നു. നിരവധി കുടുംബങ്ങൾ കുന്നിന്റെ പരിസരത്ത് താമസിക്കുന്നുണ്ട്. ഉരുൾപൊട്ടൽ ഉൾപ്പെടെയുള്ള സാധ്യതകൾ തള്ളിക്കളയാൻ ആവില്ല. വ്യാപകമായ മണ്ണെടുപ്പ് ദൂരവ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇപ്പോഴും തുടരുന്ന അനിയന്ത്രിതമായ മണ്ണെടുപ്പിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നു വരേണ്ടതുണ്ട്.



ദേശീയപാത വികസനത്തിനായി ഇടിച്ചു നിരത്തിയ തിണ്ടലം മൂന്നാംകുഴിക്ക് സമീപം വെള്ളിമാൻകുന്ന്

## കാക്കഞ്ചേരിയിൽ ദുരിതം പേറി യാത്ര



ദേശീയ പാത സ്പിന്നിങ് മിൽ ഭാഗത്ത് രൂപപ്പെട്ട ചെളിപ്പാത

തേഞ്ഞിപ്പലം: ഇതൊരു ദേശീയ പാതയാണ്. കുണ്ടും കുഴിയും നിറഞ്ഞ ഈ പാതയിലൂടെയാണ് നിത്യേന മോട്ടോർ സൈക്കിൾ മുതൽ ചരക്ക് വാഹനങ്ങൾ വരെ കടന്ന് പോവുന്നത്.മൂന്ന് മാസത്തോളമായി ദേശീയപാത കാക്കഞ്ചേരി മുതൽ സ്പിന്നിങ് മിൽ വരെയുള്ള റോഡിന്റെ അവസ്ഥയാണിത്.കഴിഞ്ഞ മെയ് മാസത്തിൽ കാക്കഞ്ചേരിയിൽ കുന്നിടിഞ്ഞ് വീണ ശേഷം ഗതാഗതം 10 ദിവസം നിർത്തിവെച്ചതായിരുന്നു. പ്രതിഷേധത്തിനൊടുവിൽ പിന്നീടാണ് പുതിയ താൽക്കാലിക പാത നിർമിച്ച് ഗതാഗതം പുനഃസ്ഥാപിച്ചത്. ഈ പാതയാണ് ഇപ്പോൾ ചെളിയും കുണ്ടും കുഴിയും നിറഞ്ഞ് ദുരിത പാതയായത്. രോഗികളെയുമായി പോവാൻ പറ്റാത്ത സ്ഥിതിയാണ്. ആംബുലൻസുകൾ രോഗികളെയുമായി ചീറിപ്പായുന്നത് ഇതിലൂടെയാണ്. ആരാണിവിടെ ചോദ്യം ചെയ്യാൻ എന്ന മട്ടിലാണ് നിർമാണ കമ്പനിയുടെ ഭാവം. പ്രതിഷേധിച്ചാൽ ജനത്തെ പ്രതിസ്ഥാനത്ത് നിർത്താനുള്ള നിയമത്തിന്റെ പഴുതുണ്ടെന്നതാണ് നിർമാണ കമ്പനിക്കുള്ള അഹങ്കാരം.കാൽ നടയാത്രക്കാർക്ക് നടന്ന് പോവാൻ വഴിയില്ല. ഇരുചക്ര, മുച്ചക്ര വാഹനങ്ങളാണ് പാട് പെടുന്നത്. കാക്കഞ്ചേരിയിലെ വളവിലെ യാത്ര ദുരിതം. തീർക്കുവാൻ എന്തുകൊണ്ട് ഹൈവേ അതോറിറ്റി തയ്യാറാവുന്നില്ല എന്നതാണ് ജനം ഉയർത്തുന്ന ചോദ്യം.വലിയ തോതിൽ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത് പതിവു കാഴ്ചയായിരിക്കുകയാണ്.

## തദ്ദേശഭരണ തിരഞ്ഞെടുപ്പ്

## മുസ്‌ലിംലീഗ് മണ്ഡലംതല നേതൃയോഗങ്ങൾക്ക് ഇന്ന് തുടക്കം



മലപ്പുറം: തദ്ദേശ ഭരണ സംവിധാനത്തിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ മുന്നോടിയായി മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി മലപ്പുറത്ത് വിളിച്ചുചേർക്കുന്ന നിയോജക മണ്ഡലം തല നേതൃയോഗങ്ങൾ ഇന്ന് തുടങ്ങും. രാവിലെ 10 മണിക്ക് കോട്ടക്കൽ, മലപ്പുറം മണ്ഡലങ്ങളും ഉച്ചക്കുശേഷം 2 മണിക്ക് പൊന്നാനി നിയോജക മണ്ഡലം യോഗവുമാണ്. ഓഗസ്റ്റ് 1 ന് ഉച്ചക്കുശേഷം 2 മണിക്ക് മഞ്ചേരി, ഏറനാട് മണ്ഡലങ്ങളുടെ യോഗം നടക്കും. 3ന് രാവിലെ 10 മണിക്ക് വേങ്ങര, വള്ളിക്കുന്ന് മണ്ഡലങ്ങളുടെയും ഉച്ചക്കുശേഷം 2 മണിക്ക് തിരൂർ, മങ്കട മണ്ഡലങ്ങളുടെയും യോഗം നടക്കും. 4ന് രാവിലെ 10 മണിക്ക് കൊണ്ടോട്ടി മണ്ഡലത്തിന്റെയും ഉച്ചക്കുശേഷം 2 മണിക്ക് നിലമ്പൂർ, വണ്ടൂർ മണ്ഡലങ്ങളുടെയും 5ന് രാവിലെ 10 മണിക്ക് തവനൂർ, പെരിന്തൽമണ്ണ മണ്ഡലങ്ങളുടെയും ഉച്ചക്കുശേഷം 2 മണിക്ക് താനൂർ, തിരൂരങ്ങാടി മണ്ഡലങ്ങളുടെയും യോഗം നടക്കും. നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങൾക്ക് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരും പാർലമെന്ററി പാർട്ടി ലീഡർമാരും സഹകരണ ബാങ്ക് പ്രസിഡന്റുമാരുമാണ് ഈ നേതൃതല യോഗത്തിൽ പങ്കെടുക്കേണ്ടത്.

## ഉപതിരഞ്ഞെടുപ്പ് നാളെ

# മുന്നേറ്റം തുടരാൻ യു.ഡി.എഫ്

മലപ്പുറം: ലോക്സഭ തിരഞ്ഞെടുപ്പിന് പിന്നാലെ ഉപതിരഞ്ഞെടുപ്പിലും വിജയം തുടരാൻ യു.ഡി.എഫ്. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന നാലു വാർഡുകളിൽ നാലിലും യു.ഡി.എഫ് സ്ഥാനാർത്ഥികളും യു.ഡി.എഫ് പിന്തുണ നൽകുന്ന സ്ഥാനാർത്ഥികളും വലിയ വിജയ പ്രതീക്ഷയിലാണ്. ഇടതു സർക്കാരിനും ഇടതുപക്ഷത്തിനുമെതിരായ ജനവികാരം പോളിങ്ങിൽ പ്രതിധ്വനിക്കുമെന്നാണ് പ്രവർത്തകർ പറയുന്നത്. മലപ്പുറം നഗരസഭയിലെ പൊടിയാട് (വാർഡ് 39), കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിലെ കൂട്ടിലങ്ങാടി (വാർഡ് 17), മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ വെള്ളായിപ്പാടം (വാർഡ് രണ്ട്), വട്ടംകുളം ഗ്രാമപഞ്ചായത്തിലെ എടപ്പാൾ ചുങ്കം (വാർഡ് 14) എന്നിവിടങ്ങളിൽ നാളെ ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. യു.ഡി.എഫിന്റെ ഉറച്ച കോട്ടയായ പൊടിയാടിലും കൂട്ടിലങ്ങാടിയിലും വിജയമുറപ്പിച്ചതിനോടൊപ്പം യു.ഡി.എഫ് പിന്തുണ നൽകുന്ന മറ്റുവാർഡുകളിലും വൻമുന്നേറ്റമുണ്ടാക്കാനാകുമെന്നാണ് വിലയിരുത്തൽ. ഇടതുപക്ഷ സ്ഥാനാർത്ഥികൾ വിജയിച്ചുപോന്നിരുന്ന എടപ്പാൾ ചുങ്കം, വെള്ളായിപ്പാടം വാർഡുകളിൽ പാർട്ടിയിലെ ഭിന്നത് ഇടതുപക്ഷത്തിന് തിരിച്ചടിയാകും. മുഴുവൻ വാർഡുകളിലും വിജയിച്ച് വിജയത്തുടർച്ച സൃഷ്ടിക്കാനാകുമെന്നാണ് യു.ഡി.എഫ് നേതാക്കളുടെയും പ്രവർത്തകരുടെയും കണക്കുകൂട്ടൽ.

മലപ്പുറം നഗരസഭ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാനായിരുന്ന മുസ്‌ലിംലീഗിന്റെ സിദ്ദീഖ് നൂറേങ്ങലിന്റെ നിര്യാണത്തെ തുടർന്ന് ഒഴിവ് വന്ന സീറ്റിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. നേരത്തെ 639 വോട്ടിന്റെ മൃഗീയ ഭൂരിപക്ഷത്തിന് വിജയിച്ച വാർഡിൽ വിജയം തുടരാൻ യുവരക്തം ഇ.കെ ജസീറിനെയാണ് യു.ഡി.എഫ് രംഗത്തിറക്കിയിരിക്കുന്നത്. വിദ്യാസമ്പന്നനും ഊർജ്ജസ്വലനുമായ സ്ഥാനാർത്ഥിക്ക് ജനങ്ങൾ വൻ വിജയം സമ്മാനിക്കുമെന്നാണ് യു.ഡി.എഫ് കണക്ക് കൂട്ടൽ. കൂട്ടിലങ്ങാടി പഞ്ചായത്തിലെ 17ാം വാർഡിൽ നസീറ നാസറാണ് യു.ഡി.എഫ് ജനകീയ മുന്നണി സ്ഥാനാർത്ഥിയായി മത്സരിക്കുന്നത്. മെഹ്റുന്നീസ ടീച്ചറുടെ നിര്യാണത്തെ തുടർന്നാണ് ഇവിടെ ഉപതിരഞ്ഞെടുപ്പിന് കളമൊരുങ്ങിയത്. 334 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു മെഹ്റുന്നീസ ടീച്ചർക്കുണ്ടായിരുന്നത്. വികസനത്തിന് തുടർച്ചയാകാൻ നസീറ നാസറിനെ ജനങ്ങൾ നെഞ്ചോട് ചേർക്കുമെന്നാണ് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നൽകുന്ന സൂചന.

വട്ടംകുളം ഗ്രാമപഞ്ചായത്തിലെ എടപ്പാൾ ചുങ്കം (വാർഡ് 14) വാർഡിൽ ഇടത് വിമത സ്ഥാനാർത്ഥി ഇ.എസ് സുകുമാരനാണ് യു.ഡി.എഫ് പിന്തുണക്കുന്നത്. സി.പി.ഐ.എമ്മിന്റെ യു.പി പുരുഷോത്തമൻ മെമ്പറായിരുന്ന വാർഡിൽ അദ്ദേഹത്തിന്റെ വിയോഗത്തെ തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്. കോൺഗ്രസിലെ മുഹമ്മദലി കാര്യാട്ട് നേരത്തെ പത്രിക സമർപ്പിച്ചിരുന്നു. എന്നാൽ പിന്നീട് ഇത് പിൻവലിച്ച് യു.ഡി.എഫിന്റെ പിന്തുണ സി.പി.എം വിമത സ്ഥാനാർത്ഥിക്ക് പ്രഖ്യാപിക്കുകയായിരുന്നു. സി.പി.ഐ.എം വിഭാഗീയതയെ തുടർന്നാണ് തിരഞ്ഞെടുപ്പുകളിൽ സുപ്രധാന ചുമതലകൾ വഹിച്ചിരുന്ന സുകുമാരൻ വിമതനായി മത്സരിക്കാൻ തീരുമാനിച്ചത്.


മൂന്നിയൂർ പഞ്ചായത്ത് വാർഡ് രണ്ട് വെള്ളായിപ്പാടത്ത് ടി.പി സുഹ്റാബിയാണ് യു.ഡി.എഫ് പിന്തുണയോടെ മത്സരിക്കുന്നത്. എൽ.ഡി.എഫ് മെമ്പറായിരുന്ന ബിന്ദു മരണപ്പെട്ട ഒഴിവിലേക്കാണ് ഉപതിരഞ്ഞെടുപ്പ്. 98 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു യു.ഡി.എഫിനുണ്ടായിരുന്നത്. ഇടത് സ്ഥാനാർത്ഥിയായി സുജിത, വിമതസ്ഥാനാർത്ഥിയായി സുനിത, ബി.ജെ.പിയുടെ സോണി എന്നിവരും മത്സര രംഗത്തുണ്ട്. 60 വർഷമായി എൽ.ഡി.എഫ് വിജയിച്ചുപോരുന്ന വാർഡിൽ സി.പി.എമ്മിലെ വിഭാഗീയത തിരിച്ചടിയാകും. യു.ഡി.എഫ് പിന്തുണയോടെ മത്സരിക്കുന്ന ഊർജ്ജസ്വലയും നാട്ടുകാർക്ക് സുപരിചിതയുമായ സാമൂഹ്യ പ്രവർത്തകയുടെ രംഗപ്രവേശത്തോടെ നിരാശയിലാണ് ഇടത് ക്യാമ്പുകൾ. 31ന് വോട്ടെണ്ണലോടെ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന ഉപതിരഞ്ഞെടുപ്പുകളിൽ നാല് സീറ്റും വിജയിച്ച് ആഘോഷമാക്കാനൊരുങ്ങുകയാണ് യു.ഡി.എഫ് മുന്നണി. ഉപതിരഞ്ഞെടുപ്പുകളിലും ലോക്സഭയിലും തിരഞ്ഞെടുപ്പിലും നടത്തിയ ചരിത്ര നേട്ടത്തിന് തുടർച്ചയുണ്ടാകുമെന്നാണ് പൊതുവിലയിരുത്തൽ.

## പ്രവേശന പരീക്ഷ പൂർത്തിയായി

## യൂത്ത്‌ലീഗ് ഡിപ്ലോമ കോഴ്സ് 10ന് തുടങ്ങും

മലപ്പുറം: ജില്ലാ മുസ്‌ലിം യൂത്ത് ലീഗ് ആസ്ഥാനമായ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറി സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസ് ആന്റ് റിസെർച്ചിന് കീഴിൽ പ്രവർത്തനം ആരംഭിക്കുന്ന സാമൂഹ്യ പഠന കേന്ദ്രത്തിനു കീഴിൽ ആരംഭിക്കുന്ന ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ പൂർത്തിയായി. രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും ലക്ഷ്യമിട്ടുകൊണ്ടുള്ള കോഴ്സിലേക്കുള്ള പരീക്ഷ മേൽമുറി എം.എം.ഇ.ടി കാമ്പസിലാണ് നടന്നത്. ആഗസ്റ്റ് പത്തിന് കോഴ്സ് ആരംഭിക്കും. മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ സാമൂഹിക പഠന കേന്ദ്രത്തിന്റെ ഉദ്ഘാടനവും ഇതോടൊപ്പം നടക്കും. ജില്ലക്ക് പുറത്തുള്ളവരടക്കം നൂറോളം പേർ പരീക്ഷക്ക് എത്തി. ഇവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന നാൽപത് പേരാണ് ആദ്യ ബാച്ചിൽ പഠിതാക്കളാവുക. സംഘടനാ ചരിത്രത്തിൽ ആദ്യമായിട്ടാണ് പാർട്ടി തലത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നത്. വ്യത്യസ്ത വിഷയങ്ങളിൽ പരിചയ സമ്പന്നരായവരുടെ മേൽനോട്ടത്തിൽ തയ്യാറാക്കിയ സിലബസ് അടിസ്ഥാനത്തിലാണ് കോഴ്സ്. ങശീൃശ്യേ ജീഹശശേരെ ശി ീ ഇൗഴ ഉലാീൃമരശല ഉശുഹീമ ജ്യീഴൃമാാല എന്നാണ് കോഴ്സിന്റെ പേര്. ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറി ഡിപ്ലോമ പ്രോഗ്രാമിന് വേണ്ടി കൂടുതൽ സൗകര്യങ്ങളോടെ സജ്ജീകരിക്കും. ആറു മാസമാണ് കോഴ്സിന്റെ കാലാവധി. മാസത്തിൽ രണ്ട് ദിവസത്തെ ഓഫ് ലൈൻ ക്ലാസും രണ്ട് ദിവസത്തെ ഓൺലൈൻ ക്ലാസും കോഴ്സിന്റെ ഭാഗമായി നടക്കും. ഓഫ്ലൈൻ ക്ലാസിന് നാല് മണിക്കൂറും ഓൺലൈൻ ക്ലാസിന് ഒന്നര മണിക്കൂറുമാണ് സമയ ദൈർഘ്യം. ഒമ്പത് കോഴ്സുകളും 21 മൊഡ്യൂളുകളുമാണ് കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഓഫ്ലൈൻ ക്ലാസിനായി പ്രത്യേകം സ്മാർട്ട് ക്ലാസ് മുറി സജ്ജീകരിക്കും. ഓരോ വിഷയത്തിലും ഏറെ പ്രാവീണ്യമുള്ള ഫാക്കൽറ്റികളുടെ ഒരു പാനൽ തയാറാക്കിയിട്ടുണ്ട്. ഗ്രന്ഥകാരനും പ്രഭാഷകനുമായ ഷെരീഫ് സാഗറാണ് ഡയരക്ടർ. മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് എൻ.കെ ഹഫ്സൽ റഹ്മാൻ കോ-ഓർഡിനേറ്ററാണ്. കാലിക്കറ്റ് സർവകലാശാല സെനറ്റ് മെമ്പർ ഡോ. റഷീദ് അഹമ്മദ്,നൈജീരിയ നൈൽ യൂണിവേഴ്സിറ്റി അസി.പ്രഫ ഡോ. സലീൽ ചെമ്പയിൽ,മണ്ണാർക്കാട് എം. ഇ.എസ് കല്ലടി കോളജ് അസി.പ്രഫ ഡോ. ടി സൈനുൽ ആബിദ്, ഡൽഹി ജാമിഅ മില്ലിയ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി റിസർച്ച് സ്കോളർ നൗഷാദ് തൂമ്പത്ത് എന്നിവരടങ്ങിയ സമിതിയുടെ മേൽനോട്ടത്തിലാണ് കോഴ്സ്. സീതി സാഹിബ് സെന്റർ ഫോർ ഡവലപ്മെന്റൽ സ്റ്റഡീസ് ആന്റ് റിസർച്ചിന് കീഴിൽ മറ്റ് പാഠ്യപദ്ധതികളും ചർച്ചകളും സംവാദങ്ങളും ഘട്ടംഘട്ടമായി നടത്തും. ഇതോടൊപ്പം ജില്ലാ മുസ്‌ലിം യൂത്ത് ലീഗിന്റെ ആസ്ഥാനമായ ഭാഷാ സമര സ്മാരകവും ഇവിടെ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറിയും റിസർച്ച് സെന്ററും സജീവമാക്കുക, കൂടുതൽ ആളുകൾക്ക് ഗുണം കിട്ടുന്ന വിധം ഇതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോട് കൂടിയാണ് സാമൂഹിക പഠന കേന്ദ്രം എന്ന പദ്ധതിക്ക് രൂപം നൽകിയത്. ജില്ലാ യൂത്ത്‌ലീഗ് പ്രസിഡന്റ് ഷരീഫ് കുറ്റൂർ, ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, ഡയരക്ടർ ഷരീഫ് സാഗർ, കോ - ഓർഡിനേറ്റർ എൻ.കെ ഹഫ്സൽ റഹ്മാൻ, ജില്ലാ ഭാരവാഹികളായ ടി.പി ഹാരിസ്, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ, ജില്ലാ കമ്മിറ്റിയംഗം ഫെബിൻ കളപ്പാടൻ, തിരഞ്ഞെടുക്കപ്പെട്ട ഇൻവിജലേറ്റർമാർ എന്നിവർ പ്രവേശന പരീക്ഷക്കും മുഖാമുഖത്തിനും മേൽനോട്ടം വഹിച്ചു.



ജില്ലാ യൂത്ത്‌ലീഗ് സീതി സാഹിബ് ലൈബ്രറി സെന്റർ ഫോർ ഡെവലപ്മെന്റൽ സ്റ്റഡീസ് ആന്റ് റിസെർച്ചിന് കീഴിൽ ആരംഭിക്കുന്ന സാമൂഹ്യ പഠന കേന്ദ്രം ഡിപ്ലോമ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ



ഡൽഹിയിൽ സിവിൽ സർവീസ് കോച്ചിങ് കേന്ദ്രത്തിന്റെ ബേസ്മെന്റിൽ വെള്ളം കയറി മലയാളി വിദ്യാർഥി നെവിൻ ഡാൽവിൻ ഉൾപ്പെടെ മൂന്ന് പേർ മരണപ്പെട്ടത് വേദനാജനകമാണ്. ജെ.എൻ.യുവിൽ എം.ഫിൽ വിദ്യാർത്ഥിയായിരുന്ന നെവിൻ സിവിൽ സർവീസ് കോച്ചിങിനായാണ് ഡൽഹിയിൽ തുടർന്നത്. നെവിൻ മിടുക്കനായ വിദ്യാർത്ഥിയായിരുന്നു. ഒരു കുടുംബത്തിന്റെ സ്വപ്നങ്ങൾ കൂടിയാണ് പൊലിയുന്നത്. ഐ.എ.എസ് അക്കാദമിയുടെ ലൈബ്രറിയിൽ വെള്ളം കയറി മണിക്കൂറുകൾക്ക് ശേഷമാണ് രക്ഷാപ്രവർത്തനം ആരംഭിച്ചതെന്ന പരാതിയുണ്ട്. അക്കാദമിയുടെ നിർമ്മാണവും പ്രവർത്തനവും നിയമപരമായിരുന്നോയെന്നതിലും പരിശോധന വേണം.

– വി.ഡി സതീശൻ



ജാർഖണ്ഡിലെ കാങ്കെ ജില്ലയിലെ കാട്ടുംകുളി ഗ്രാമത്തിലെ അക്തർ അൻസാരിയുടെ കുടുംബത്തെ മുസ്‌ലിം ലീഗ് സംഘം സന്ദർശിച്ചു. കാട്ടും കുളി ഗ്രാമത്തിലെ ഒറ്റമുറി വീട്ടിലെത്തിയ ഞങ്ങൾ ഹൃദയ ഭേദകമായ രംഗങ്ങൾക്കാണ് സാക്ഷിയായത്. നാല് പിഞ്ചുകുഞ്ഞുങ്ങളും ഭാര്യയും അടങ്ങുന്ന കുടുംബം താമസിക്കുന്നത് ഒറ്റമുറി വീട്ടിലാണ്. നാല് മക്കൾക്ക് വിശപ്പടക്കാനും വിദ്യാഭ്യാസം കൊടുക്കാനും രാപ്പകലില്ലാതെ കഠിനാധ്വാനം ചെയ്ത അക്തർ ക്രൂരമായി കൊല്ലപ്പെട്ടതോടെ മുന്നോട്ട് ജീവിക്കാനുള്ള എല്ലാ പ്രതീക്ഷകളും അസ്തമിച്ച അവസ്ഥയിലാണ് കുടുംബം.

– ഇ.ടി മുഹമ്മദ് ബഷീർ

കേരള വാർത്തകൾ

## ഐ.എ.എസ് സ്വപ്നം ബാക്കിവെച്ച് നെവിൻ മടങ്ങി

കാലടി: കഴിഞ്ഞ ദിവസം ഡൽഹിയിലുണ്ടായ മഴവെള്ളപ്പാച്ചിലിൽ ജീവൻ പൊലിഞ്ഞ നെവിൻ ഡാൽവിൻ (23)സിവിൽസർവീസ് (ഐ.എ.എസ്) സ്വപ്നം ബാക്കി വച്ചാണ് യാത്രയായത്. മലയാറ്റൂർ പഞ്ചായത്തിലെ നീലീശ്വരം മുണ്ടങ്ങാ മറ്റത്ത് കഴിഞ്ഞ പത്തുവർഷമായി താമസിക്കുന്ന കുടുംബമാണ് നെവിന്റേത്.ജെ.എൻ. യുവിൽ പി.ജി കഴിഞ്ഞശേഷം പി. എച്ച്.ഡി ചെയ്യുകയായിരുന്നു.

ശക്തമായ മഴയിൽ ഓടതകർന്ന് വെള്ളം ഇരച്ചുകയറിയ സമയം ലൈബ്രറിയിൽ ഉണ്ടായിരുന്ന മറ്റുള്ളവരെല്ലാം ഓടി രക്ഷപ്പെട്ടപ്പോൾ നവീൻ അടക്കമുള്ള മൂന്നു പേർക്ക് ജീവൻ നഷ്ടപ്പെടുകയായിരുന്നു.ഇതോടൊപ്പം ഐഎഎസ് കോച്ചിങ്ങിന് ചേരുകയും ഐഎഎസ് എടുക്കുകയെ ന്നുള്ളതായിരുന്നു ജീവിതലക്ഷ്യമെന്ന് ബന്ധുക്കളും പറയുകയുണ്ടായി. നാലുവർഷമായി പഠനാർത്ഥം ഡൽഹിയിലാണ് താമസിച്ചുവന്നിരുന്നത്.തിരുവനന്തപുരം സ്വദേശികളായ ഡാൽവിൻ സുരേഷ് (റിട്ട.ഡിവൈഎസ്പി)ൻേറയും സംസ്കൃത സർവകലാശാല അധ്യാപിക ഡോ.ടി. എസ് ലാൻസ് ലറ്റ് എന്നിവരുടെ രണ്ടു മക്കളിൽ മൂത്തയാളാണ് നെവിൻ.ഏക സഹോദരി നിസ്സി.

ഇന്നലെ രാവിലെ പ്രാർത്ഥനക്കായി പള്ളിയിലെത്തിയപ്പോഴാണ് മകന്റെ വിയോഗവാർത്തയ റിയുന്നത്. തുടർന്ന് ദേഹാസ്വസ്ത്യമുണ്ടാവുകയും ഇരുവരെയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമു ണ്ടായി.നെവിന്റെ മാതൃ സഹോദരൻ വിയോഗ വാർത്തയറിഞ്ഞ് ഡൽഹിയിലേക്ക് പുറപ്പെട്ടിട്ടുണ്ട്. മൃതദേഹം അടുത്തദിവസം നാട്ടിലെത്തിക്കുമെന്ന് കരുതുന്നു. നെവിനൊപ്പം അപകടത്തിൽപ്പെട്ട തെലുങ്കാന, യുപി സ്വദേശികളായ സോണിയ, ശ്രേയ യാദവ് എന്നിവരും മരണമടഞ്ഞിരുന്നു. റോജി എം.ജോൺ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കളുമെല്ലാം നെവിന്റെ വീട്ടിലേക്കെ ത്തിയിരുന്നു. മലയാറ്റൂരിൽ എത്തിക്കുന്ന മൃതദേഹം ജന്മനാടായ തിരുവനന്തപുരത്തേക്ക് കൊണ്ടുപോകുമെന്നാണറിയുന്നത്.

# പോർക്കളം തുറന്ന് സി.കെ.പിയും

### മനുതോമസിനു പിന്നാലെ സി.പി.എമ്മിനെതിരെ തുറന്നടിച്ച് മുതിർന്ന നേതാവ്



**ഫൈസൽ മാടായി**
കണ്ണൂർ

യുവനേതാവ് മനുതോമസ് തൊടുത്തുവിട്ട ആരോപണങ്ങളെ ചെറുക്കാൻ പാടുപെടുന്നതിനിടെ കണ്ണൂരിൽ സി.പി.എമ്മിനെ പ്രതിരോധകുരുക്കിലാക്കി മുതിർന്ന നേതാവും. മുൻ എം.എൽ.എയും മുതിർന്ന നേതാവുമായ സി.കെ.പി പത്മനാഭനാണ് പാർട്ടി നെറികേടിനെതിരെ ആഞ്ഞടിച്ച് സി.പി.എമ്മിനെ പ്രതിരോധത്തിലാക്കിയിരിക്കുന്നത്.

കർഷകരുൾപ്പെടെ സാധാരണക്കാർക്കൊപ്പം പ്രവർത്തിച്ച് സംസ്ഥാന കമ്മിറ്റി അംഗമായിരുന്ന സി.കെ.പി പത്മനാഭൻ കർഷക സംഘത്തിന്റെ അനിഷേധ്യനായ നേതാവും 2006 മുതൽ 2011 വരെ തളിപ്പറമ്പ് നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് എം.എൽ.എയുമായിരുന്നു. ഒരുകാലത്ത് കണ്ണൂരിൽ വി.എസ് പക്ഷത്തെ ഏകനേതാവായിരുന്ന അദ്ദേഹത്തെ പാർട്ടി മാടായി ഏരിയാ കമ്മിറ്റിയിലേക്ക് തരംതാഴ്ത്തുകയായിരുന്നു.

അച്ചടക്ക നടപടി നേരിട്ട് പന്ത്രണ്ട് വർഷത്തിനിപ്പുറമാണ് സി.പി.എം നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനവുമായി സി.കെ.പി പത്മനാഭൻ രംഗത്തെത്തിയിരിക്കുന്നത്. സി.പി.എമ്മിൽ തെറ്റുതിരുത്തൽ നടപ്പാക്കികൊണ്ടിരിക്കെയാണ്. നേതൃത്വത്തിന് തലവേദനയായി പാർട്ടി തഴഞ്ഞ മുതിർന്ന നേതാക്കളിലൊരാളുടെ രംഗപ്രവേശം. ഡി.വൈ.എഫ്.ഐ ജില്ലാ പ്രസിഡന്റും സി.പി.എം ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന മനു തോമസ് പാർട്ടിക്കുള്ളിലെ ക്വട്ടേഷൻ-മാഫിയ ബന്ധമാണ് വെളിപ്പെടുത്തിയതെങ്കിൽ സാമ്പത്തിക ക്രമക്കേടുൾപ്പെടെ ആരോപണങ്ങളാണ് സി.കെ.പി പത്മനാഭൻ തൊടുത്തുവിട്ടത്.

**സി.കെ.പി പറഞ്ഞത്**

തന്നെ കരുതിക്കൂട്ടി പാർട്ടിയിൽ നിന്ന് പുറത്താക്കിയ ആളുകളാണ് സി.പി.എമ്മിനെ ഈ അവസ്ഥയിലെത്തിച്ചത്. പാർട്ടിയിലെ വിഭാഗീയത എല്ലാക്കാലത്തും അധികാരത്തെ ചൊല്ലിയായിരുന്നു. അതിന്റെ ഇരയായിരുന്നു താനും. മുൻകാലങ്ങളിലെ സാമ്പത്തിക തിരിമറിയുൾപ്പെടെ ക്രമക്കേടുകളാണ് കഴിഞ്ഞ ദിവസം പ്രാദേശിക ചാനലിനോട് അദ്ദേഹം വെളിപ്പെടുത്തിയത്. പാർട്ടിയിൽ വിഭാഗീയതയുടെ ഇരയായി താൻ മാറുകയായിരുന്നുവെന്നും അദ്ദേഹം പറയുന്നു. കർഷക സംഘത്തിന്റെ ഫണ്ട് താൻ തിരിമറി നടത്തിയിട്ടില്ല. ഓഫീസ് സെക്രട്ടറി ആയിരുന്നയാൾ നാല് ലക്ഷം രൂപ തട്ടിയെടുത്തുവെന്നത് വാസ്തവമാണ്. അന്ന് ഇ.പി ജയരാജനാണ് പാർട്ടി ഫണ്ടായ 20 ലക്ഷം രേഖാമൂലം ബാങ്കിൽ നിന്ന് പിൻവലിച്ചത്. ഇക്കാര്യവും രേഖാമൂലം നൽകിയിരുന്നു.

ഇനി എത്രകാലം ജീവിക്കുമെന്നറിയില്ല. സത്യം ജനങ്ങൾ അറിയണം. വിഭാഗീയതയുടെ പേരിലാണ് തന്റെ പേരിൽ ആരോപണങ്ങൾ കെട്ടിവച്ചത്. താൻ ശരിയുടെ പക്ഷത്തായിരുന്നു. അതാണ് തനിക്കെതിരെ നടപടിയെടുക്കാൻ കാരണം. അന്ന് പിന്നിൽ പ്രവർത്തിച്ചവരാണ് ഇന്ന് പാർട്ടിയെ ഈ അവസ്ഥയിലെത്തിച്ചത്. അതിൽ താൻ സന്തോഷിക്കുന്നു. താഴേത്തട്ടിലല്ല, മുകൾത്തട്ടിലാണ് തിരുത്തൽ വേണ്ടത്.

പാർട്ടി സഖാക്കളെ നോക്കി ചിരിച്ചുകൊണ്ടു പോളിംഗ് ബൂത്തിൽ പോയവർ പാർട്ടിക്ക് വോട്ട് ചെയ്തില്ല. അതാണ് ലോക്സഭ തിരഞ്ഞെടുപ്പിൽ തോൽവി നേരിടാൻ കാരണം. സത്യം എപ്പോഴും പിറകിലേ ഇരിക്കുകയുള്ളൂ. അത് മുന്നിൽ വരാൻ സമയമെടുക്കും. അന്നത്തെ കണ്ണൂർ ജില്ലാ സെക്രട്ടറി പി. ശശിക്കെതിരെ പരാതി നൽകിയെന്ന കാര്യം വസ്തുതാപരമാണ്. എന്നാൽ അതിന്റെ ശരിതെറ്റുകൾ താൻ ഇപ്പോൾ പറയുന്നില്ല. 1957 ലെ സർക്കാർ സാമ്പത്തിക പ്രതിസന്ധികാലത്ത് ജനങ്ങളെ ആകർഷിക്കുന്ന മാതൃകയായ തീരുമാനങ്ങൾ കൈക്കൊണ്ടു. അത് ഇന്നുണ്ടാകുന്നില്ല ടി.പി ചന്ദ്രശേഖരൻ വധത്തിലൂടെ എന്താണോ ഇല്ലാതാക്കാൻ ശ്രമിച്ചത്, അത് വളർന്നു. ടി.പിയെക്കാൾ വലിയ പ്രസ്ഥാനമായി മാറി.

ചെയ്യാത്ത കുറ്റത്തിന് അച്ചടക്ക നടപടി നേരിട്ടതിന്റെ സംഘർഷം തന്റെ ആരോഗ്യത്തെയും ബാധിച്ചു. വൃക്കസംബന്ധമായ രോഗിയാണിന്ന്. പ്രസ്ഥാനത്തിന്റെ തെറ്റുകൾ പാർട്ടിയാണ് തിരുത്തേണ്ടത്. എന്നാൽ ആ ഉത്തരവാദിത്തം കൂടി ജനങ്ങൾ ഏറ്റെടുത്തിരിക്കുകയാണ്. അണികളിൽ ഉണ്ടായ തെറ്റിദ്ധാരണ മാറ്റാനാണ് 12 വർഷങ്ങൾക്ക് ശേഷം ഇപ്പോൾ കാര്യങ്ങൾ തുറന്നു പറയുന്നത്.

## മാവോയിസ്റ്റ് നേതാവ് സോമൻ ഷൊർണ്ണൂരിൽ അറസ്റ്റിൽ

ഷൊർണൂർ: നിരവധി കേസുകളിൽ പ്രതിയായി ഒളിവിലായിരുന്ന മാവോയിസ്റ്റ് നേതാവ് സോമൻ ഭീകരവിരുദ്ധ സ്ക്വാഡിന്റെ പിടിയിലായി. ഇന്നലെ രാവിലെ ഷൊർണൂർ റെയിൽവേ സ്റ്റേഷനിൽനിന്നാണ് ഇയാളെ പിടികൂടിയതെന്നാണ് വിവരം. പൊലീസിലെ (എ..ടി.എസ്) ഭീകരവിരുദ്ധ സ്ക്വാഡ് ഇയാളെ പിടികൂടാനുള്ള അന്വേഷണത്തിലായിരുന്നു. വയനാട് കൽപ്പറ്റ സ്വദേശിയായ സോമൻ നിരവധി കേസുകളിലെ പ്രതിയാണെന്ന് പൊലീസ് പറയുന്നു. വയനാട് മേഖലയിലെ മാവോയിസ്റ്റ് പ്രവർത്തനങ്ങൾക്ക് പിന്നിലെ പ്രധാന വ്യക്തിയായിരുന്നു സോമൻ. പിടിയിലായ സോമനെ കോഴിക്കോട്ടേക്ക് കൊണ്ടുപോയതായാണ് വിവരം.



ജാർഖണ്ഡിലെ റാഞ്ചിയിൽ ലാഡ്ഡർ ഫൗണ്ടേഷൻ സംഘടിപ്പിച്ച പ്രതിഭ സമ്മാൻ സമാരോഹ് ഉദ്ഘാടനം ചെയ്ത് പ്രതിഭകളെ മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി ആദരിക്കുന്നു. സി.കെ സുബൈർ, ആസിഫ് മുജ്തബ, ഇബ്റാർ അഹമ്മദ്, ഫസൽ ഇമാം സമീപം

## ശ്രദ്ധേയമായി ലാഡർ ഫൗണ്ടേഷൻ പ്രതിഭ സമ്മാൻ സമാരോഹ്

റാഞ്ചി: കേരള മാതൃക വിദ്യാഭ്യാസ പുരോഗതി പരിചയപ്പെടുത്തിക്കൊണ്ട് ലാഡർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജാർഖണ്ഡ് തലസ്ഥാന നഗരി റാഞ്ചിയിൽ സംഘടിപ്പിച്ച പ്രതിഭ സമ്മാൻ സമാരോഹ് ശ്രദ്ധേയമായി. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിൽ നേതൃത്വം പരാചയപ്പെട്ടതാണ് ഉത്തരേന്ത്യയിലെ മുസ്‌ലിം സമുദായത്തിന്റെ പിന്നോക്കാവസ്ഥക്ക് കാരണമെന്ന് മുസ്‌ലിം ലീഗ് ദേശീയ ഓർഗനൈസിംഗ് സിക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. ലാഡർ ഫൗണ്ടേഷന്റെ നേതൃത്വത്തിലുള്ള ഉത്തരേന്ത്യൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാതൃകാ പരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റാഞ്ചി ഏരിയയിലെ ഉന്നത വിജയികളെ ആദരിക്കുന്ന പരിപാടിയിൽ മുന്നൂറോളം വിദ്യാർത്ഥികൾ ഓൺലൈൻ വഴി റജിസ്റ്റർ ചെയ്ത് പങ്കെടുത്തു. പ്രതിഭകൾക്കുള്ള അവാർഡ് വിതരണം ഇ.ടി മുഹമ്മദ് ബഷീർ, സി.കെ സുബൈർ, സെൻട്രൽ യുനിവേഴ്സിറ്റി റജിസ്ട്രാർ നസീഫ് അഹമ്മദ് ഖാൻ എന്നിവർ നിർവ്വഹിച്ചു.

‘സംഘടന ഹൃദയങ്ങളിലേക്ക്’

## എം.എസ്.എഫ് സംസ്ഥാന കമ്മിറ്റിയുടെ മണ്ഡലം യാത്രയ്ക്ക് മഞ്ചേശ്വരത്ത് തുടക്കം



എം.എസ്.എഫ് മെമ്പർഷിപ്പ് കാമ്പയിന്റെ ഭാഗമായി ‘സംഘടന ഹൃദയങ്ങളിലേക്ക്’ മണ്ഡലം യാത്ര കാസർക്കോട്ട് സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ നജാഫ് ഉദ്ഘാടനം ചെയ്യുന്നു

കാസർകോട്: ഐക്യം, അതിജീവനം, അഭിമാനം എന്ന പ്രമേയത്തിൽ എം.എസ്.എഫ് സംസ്ഥാന കമ്മിറ്റി നടത്തുന്ന മെമ്പർഷിപ്പ് കാമ്പയിന്റെ ഭാഗമായി ‘സംഘടന ഹൃദയങ്ങളിലേക്ക്’ മണ്ഡലം യാത്രയ്ക്ക് മഞ്ചേശ്വരം മണ്ഡലത്തിൽ ഉജ്വല തുടക്കം. മെമ്പർഷിപ്പ് കാമ്പയിന്റെ ഭാഗമായി മുസ്‌ലിംലീഗിനൊപ്പം എന്റെ ദേശത്തിന്റെ കഥ, എം.ഐ തങ്ങൾ അക്കാദമി ഫോർ മൈനോറിറ്റി സ്റ്റഡീസ് എന്നീ പദ്ധതികൾ വിശദീകരിച്ചു. എം.എസ് .എഫ് സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ നജാഫ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സർഫാസ് ബന്തിയോട് അധ്യക്ഷത വഹിച്ചു.

സംസ്ഥാന ഭാരവാഹികളായ അനസ് എതിർത്തോട്, റഷാദ് വി.എം, ഇർഷാദ് മൊഗ്രാൽ, അൽ റസീൻ തൃശൂർ, അഖിൽ ആനക്കയം വിവിധ പദ്ധതികൾ വിശദീകരിച്ചു. ഹരിത സംസ്ഥാന ചെയർപേഴ്സൺ ഷഹീദ റഷീദ്, മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് എം.ബി യൂസുഫ്, മണ്ഡലം പ്രസിഡന്റ് അസീസ് മരിക്കെ, ജനറൽ സെക്രട്ടറി എ.കെ ആരിഫ്, ട്രഷറർ യു.കെ സൈഫുള്ള തങ്ങൾ, എം.എസ്.എഫ് ജില്ലാ പ്രസിഡന്റ് സയ്യിദ് ത്വാഹാ ചേരൂർ, വൈസ് പ്രസിഡന്റ് സലാം ബെളിഞ്ചം, സെക്രട്ടറി ജംഷീദ് മൊഗ്രാൽ, ഹരിത ജില്ലാ ചെയർപേഴ്സൺ ഷഹാന കുണിയ, സെനറ്റ് അംഗം ഹസീബ് ഉദുമ, ഗോൾഡൻ റഹ്മാൻ, സിദ്ദീഖ് ദണ്ഡഗോളി, സിദ്ദീഖ് ഉമുഖർ, ബി.എൻ മുഹമ്മദലി, ശാഹുൽ ഹമീദ് ബന്തിയോട്, മൻസൂർ വോർക്കാടി, മുർഷിദ് മൊഗ്രാൽ, ഷഹീദ് മീഞ്ച, റാസി ആനക്കല്ല്, യാഷിഫ് ബമ്പ്രണ, മണ്ഡലം ജനറൽ സെക്രട്ടറി മുഫീദ് പോസോട്ട്, ട്രഷറർ മഷൂദ് ആരിക്കാടി സംബന്ധിച്ചു.

## അർജുന്റെ വീട്ടിലെത്തി വീഡിയോ ബാലാവകാശ കമ്മീഷൻ കേസെടുത്തു

കോഴിക്കോട്: ഉത്തര കന്നഡ ജില്ലയിലെ ഷിരൂരിലുണ്ടായ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ വീട്ടിലെത്തി ചെറിയ കുഞ്ഞിന്റെ വീഡിയോ ചിത്രീകരിച്ച മഴവിൽ കേരള യൂട്യൂബ് ചാനലിനെതിരെ സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. കുഞ്ഞിന്റെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റമാണ് ചാനൽ നടത്തിയിരിക്കുന്നത് എന്ന് കമ്മീഷൻ ചെയർപേഴ്സൺ കെവി മനോജ് കുമാർ അറിയിച്ചു. ഇത് മാധ്യമ പ്രവർത്തനമായി കാണാൻ കഴിയില്ല. ദുരന്തത്തിൽ തകർന്നു നിൽക്കുന്ന കുടുംബത്തിന് ആശ്വാസം പകരുന്നതിന് പകരം മാധ്യമപ്രവർത്തക ആവർത്തിച്ച് കുഞ്ഞിനോട് അച്ഛനെ കുറിച്ച് ചോദിക്കുന്നത് ഒഴിവാക്കേണ്ടതായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തെക്കുറിച്ച് ജില്ലാ പോലീസ് മേധാവി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ, യൂട്യൂബ് ചാനൽ എന്നിവരിൽ നിന്ന് കമ്മീഷൻ റിപ്പോർട്ട് തേടി.

## നവകേരള ബസ് ഒരാഴ്ചയായി വർക്ഷോപ്പിൽ, ഇനിയില്ല

കോഴിക്കോട്: കോഴിക്കോട്-ബെംഗളൂരു റൂട്ടിൽ ഓടുന്ന നവകേരള ബസ് എന്നറിയപ്പെടുന്ന സ്വിഫ്റ്റ് ഗരുഡ പ്രീമിയം സർവീസ് വീണ്ടും മുടങ്ങി. ബസ് ഒരാഴ്ചയോളമായി വർക്ക്ഷോപ്പിലാണെന്നും അതുകൊണ്ടാണ് ഓട്ടം മുടങ്ങിയതെന്നുമാണ് കെഎസ്ആർടിസി നൽകുന്ന വിശദീകരണം. സർവ്വീസ് പല ദിവസങ്ങളിലും കെഎസ്ആർടിസിയ്ക്ക് നഷ്ടമായിരുന്നു.

നവകേരള സദസിനായി മുഖ്യമന്ത്രിയും മന്ത്രിമാരും സഞ്ചരിച്ചിരുന്ന നവകേരള ബസാണ് കോഴിക്കോട്-ബെംഗളൂരു റൂട്ടിൽ ഗരുഡ പ്രീമിയം സർവീസായി ഓടി തുടങ്ങിയത്. ഇതിനിടെ ആളില്ലാത്തതിനാൽ നേരത്തെ ബസിന്റെ സർവീസ് മുടങ്ങിയിരുന്നു.

വിവാദമായപ്പോൾ വീണ്ടും യാത്ര തുടങ്ങി. വിരലിൽ എണ്ണാവുന്ന യാത്രക്കാരുമായാണ് ബസ് സർവീസ് നടത്തിയത്. കോഴിക്കോട് റീജ്യണൽ വർക്ക് ഷോപ്പിലാണ് ബസ് ഇപ്പോഴുള്ളത്. ബസിന്റെ സമയം മാറ്റി പുനക്രമീകരിച്ചാൽ കൂടുതൽ ആളുകൾ കയറുമെന്നാണ് യാത്രക്കാർ പറയുന്നത്. ആളില്ലാത്തതിനാലാണ് വർക്ക് ഷോപ്പിലേക്ക് മാറ്റിയതെന്ന ആരോപണവും ഉയരുന്നുണ്ട്. ഒരു കോടിയോളം രൂപയ്ക്കാണ് ഈ ബസ് വാങ്ങിയത്. ഫലത്തിൽ ഖജനാവിന് മാത്രം നഷ്ടമായി മാറുകയാണ് ഈ ബസ്.

# ഫാസിസ്റ്റുകൾക്ക് അധികനാൾ ജനങ്ങളെ അടക്കിഭരിക്കാൻ കഴിയില്ല: പി.എം.എ സലാം

ആലപ്പുഴ: ഫാസിസ്റ്റ് ഭരണകൂടങ്ങൾക്കും ഏകാധിപതികൾക്കും അധികാനാൾ ജനങ്ങളെ അടക്കിഭരിക്കാൻ കഴിയില്ലെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം പറഞ്ഞു. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ഭാഷാ സമര അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. രാജ്യത്ത് മാറ്റത്തിന്റെ വ്യക്തമായ സൂചനയാണ് ലോക്സഭ തിരഞ്ഞെടുപ്പ് നൽകിയത്. കരിനിയമങ്ങൾ അടിച്ചേൽപ്പിച്ചും ന്യൂനപക്ഷ വിരുദ്ധ സമീപനങ്ങളുമായി അധികനാൾ സർക്കാരിന് മുന്നോട്ട്പോകാൻ കഴിയില്ല. പൊരുതാനുറച്ചൊരു പ്രതിപക്ഷനിര പാർലമെന്റിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. അവർ ചരിത്രം മാറ്റിയെഴുതാൻ കഴിയുന്നവരാണ് സലാം പറഞ്ഞു. അറബി, സംസ്കൃതം, ഉറുദു ഉൾപ്പെടെയുള്ള ഭാഷകളുടെ നിലനിൽപ്പിനായി ജീവൻ നൽകിയ പ്രസ്ഥാനമാണ് മുസ്‌ലിംലീഗ്.

അറബി അധ്യാപകരുടെ അവകാശ സംരക്ഷണത്തിന് മുസ്‌ലിംലീഗ് മുൻനിരയിലുണ്ടാകും. അറബി ഭാഷയുടെ പ്രധാന്യവും ഗുണങ്ങളും ജനങ്ങൾക്ക് പകർന്നു നൽകണം. തൊഴിൽപരമായി ഉൾപ്പെടെ അന്തമായ സാധ്യതകളാണ് അറബി ഭാഷ തുറന്നിട്ടിരിക്കുന്നത്. ഭാഷയിലും മതം കലർത്തി വേർതിരുവ് സൃഷ്ടിക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാർ സമീപനം തിരുത്തപ്പെടണമെന്നും സലാം പറഞ്ഞു.



കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി ആലപ്പുഴയിൽ നടത്തിയ ഭാഷാ സമര അനുസ്മരണ സമ്മേളനം എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

## അറബി ഭാഷയോടുള്ള കേന്ദ്ര സമീപനം തിരുത്തണം: കെ.സി

ആലപ്പുഴ: അറബി പോലുള്ള അന്താരാഷ്ട്ര ഭാഷയോട് കേന്ദ്രസർക്കാർ തുടരുന്ന നിഷേധാത്മക സമീപനം തിരുത്തണമെന്ന് എ. ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എം.പി. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ ആലപ്പുഴയിൽ സംഘടിപ്പിച്ച സംസ്ഥാനതല ഭാഷാ സമര അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബഹുഭാഷ പ്രോത്സാഹനം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അംഗീകരിച്ചവർ അറബി ഭാഷയെ അവഗണിക്കുകയാണ്. ബഹുസ്വരതയാണ് ഇന്ത്യയുടെ മുഖ മുദ്ര. ഭാരതീയ ഭാഷകളോടൊപ്പം ലോക ഭാഷകളും പഠിക്കാൻ വിപുലമായ സൗകര്യങ്ങളൊരുക്കുകയാണ് രാജ്യത്തെ ഭരണകൂടം ചെയ്യേണ്ടത്.

ഗാന്ധിയെ അവഗണിച്ച് ഗോഡ്സയെ മഹത്വവൽക്കരിക്കാനുള്ള ശ്രമമാണ് രാജ്യത്ത് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സംഘാടക സമിതി ചെയർമാൻ എം.എം നസീർ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ. സലാം മുഖ്യപ്രഭാഷണം നടത്തി. ഷാനിമോൾ ഉസ്മാൻ മുഖ്യാതിഥിയായി. ഭാഷാസമര അനുസ്മരണ പ്രഭാഷണം ഉസ്മാൻ താമരത്ത് നിർവ്വഹിച്ചു.

അഡ്വ. എച്ച്. ബഷീർകുട്ടി, അഡ്വ. എ.എ. റസാഖ്,ഷാഫി കാട്ടിൽ, ഷിബി കാസിം, എം.ടി. സൈനുൽ ആബിദീൻ, എ.പി. ബഷീർ, എം.എ. റഷീദ് മദനി, മുഹമ്മദലി മിഷ്കാത്തി, ടി.പി. അബ്ദുറഹീം, നൂറുൽ അമീൻ. കെ, എം.എ. സാദിഖ്, സി.പി. ഷറഫുന്നിസ, സി.എച്ച്. ഫാറൂഖ്, ടി.സി. അബ്ദുൽ ലത്തീഫ്, സി.എസ് ശിഹാബുദ്ദീൻ, മുഹമ്മദ് ഫൈസൽ, കുഞ്ഞുമോൻ പി, മുഹമ്മദ് ശരീഫ് പ്രസംഗിച്ചു. കെ.എ.ടി.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി എം.എ. ലത്തീഫ് സ്വാഗതവും സംസ്ഥാന ട്രഷറർ മാഹിൻ ബാഖവി നന്ദിയും പറഞ്ഞു.



കേരള അറബിക് മുൻഷീസ് അസോസിയേഷൻ ഭാഷാനുസ്മരണ സമ്മേളനവും അവാർഡ് സമർപ്പണവും അഡ്വ. ജെബി മേത്തർ എം പി ഉദ്ഘാടനം ചെയ്യുന്നു

## ഭാഷാ സമരം അവകാശ നിഷേധങ്ങൾക്കെതിരായ ചെറുത്ത് നിൽപ്പ്: ജെബി മേത്തർ

ആലുവ: ഭാഷാസമരം അവകാശ നിഷേധങ്ങൾക്കെതിരെയുള്ള ചെറുത്തു നിൽപ്പായിരുന്നുവെന്ന് അഡ്വ. ജെബി മേത്തർ എം.പി പറഞ്ഞു. സമരംഭാഷ പഠന നിഷേധങ്ങൾ ക്കെതിരെയുള്ള പൊതു സമൂഹത്തിന്റെ ചെറുത്ത് നിൽപാണ് മജീദ് -റഹ്മാൻ -കുഞ്ഞിപ്പമാരുടെ രക്തസാക്ഷിത്വത്തിലൂടെ നടന്നതെന്നും അവർ പറഞ്ഞു. കേരള അറബിക് മുൻഷീസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ഭാഷാനുസ്മരസമ്മേളനവും അവാർഡ് ദാന ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. സംസ്ഥാന പ്രസിഡന്റ് എ.എ ജാഫർ അധ്യക്ഷത വഹിച്ചു. ഈ വർഷത്തെ മജീദ് റഹ്മാൻ കുഞ്ഞിപ്പ അവാർഡ് എം.എ ഹംസ മാസ്റ്റർക്ക് അൻവർ സാദത്ത് എംഎൽഎ നൽകി. ഭാഷാ സമരത്തിൽ പങ്കാളികളായ മുൻ സംസ്ഥാന ഭാരവാഹികളായ വി.കെ അബ്ദുറഹിമാൻ കുട്ടി, കെ.എം യൂസുഫ്, എം.പി ബാവ എന്നിവരേയും ചടങ്ങിൽ ആദരിച്ചു. മുസ്‌ലിം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് അഡ്വ.ഷിബു മീരാൻ അനുസ്മരണ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി എം തമീമുദ്ദീൻ സ്വാഗതം പറഞ്ഞു. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി സിറാജ് മദനി, കോതമംഗലം ബ്ലോക്കി പഞ്ചായത്ത് മെമ്പർ നിസമോൾ ഇസ്മായിൽ സംസ്ഥാന ഭാരവാഹികളായ ഇ.ഐ മുജീബ്, അനസ് എം അഷറഫ്, നബിൽ എസ്, സംഗീത റോബർട്ട്, എസ് യാസിർ,നാദിർഷ ടി, മുഹമ്മദ് ഷാഫി ആലുവ, പി.എ അബ്ദുൾ നാസർ, പി.എ ഖമറുദ്ദീൻ എന്നിവർ പ്രസംഗിച്ചു.